
# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ



ആഗസ്റ്റ് 2021

സ്വർഗ്ഗാരോപണത്തിരുന്നാളിന്റെയും
സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ



കപ്പാട്
ബനഡിക്‌ടൈൻ
മോണസ്ട്രിയുടെ
ആബട്ടായി
സേവനം ചെയ്തതിനു ശേഷം
സ്ഥാനമൊഴിഞ്ഞ
പെരിയ ബഹുമാനപ്പെട്ട
ജോൺ കുറിച്ചിയാനി OSB യ്ക്ക്
രൂപതാകുടുംബത്തിന്റെ
സ്നേഹാദരവുകൾ



കപ്പാട്
ബനഡിക്‌ടൈൻ
മോണസ്ട്രിയുടെ
പുതിയ ആബട്ടായി
സ്ഥാനമേറ്റ
പെരിയ ബഹുമാനപ്പെട്ട
ക്ലമന്റ് എട്ടാണിയിൽ OSB യ്ക്ക്
രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ



EPARCHY OF KANJIRAPALLY

MY LORD MY GOD

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No. 8

ആഗസ്റ്റ് 2021

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLV No. 8 ആഗസ്റ്റ് 2021


| | | |
|---|---|---|
| തടവറ പ്രേഷിതദിനം - സർക്കുലർ | - | 3 |
| ജസ്റ്റിസ് സൺഡേ - സർക്കുലർ | - | 10 |
| സർക്കുലർ - സിനഡിന്റെ വിജയത്തിനായി | - | 16 |
| സർക്കുലർ | - | 19 |
| ലോകവയോജന ദിനം | - | 25 |
| കച്ചേരിക്കാര്യം | - | 27 |
| അനുസ്മരണം | - | 34 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - | 39 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 46 |
| അജപാലനോത്തേജനവിഭാഗം | - | 47 |
| വിശ്വാസജീവിതപരിശീലനരംഗം | - | 49 |
| ചെറുപുഷ്പ മിഷൻലീഗ് | - | 55 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 60 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 61 |
| കുടുംബപ്രേഷിതത്വം | - | 64 |
| പിതൃവേദി | - | 65 |
| മാതൃവേദി | - | 67 |
| നസ്രാണി റിസേർച്ച് സെന്റർ | - | 68 |
| മേരി മാതാ മൈനർ സെമിനാരി | - | 69 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - | 70 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 72 |
| സന്യസ്തർ | - | 75 |
| കെ.സി.എസ്.എൽ. | - | 83 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 84 |
| കത്തോലിക്കാകോൺഗ്രസ് | - | 87 |
| ഡി.സി.എം.എസ്. | - | 88 |
| ഫ്രാൻസിസ്കൻ അല്മായസഭ | - | 90 |
| വിൻസെൻഷ്യൻ വേദി | - | 92 |
| വിമല പബ്ലിക്കേഷൻസ് | - | 94 |
| Special Care Homes & Charitable institution | - | 95 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 96 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 98 |
| രൂപതാവാർത്തകൾ | - | 100 |
| Bishop's Engagements | - | 104 |

Ref. 3543/K-5/KCBC/OL/DS

# 8 ആഗസ്റ്റ് 2021 ഞായർ
# തടവറ പ്രേഷിതദിനം

## തടവറ പ്രേഷിത ദിനത്തോടനുബന്ധിച്ച് കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു'' (ലൂക്കാ 4:18-19). ഏശയ്യായുടെ പുസ്തകത്തിൽ കാണുന്ന ഈ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത്. തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടുത്തെ കാത്തിരുന്നത്. മഹനീയനായ തടവുകാരൻ ആണ് ഈശോ. പരിശുദ്ധനായ തടവുകാരൻ. അവിടുന്ന് കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. കുറ്റവാളിയായി അവിടുന്ന് മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. നമ്മുടെ നീതീകരണത്തിനായി പാപമില്ലാത്തവനെ ദൈവം പാപമാക്കി (2 കോറി 5:21).

"തടവുകാരോട് നിങ്ങളും അവരോടൊപ്പം തടവറയിലെന്നപോലെ പെരുമാറുവിൻ" (ഹെബ്രാ 13:3) എന്ന ദൈവവചനം

എത്രയധികം അവരെ കരുതുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യണം എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. തടവുകാരുടെ ദയനീയ അവസ്ഥ നാം തിരിച്ചറിയേണ്ടതാണ്. അവർ നേരിടുന്ന അപമാനം, പ്രതീക്ഷയില്ലായ്മ, നിസ്സഹായ മനോഭാവം, മനുഷ്യത്വത്തിന് യോജിക്കാത്ത അവസ്ഥകൾ, അവരുടെ കുടുംബത്തിന്റെ അവസ്ഥ എന്നിവ നമ്മെ അസ്വസ്ഥരാക്കണം. കർത്താവ് ചോദിക്കുന്നു: ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചോ? (cf: മത്താ 25:36). സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടാണ് ഒട്ടുമിക്കവരും കുറ്റകൃത്യങ്ങൾക്ക് അടിമകളായിത്തീർന്നത്. അവർക്കുവേണ്ടിയും അവരുടെ കുടുംബങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാനും അവരെ സഹായിക്കാനും നമുക്ക് കടമയുണ്ട്. സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ഭാരത കത്തോലിക്കാസഭ തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വി. മാക്സ് മില്യൻ മരിയ കോൾബെയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 ന് മുൻപ് വരുന്ന ഞായറാഴ്ച തടവറ പ്രേഷിത ദിനമായി ആഘോഷിക്കുകയാണ്.

കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ നാമെല്ലാവരും ഒരർത്ഥത്തിൽ പരിമിതികളുടെയും ആശങ്കകളുടെയും രോഗങ്ങളുടെയും തടവറയിലാണ്. തടവറയിൽ കഴിയുന്ന സഹോദരങ്ങളെ കാരുണ്യപൂർവ്വം ഓർമ്മിക്കാൻ ഈ നാളുകളിലെ അനുഭവങ്ങൾ നമ്മെ സഹായിക്കുന്നു. 2019 ലെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ഇന്ത്യയിലെ ജയിലുകളിലുള്ള തടവുകാരിൽ എഴുപതു ശതമാനം ആളുകളും വിചാരണ നേരിട്ടുകൊണ്ടിരിക്കുന്നവരും കുറ്റാരോപിതരുമാണ്. മുപ്പതു ശതമാനം പേർ മാത്രമാണ് നിയമത്തിന്റെ മുൻപിൽ കുറ്റക്കാരെന്ന് വിധിക്കപ്പെട്ടിട്ടുള്ളത്. നിരപരാധികളായ അനേകം മനുഷ്യർ ഇന്ന് ജയിലുകളിൽ വിചാരണ നേരിട്ടുകൊണ്ടിരിക്കുന്നു. കുറ്റാരോപിതർ എല്ലാവരും കുറ്റക്കാരാണ് എന്ന സമൂഹത്തിന്റെ മനോഭാവം

അപലപനീയമാണ്. കുറ്റാരോപിതനായി മുംബെയിലെ തലോജ ജയിലിൽ അടയ്ക്കപ്പെട്ട മനുഷ്യാവകാശ പ്രവർത്തകനും ഈശോസഭാംഗവുമായ ഫാ. സ്റ്റാൻ സ്വാമിയുടെ വിയോഗം നമ്മെ ഏറെ ദുഃഖത്തിലാഴ്ത്തി. തടവറയിൽ അടയ്ക്കപ്പെട്ട മനുഷ്യരുടെ ദയനീയാവസ്ഥയെക്കുറിച്ച് ഈ സംഭവം നമ്മെ ഓർമ്മപ്പെടുത്തുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 'എല്ലാവരും സോദരർ' എന്ന തന്റെ ചാക്രികലേഖനത്തിൽ വധശിക്ഷയെക്കുറിച്ച് ഇപ്രകാരം പറയുന്നു: "എല്ലാ ക്രൈസ്തവ വിശ്വാസികളും നന്മ ആഗ്രഹിക്കുന്നവരും നിയമപരവും അല്ലാതെയുമുള്ള എല്ലാത്തരം വധശിക്ഷയും നിരോധിക്കാനുള്ള പ്രവർത്തനങ്ങളിൽ ഇന്ന് സജീവമായി ഏർപ്പെടുകയും, മാത്രമല്ല ജയിൽ സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ശബ്ദമുയർത്തുകയും ചെയ്യുന്നവരാകണം. കാരണം സ്വാതന്ത്ര്യം ഹനിക്കപ്പെട്ട് ജയിൽവാസം അനുഭവിക്കുന്നവർക്ക് മനുഷ്യാന്തസ് നിലനിർത്തുവാനുള്ള അവകാശമുണ്ട്. ഒരു കൊലപാതകിപോലും അവന്റെ മനുഷ്യാന്തസ്സ് നഷ്ടപ്പെടുത്തുന്നില്ല. ഏറ്റവും കൊടിയ കുറ്റവാളിക്കുള്ള അന്തസ് ഞാൻ നിഷേധിക്കാതിരുന്നാൽ ഏതൊരു മനുഷ്യന്റെയും അന്തസിനെ മാനിക്കാൻ എനിക്കും സാധിക്കും. എല്ലാ വ്യത്യാസങ്ങൾക്കും അപ്പുറം എല്ലാ മനുഷ്യർക്കും ഈ ഭൂമിയിൽ സഹവസിക്കാനുള്ള സാധ്യത ഞാൻ അംഗീകരിക്കുകയും ചെയ്യും" (Fratelli tutti : 268 - 269). കുറ്റവാളികൾക്ക് കൊടുക്കുന്ന ശിക്ഷകൾ മനുഷ്യഅന്തസ്സിനെ മാനിക്കുന്നതും മനഃപരിവർത്തനത്തിലേക്കും നന്മയിലേക്കും നയിക്കുന്നതുമാകണമെന്നാണ് പരിശുദ്ധ പിതാവ് ഇവിടെ അർത്ഥമാക്കുന്നത്.

നമ്മുടെ പാപാവസ്ഥയിലേക്ക് ദൈവം ഇറങ്ങിവന്നു. നമ്മൾ നഷ്ടപ്പെട്ടവരായപ്പോൾ ദൈവം താഴേക്കു വന്നു. ദൈവത്തിന്റെ കണ്ണുകളിൽ നമുക്ക് ഒരിക്കലും മൂല്യം നഷ്ടപ്പെടുന്നി

ല്ല, നാം എപ്പോഴും അവിടുത്തെ കാഴ്ചയിൽ വിലപ്പെട്ടവരായി നിലകൊള്ളുന്നു. എന്തെന്നാൽ, ദൈവം അനന്തസ്നേഹമാണ്. അഗ്നിക്ക് ചൂടില്ലാതിരിക്കാൻ കഴിയാത്തതുപോലെ ദൈവത്തിന് സ്നേഹിക്കാതിരിക്കാനും കഴിയില്ല. ഒരുവനും മാനസാന്തരത്തിന് അതീതനല്ല എന്ന ദർശനമാണ് തടവറ പ്രേഷിതത്വം ഉൾക്കൊള്ളുന്നത്. നമ്മുടെ കർത്താവ് 'നല്ലകള്ളന്' പറുദീസ ഉറപ്പുവരുത്തിക്കൊണ്ട് ഒരുവനും രക്ഷയ്ക്ക് അപ്പുറത്തല്ല എന്ന് നമ്മെ പഠിപ്പിക്കുകയും ചെയ്തു. അങ്ങേയറ്റം സുരക്ഷിതത്വമുള്ള തടവറകളുടെ ഭിത്തികൾക്കു പിന്നിൽ കഠിനഹൃദയരായ കുറ്റവാളികൾ പ്രത്യാശയുടെ സന്ദേശവാഹകരായി രൂപാന്തരപ്പെടുന്ന അനുഭവങ്ങളാണ് തടവറപ്രേഷിതപ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നത്. "ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം. നീതിമാൻമാരെയല്ല, പാപികളെ വിളിക്കാനാണ് ഞാൻ വന്നത്" (മർക്കോ 2:17) എന്ന ക്രിസ്തുവചനത്തിന്റെ അർത്ഥം നമുക്ക് ആഴമായി ഗ്രഹിക്കാൻ കഴിയണം. യേശു ഈ ഭൂമിയിലേക്ക് വന്നതിന്റെ ലക്ഷ്യം പാപികളെ വിളിക്കുകയും നഷ്ടപ്പെട്ടവരെ രക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു. കുരിശിൽ കിടന്ന് 'എനിക്ക് ദാഹിക്കുന്നു' എന്ന് വിലപിച്ച ഈശോ ഇന്ന് തടവറകളുടെ ഇരുണ്ടമുറികളിൽ കഴിയുന്ന ആത്മാക്കളുടെ രക്ഷയ്ക്കായി ദാഹിക്കുന്നുണ്ട്.

തടവറകളുടെ പുനരധിവാസത്തിനും രക്ഷയ്ക്കും വേണ്ടി നാം എന്താണ് ചെയ്യേണ്ടത്? ദൈവത്തിന്റെ രക്ഷാകര ദൗത്യത്തിന്റെ ശ്രേഷ്ഠമായ ഈ ജോലിയിൽ ഒരു ഭാഗമായിത്തീരാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മൂന്നുവിധത്തിൽ ശുശ്രൂഷാധർമ്മം നിർവഹിച്ച് നിങ്ങൾക്കത് സാധ്യമാക്കാവുന്നതാണ്.

ഒന്നാമതായി, യേശു സാഹോദര്യ കൂട്ടായ്മ അഥവാ തടവറ പ്രേഷിത ശുശ്രൂഷയുടെ ഉത്ഭവം ദിവ്യകാരുണ്യത്തിൽ നിന്നാണ്. ദിവ്യകാരുണ്യത്തിന്റെ മുന്നിൽ ചെലവഴിച്ച മണിക്കൂറുകൾ

ഈ ശുശ്രൂഷയുടെ വളർച്ചയ്ക്കുള്ള അനുഗൃഹീതമായ നിമിഷങ്ങളാണ്. ഓരോ സന്ദർശനത്തിനും മുൻപ് അംഗങ്ങൾ പ്രാർത്ഥനയിൽ അഭയം പ്രാപിക്കുകയും മധ്യസ്ഥ പ്രാർത്ഥന നടത്തുകയും ഉപവസിക്കുകയും ചെയ്യുന്നു. അടിസ്ഥാനപരമായി തടവറ പ്രേഷിത കൂട്ടായ്മ എന്നത് ഒരു പ്രാർത്ഥനാ സമൂഹമാണ്. ഈ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കുചേർന്ന് നിങ്ങൾക്കും തടവറ പ്രേഷിതരാകാം.

രണ്ടാമതായി നിങ്ങൾക്ക് ജയിലുകളും തടവറ പ്രേഷിത കൂട്ടായ്മയുടെ പുനരധിവാസ കേന്ദ്രങ്ങളും തടവറ മക്കളുടെ കുട്ടികൾക്കു വേണ്ടിയുള്ള ഭവനങ്ങളും സന്ദർശിക്കാം. "എന്റെ കുടുംബം എന്നെ ഉപേക്ഷിച്ചു. സമൂഹം എന്നെ ഒരു കുറ്റവാളിയായി മാത്രം പരിഗണിക്കുന്നു. നിങ്ങൾ എന്നെ സഹായിച്ചില്ലെങ്കിൽ വെറേ ആരെന്നെ സഹായിക്കും. ഞാൻ ജയിൽ വിമുക്തനാകുമ്പോൾ എനിക്ക് ഒരു ജോലി തരാൻ ആരും ധൈര്യപ്പെടുകയില്ല. ദയവായി എനിക്ക് ഒരു ജോലി സംഘടിപ്പിച്ചു തരാമോ? തടവറക്കാർ നടത്തുന്ന ഹൃദയഭേദകമായ ഈ വിലാപം യേശു സാഹോദര്യകൂട്ടായ്മ ശുശ്രൂഷകരുടെ ഹൃദയങ്ങളെ ചലിപ്പിച്ചു. അതിന്റെ ഫലമാണ് 1991-ൽ സ്ഥാപിച്ച സ്നേഹാശ്രമം എന്ന പുനരധിവാസകേന്ദ്രം. ഇന്ന് കേരളത്തിൽ തടവറ പ്രേഷിത കൂട്ടായ്മ ജയിൽ വിമുക്തരായ വ്യക്തികൾക്കും അവരുടെ മക്കൾക്കും വേണ്ടി 10 പുനരധിവാസ കേന്ദ്രങ്ങൾ നടത്തുന്നുണ്ട്.

മൂന്നാമതായി തടവറമക്കളെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി തടവറ പ്രേഷിത കൂട്ടായ്മയെ സാമ്പത്തികമായി സഹായിക്കാൻ നിങ്ങൾക്ക് കഴിയും. ഈ പ്രേഷിത കൂട്ടായ്മയുടെ ഒരു അടിസ്ഥാന തത്വം 'പങ്കുവയ്ക്കലാണ്'. തടവറയിൽ കഴിയുന്നവർക്ക് നല്ല ഭാവി സൃഷ്ടിക്കാനും അവരുടെ കുടുംബങ്ങളെ സമുദ്ധരിക്കാനും നമുക്കൊരുമിച്ച് കൈകോർക്കാം. ആളു

കളെ വ്യക്തിപരമായി കണ്ടുമുട്ടി സുമനസ്സുകളുടെ സഹായ ത്തോടെ പദ്ധതികളും ദർശനങ്ങളും യാഥാർത്ഥ്യമാക്കുന്ന ശൈലിയാണ് യേശുസാഹോദര്യത്തിനുള്ളത്. കർത്താവിന്റെ ഈ ചെറിയവർക്കുവേണ്ടി ആത്മാർത്ഥമായി ഉള്ളതിൽ നിന്ന് പങ്കുവയ്ക്കുമ്പോൾ നാം കർത്താവിനുതന്നെയാണ് നൽകുന്ന തെന്ന കാര്യം മറക്കാതിരിക്കാം.

കേരളത്തിലെ തടവറകളിൽ ജീസസ് ഫ്രട്ടേണിറ്റി നട ത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്ന വിധം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രമായി ഒരു പൊതുഅനുവാദം നൽകിയിട്ടുണ്ട്. കേരളത്തിലെ 32 രൂപതകളിലും ഡയറക്ടർ അച്ചൻമാരുടെ നേതൃത്വത്തിൽ 50-ഓളം യൂണിറ്റുകളിലായി 1000 ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരു ന്നു. നമ്മുടെ എല്ലാ രൂപതകളിൽനിന്ന് കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റിയുടെ യൂണിറ്റുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. വൈദിക വിദ്യാർത്ഥികൾ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷകൾ സ്തുത്യർഹമാണ്. അനേകം അൽമായരും സമർപ്പിതരും വൈദി കരും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദ യപൂർവ്വകമായ അനുമോദനവും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിത ദിനത്തിൽ ഇടവകകളിൽ നിന്ന് ശേഖരിക്കുന്ന പിരി വുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖ പ്രവർത്ത നങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. കോവിഡിന്റെ പശ്ചാ ത്തലത്തിൽ ഈ വർഷവും പല പരിമിതികളുമുണ്ട് എന്നത് വസ്തുതയാണ്. എങ്കിലും സാധിക്കുന്ന വിധമുള്ള സംഭാവന കൾ ഓരോ രൂപതയും പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടു ക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും

ഔദാര്യപൂർണ്ണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണത്തിരുനാളും നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കട്ടെ.

ജീസസ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

ബിഷപ്പ് മാർ ജോസ് പുളിക്കൽ
(ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ് ,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി.,
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി - 682025

---

NB : 2021 ആഗസ്റ്റ് 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

## 2021 ആഗസ്റ്റ് 22 ഞായർ

### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 74 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യമായ നമ്മുടെ മാതൃരാജ്യത്ത് ജാതിയുടേയും മതത്തിന്റേയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദളിതരുടെ അവസ്ഥ മുൻകാലത്തേക്കാൾ വളരെ ദയനീയമാണ്. ജാതിയുടേയോ മതത്തിന്റേയോ വർഗ്ഗത്തിന്റേയോ വർണ്ണത്തിന്റേയോ പേരിൽ ഒരു പൗരനോടും വിവേചനം പാടില്ല എന്ന് ഭരണഘടന അനുശാസിക്കുന്നു. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ ദളിത് ക്രൈസ്തവർക്ക് ഒരു ഇന്ത്യൻ പൗരന് ഭരണഘടനാപരമായി ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിച്ചിരിക്കുകയാണ്. കഴിഞ്ഞ ഏഴ് പതിറ്റാണ്ടായി ഈ വിവേചനം തുടരുകയാണ്. 1950 ആഗസ്റ്റ് 10-ൽ ഇന്ത്യൻ പ്രസിഡന്റ് ഡോ.രാജേന്ദ്ര പ്രസാദ് പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഓർഡറിലൂടെ ക്രിസ്തുമത വിശ്വാസികളായ ദളിതരെ ഒഴിവാക്കി ഹിന്ദുമത വിശ്വാസികളായ ദളിതരെ മാത്രം ഉൾപ്പെടുത്തി പട്ടികജാതി സംവരണം നൽകി. ഈ ദിനം ദളിത് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഒരു "കറുത്ത ദിവസമാണ്". ഇതിൽ പ്രതിഷേധിച്ചു കൊണ്ട് ദളിത് ക്രൈസ്തവർ ആഗസ്റ്റ് 10 പ്രധിഷേധദിനമായിട്ടാണ് ആചരിക്കുന്നത്. 1956-ൽ സിക്കുമതവിശ്വാസികളായ ദളിതർക്കും

1990-ൽ ബുദ്ധമത വിശ്വാസികളായ ദളിതർക്കും പട്ടികജാതി ലിസ്റ്റ് പ്രകാരം സംവരണം നൽകി. എന്നാൽ ക്രിസ്ത്യൻ/മുസ്ലീം മത വിശ്വാസികളായ ദളിതർക്ക് മാത്രം ഇതുവരെയും പട്ടികജാതി ലിസ്റ്റ് പ്രകാരമുള്ള സംവരണം നൽകിയിട്ടില്ല. ഇത് ഭരണഘടനാ വിരുദ്ധവും മനുഷ്യാവകാശ ലംഘനവുമാണ്.

''നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ (മത്തായി5:6)"എന്നാണല്ലോ ഈശോ അരുൾ ചെയ്തിട്ടുള്ളത്. അന്യായമായി നീതി നിഷേധിക്കപ്പെട്ട ദളിത് ക്രൈസ്തവ സമൂഹത്തോട് ഐക്യദാർഢ്യപ്പെട്ട് അവർക്ക് അർഹമായ നീതി ലഭിക്കുന്നതിനുവേണ്ടി സഭ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യദിനം കഴിഞ്ഞുവരുന്ന ഞായർ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആയി ആചരിച്ചു കൊണ്ട് ദൈവതിരുസന്നിധിയിൽ പ്രാർത്ഥിക്കുകയും ഒപ്പം ദളിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള പരിശ്രമങ്ങളിൽ പങ്കുചേരുകയും ചെയ്യാം.

മതം മാറിയതുകൊണ്ടുമാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തു മതം സ്വീകരിച്ച ദളിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരു ടേതിൽ നിന്ന് വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദളിത് പീഡനങ്ങളും വിവേചനപരമായനടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദളിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണേൽക്കുന്നത്. ഭരണ ഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ

പരിരക്ഷയുമില്ല. കേരളത്തിൽ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ ഇടപെടലുകൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

ദളിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിൽ അവസര സമത്വവും പ്രത്യേക പരഗണനയും ആവശ്യമാണ്. 2020 ജൂലൈ 20-ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് “ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം” എന്നാണ്. ഭാരതത്തിലെ സഭാസംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദളിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

എല്ലാ പൗരന്മാർക്കും സ്ഥിതിസമത്വവും തുല്യനീതിയും ഉറപ്പുവരുത്തുന്ന മഹത്തായ ഭരണഘടനയുള്ള മതേതര ജനാധിപത്യ രാഷ്ട്രമാണല്ലോ ഭാരതം. എങ്കിലും ജാതി വ്യവസ്ഥയുടെ കടുത്ത വിവേചനവും കൊടിയ അനീതിയും ഇന്നും ഇവിടെ നിലനിൽക്കുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഭരണഘടന തന്നെ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് സംവരണം. പട്ടിക വിഭാഗക്കാർക്കെല്ലാം ഒരുപോലെ സംവരണത്തിന്റെ പരിരക്ഷ നൽകപ്പെട്ടിരിക്കുന്നു.

എന്നാൽ ക്രിസ്ത്യാനികളായ ദളിതർക്ക് ഇന്നു തുല്യനീതി നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇതിനെതിരേ മുറവിളി തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. വിഷയം പഠിക്കാനായി നിയമിക്കപ്പെട്ട കമ്മീഷനുകൾ ദളിത്ക്രൈസ്തവർക്ക് അനുകൂലമായ റിപ്പോർട്ടുകളാണ് നൽകിയിട്ടുള്ളത്. എങ്കിലും അർഹമായ പരിഗണന നൽകാൻ മാറി മാറി വന്ന സർക്കാരുകളൊന്നും തയ്യാറായിട്ടില്ല. ഈ കടുത്ത അനീതിക്കെതിരെ സുപ്രീം കോടതിയിൽ കേസ് 2004 മുതൽ നടന്നുവരുന്നു.ഈ കേസിന്റെ അനുകൂല വിധിക്കായി എല്ലാവരും പ്രാർത്ഥിക്കണം.

ദളിത് ക്രൈസ്ത വിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുതലുള്ള ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരു സംവരണവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി കോട്ടായിലും, മാനേജ്മെന്റ് കോട്ടായിലും, അഡ്മിഷൻ കിട്ടി എയിഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവും സർക്കാർ ഇറക്കിയിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റുമെട്രിക് സ്കോളർഷിപ്പുകൾ 2011 ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും കൊടുക്കുവാനുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തു വർഷമായി ഒഇസി വിഭാഗത്തിൽപ്പെട്ട ദളിത് ക്രൈസ്ത കുട്ടികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽ നിന്നും സ്റ്റൈഫന്റ്, ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ

ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. ഈ നടപടികൾക്കെതിരെ പ്രതികരിക്കാൻ ദളിത് ക്രൈസ്തവർ മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാരപങ്കാളിത്തത്തിനും ഭരണ ഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. ഇതിനെതിരെ പ്രതികരിക്കാൻ ആഗസ്റ്റ് 10 പ്രധിഷേധദിനമായും ആഗസ്റ്റ് 22 ജസ്റ്റിസ് സൺഡേ പ്രാർത്ഥനാദിനമായും ആചരിക്കാം. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദലിത് കത്തോലിക്കാ മഹാജന സഭ (DCMS) വഴിയാണ് കേരള കത്തോലിക്കാ സഭയുടെ ദളിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടക്കുന്നതിന് ഏവരുടെയും സഹകരണം ആവശ്യമാണ്. ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് ആൻഡ് സ ്കിൽ ട്രെയിനിങ് പ്രോഗ്രാം (TSDTP) കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി, +2, ഡിഗ്രി ക്ലാസ്സ് കഴിഞ്ഞവർക്കുള്ള പി.എസ്.സി കോച്ചിങ്, എസ്.എസ്.എൽ.സി കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിങ് ക്ലാസ്സുകൾ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. കഴിഞ്ഞ അധ്യയനവർഷം (2020-2021) എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, പിജി തുടങ്ങിയ പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിച്ചവർക്കുള്ള

സ്കോളർഷിപ്പും നൽകുന്നതാണ്. ദളിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റീസ് സൺഡേയോടനുബന്ധിച്ച് നടത്താറുള്ള സംഭാവന ഇടവകകളിൽ നിന്നും ശേഖരിച്ച് രൂപതാ കേന്ദ്രങ്ങൾ വഴി  കെസിബിസി SC/ST/BC കമ്മീഷന്റെ പേർക്ക് അയച്ചു തരേണ്ടതാണ്. ഇക്കാര്യങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

ബിഷപ്പ്  ജേക്കബ് മുരിക്കൻ
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

ബിഷപ്പ് യൂഹനോൻ മാർ തിയഡോഷ്യസ്
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി,
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682025

---

NB: ഈ സർക്കുലർ ആഗസ്റ്റ് 22-ാം തീയതി ഞായറാഴ്ച വി.കുർബാന മദ്ധ്യേ പള്ളിയിൽ വായിക്കേണ്ടതാണ്.

Prot. No. 0793/2021

# സർക്കുലർ

## സിനഡിന്റെ വിജയത്തിനായി പ്രാർത്ഥനാമാസം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ 29-ാം സിനഡിന്റെ രണ്ടാം സമ്മേളനം 2021 ഓഗസ്റ്റ് 16 മുതൽ 27 വരെ തീയതികളിൽ ഓൺലൈനായി നടക്കുകയാണ്. കേരളത്തിലെ 13 രൂപതകളിലെയും കേരളത്തിനു പുറത്ത് ഇന്ത്യയിലുള്ള 18 രൂപതകളിലെയും ഇന്ത്യയ്ക്കു വെളിയിലുള്ള 4 രൂപതകളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലെയും 46 മെത്രാന്മാരും റിട്ടയർ ചെയ്ത 16 മെത്രാന്മാരും ഉൾപ്പെടെ 62 പേരാണ് സിനഡിൽ സംബന്ധിക്കുന്നത്.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020 ഓഗസ്റ്റിലും 2021 ജനുവരിയിലും ഓൺലൈനായിട്ടാണു സിനഡുസമ്മേളനങ്ങൾ നടന്നത്. കോവിഡ് പകർച്ചവ്യാധി മൂലമുള്ള യാത്രാനിയന്ത്രണങ്ങൾ കർശനമായി തുടരുന്നതിനാലാണ് ഇത്തവണയും സിനഡ് ഓൺലൈനായി നടത്താൻ തീരുമാനമായിരിക്കുന്നത്.

നമ്മുടെ സഭയുടെ നവീകരിക്കപ്പെട്ട കുർബാനക്രമത്തിനു പരിശുദ്ധ സിംഹാസനം അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ കുർബാനക്രമം നടപ്പിൽ വരുന്നതോടൊപ്പം

നമ്മുടെ എല്ലാ രൂപതകളിലും സമർപ്പിത ഭവനങ്ങളിലും ഒരേ രീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കണമെന്നു 2021 ജൂലൈ 3-ന് പുറപ്പെടുവിച്ച തിരുവെഴുത്തിലൂടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ പ്രത്യേകമായ ആഹ്വാനം നൽകിയിട്ടുണ്ടല്ലോ. പരിശുദ്ധ പിതാവിന്റെ ഈ ആഹ്വാനം നടപ്പിൽ വരുത്തുന്നതിനുള്ള തീയതി ആഗസ്റ്റ് മാസത്തിലെ സിനഡിൽ തീരുമാനിക്കുന്നതാണ്. നമ്മുടെ സഭയിൽ എല്ലാ തലങ്ങളിലും പൂർണ്ണമായ ഐക്യം കൈവരുന്നതിനും സഭ യുടെ പ്രേഷിത ചൈതന്യം പരിപോഷിപ്പിക്കുന്നതിനും ഉപ യുക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് എല്ലാവരു ടെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

അതിനായി, 2021 ജൂലൈ മാസം 27 മുതൽ സിനഡു സമാപിക്കുന്ന ഓഗസ്റ്റ് 27 വരെ നീണ്ടുനില്ക്കുന്ന ഒരു മാസത്തെ പ്രാർത്ഥനാചരണത്തിനായി ഏവരെയും ആഹ്വാനം ചെയ്യുന്നു. ഈ ഒരു മാസത്തിലെ വെള്ളിയാഴ്ച കളിൽ സാധിക്കുന്നവരെല്ലാം ഉപവാസമെടുക്കുന്നതും ഉചി തമായിരിക്കും.

സീറോ മലബാർ സഭയ്ക്കു പ്രത്യേകമായി എഴുതിയ കത്തിൽ തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു പരിശുദ്ധ പിതാവ് അഭ്യർത്ഥിച്ചിരുന്നല്ലോ. അടുത്തകാലത്ത് ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായ പരിശുദ്ധ പിതാവ് എത്രയും വേഗം ആരോഗ്യം പൂർണമായും വീണ്ടെടുക്കു ന്നതിനും സാർവ്വത്രികസഭയിലെ നേതൃത്വ ശുശ്രൂഷ ഫല

പ്രദമായി തുടർന്നും നിർവഹിക്കുന്നതിനും വേണ്ടി നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം.

പരിശുദ്ധ കന്യകാമറിയത്തിന്റെയും വി. യൗസേപ്പിതാവിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും പ്രാർത്ഥനയാൽ നമ്മുടെ സഭ മുഴുവനിലും പ്രത്യേകിച്ചു സിനഡു സമ്മേളനത്തിലും ദൈവത്തിന്റെ കാരുണ്യവും അനുഗ്രഹവും വർഷിക്കപ്പെടാൻ ഇടയാകട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം

കർദ്ദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

NB : ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2021 ജൂലൈ 25-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

Ref. 3540/K-5/KCBC/OL/DS

# സർക്കുലർ

**കേരള സർക്കാരിന്റെ 2019-ലെ കർഷക ക്ഷേമനിധി ആക്ടിനാൽ സ്ഥാപിതമായ കർഷക ക്ഷേമനിധി ബോർഡിൽ അർഹരായ ചെറുകിട-നാമമാത്ര കർഷകർക്ക് അംഗത്വം നേടുന്നതിന് സഹായകരമായ വിവരങ്ങൾ ജനങ്ങൾക്ക് നല്കുന്നതിനുവേണ്ടി കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡവലപ്പ്മെന്റ് കമ്മീഷൻ, ലേബർ കമ്മീഷൻ, ഇൻഫാം എന്നിവയുടെ ചെയർമാന്മാർ ചേർന്ന് പുറപ്പെടുവിക്കുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കാർഷികവൃത്തിയെ വളരെ ഉത്കൃഷ്ടമായ ഒരു ഉപജീവനമാർഗ്ഗമായി പരിഗണിക്കുന്നതും അന്നം നല്കുന്ന കർഷകനെ ആദരിക്കുന്നതുമാണ് കേരള സംസ്കാരം. എന്നാൽ കർഷകജനതയുടെ നിലനില്പും സുരക്ഷയും പലകാരണങ്ങളാൽ ഭീഷണിയിലാണ്. ആപത്കരമായ ഈ പ്രവണതയ്ക്ക് മാറ്റം ഉണ്ടാകണം. ലോകമാസകലം ചർച്ചയ്ക്ക് വിഷയീഭവിപ്പിച്ച ഫ്രാൻസിസ് മാർപാപ്പായുടെ അതിമനോഹരമായ ചാക്രികലേഖനം 'ലൗദാത്തോസി'യുടെ അഞ്ചാം വർഷത്തിൽ കേരളസഭയും കാർഷിക ആഭിമുഖ്യത്തിൽ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നേറാൻ ആഗ്രഹിക്കുന്നു. കൃഷിയെ സഭയുടെ ഒരു പ്രേഷിത പ്രവർത്തനമായി കാണണം. കർഷകന് അർഹമായ അവകാശങ്ങളും ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും ലഭിക്കുന്നുവെന്ന് സർക്കാരും സമൂഹവും ഉറപ്പാക്കണം. അതിനുതകുന്ന ഒരു അവസരമായാണ് കേരള സർക്കാരിന്റെ പുതിയ കർഷക ക്ഷേമനിധി ബോർഡിനെ സഭ കാണുന്നത്.

കേരള സംസ്ഥാനത്ത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ്

ആനുകൂല്യങ്ങളും നല്കുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും വ്യവസ്ഥ ചെയ്യുന്ന ഒരു ആക്ടിന്റെ അടിസ്ഥാനത്തിൽ കർഷക ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന കർഷക പെൻഷൻ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് 60 വയസ്സിനു ശേഷം പ്രതിമാസം ചുരുങ്ങിയത് 5000/- രൂപാ പെൻഷൻ നല്കുവാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. അഞ്ച് വർഷത്തിൽ കുറയാതെ അംശാദായം അടച്ചവർക്ക് 60 വയസ് തികയുമ്പോൾ അംശാദായത്തിന്റെയും വർഷത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പെൻഷൻ. ക്ഷേമനിധി ബോർഡിൽ അംഗത്വപ്രക്രിയ പൂർണ്ണമായാൽ കർഷകർക്ക് സർക്കാർ ഇപ്പോൾ നല്കുന്ന പ്രതിമാസ കർഷക പെൻഷൻ ഈ ബോർഡ് വഴിയാകും വിതരണം ചെയ്യുക. തൃശ്ശൂർ ആസ്ഥാനമായി കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. (ഫോൺ നമ്പർ : 0487 -2320500). കർഷകർക്കെല്ലാം വളരെ ആശ്വാസവും ആവേശവും പകരുന്ന പദ്ധതിയാകും ഇതെന്ന് കരുതുന്നു.

കേരള സർക്കാർ 2019 ഡിസംബർ 20-ന് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ചില കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ് (www.kfwfb.kerala.gov.in).

**1) ആരാണ് കർഷകൻ ?**

സ്വന്തമായോ വാക്കാൽ പാട്ടത്തിനോ സർക്കാർ പാട്ടഭൂമിയിലോ കൃഷി ചെയ്യുന്നവർ. അഞ്ച് സെന്റ് മുതൽ 15 ഏക്കർ വരെയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർ. എന്നാൽ റബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ കാര്യത്തിൽ പരിധി ഏഴര ഏക്കറാണ്. കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർ. പ്രതിവർഷം അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത

വരുമാനമുള്ളവർ. മൂന്നു വർഷത്തിൽ കുറയാതെ കൃഷി ചെയ്യുന്നവർ. ഇവർക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകാം.

**2) ഏതെല്ലാം കൃഷികൾ?**

നെൽകൃഷി, ഉദ്യാനകൃഷി, കന്നുകാലി വളർത്തൽ (ക്ഷീരകർഷകർ), ഫലവൃക്ഷങ്ങൾ, പച്ചക്കറി, വാഴ, ഇഞ്ചി, കപ്പ അടക്കമുള്ള കിഴങ്ങുവർഗ്ഗങ്ങൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ, തീറ്റപ്പുല്ല് കൃഷി ചെയ്യുന്നവർ, വൃക്ഷങ്ങൾ നട്ടുവളർത്തൽ, മത്സ്യം, അലങ്കാര മത്സ്യം, ചിപ്പി, കക്ക, തേനീച്ച, പട്ടുനൂൽ പുഴു, കോഴി, താറാവ്, ആട് കൃഷി ഉൾപ്പെടെ എല്ലാം.

**3) ആർക്കെല്ലാം അംഗത്വം?**

18 മുതൽ 55 വരെ വയസ്സുള്ള ഏതൊരു കർഷകനും അംഗമായി രജിസ്റ്റർ ചെയ്യാം. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് നൂറു രൂപ അടയ്ക്കണം. ഇതിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി പ്രതിമാസം പരമാവധി 250/- രൂപ സർക്കാർ വിഹിതമായി വരും. അർധ വാർഷികമായോ വർഷത്തിൽ ഒരിക്കലോ സൗകര്യം പോലെ അടയ്ക്കാം. കൂടുതൽ തുകയും അടയ്ക്കാവുന്നതാണ്. കർഷകർക്ക് സ്മാർട്ട് ഫോണിലൂടെയോ കമ്പ്യൂട്ടർ വഴിയോ നേരിട്ട് ഓൺലൈനായി രജിസ്റ്റർ ചെയ്യുവാനും വിഹിതം അടയ്ക്കുവാനും വിവരങ്ങൾ അറിയുവാനുമുള്ള പോർട്ടൽ സംവിധാനവും ഉണ്ടാകും. അക്ഷയ കേന്ദ്രങ്ങളിലും സേവനം ലഭ്യമാകും.

**4) അംഗമാകുവാൻ ആവശ്യമായ രേഖകൾ എന്തെല്ലാം?**

a) കർഷകരാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം

- ക്ഷീര കർഷകരാണെങ്കിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
- ആട്, കോഴി, താറാവ് എന്നീ കർഷകർ വെറ്ററിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.

- മത്സ്യകൃഷി നടത്തുന്നവർ ഫിഷറീസ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
- മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.

b) അഞ്ച് ലക്ഷത്തിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

c) ആധാർ പകർപ്പ്

d) വയസ് തെളിയിക്കുന്നതിന് രേഖയായി ഐഡൻഡിറ്റി കാർഡ്/ എസ്.എസ്.എൽ.സി. ബുക്ക് കോപ്പി

e) കരം അടച്ച രസീത്

f) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ

g) രജിസ്ട്രേഷൻ ഫീസ് 100/- രൂപ

**5) അംഗത്വ കാർഡ്**

വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ ആവശ്യമായ പരിശോധന നടത്തി വിവരങ്ങൾ ശരിയാണെന്നു കണ്ടെത്തിക്കഴിഞ്ഞാൽ അംഗത്വം ലഭിക്കുന്നവർക്ക് അംഗത്വ കാർഡ് നൽകും.

**6) ആനുകൂല്യങ്ങൾ**

a) ക്ഷേമനിധിയിൽ കുടിശ്ശികയില്ലാതെ അംഗമായി തുടരുകയും 60 വയസ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് അടച്ച അംശാദായത്തിന് ആനുപാതികമായി പെൻഷൻ ലഭിക്കും. എങ്കിലും കുറഞ്ഞ പെൻഷൻ മാസം തോറും 5000 രൂപയെങ്കിലും ആയിരിക്കും. (ഭാവിയിൽ അതു വർധിക്കും).

b) അംഗമാകുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ

c) മക്കളുടെ വിദ്യാഭ്യാസ സഹായം

d) അംഗങ്ങളായ വനിതകളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹസഹായം

e) അംഗങ്ങളായ വനിതകളുടെ പ്രസവത്തിന് രണ്ടു തവണ ആനുകൂല്യം ലഭിക്കും.

f) ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാശാലകളിലെ പഠനത്തിന് വിദ്യാഭ്യാസ ധനസഹായവും ഈ പദ്ധതി ഉറപ്പാക്കുന്നു.

g) കുറഞ്ഞത് അഞ്ചുവർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്ന അംഗത്തിന്റെ കുടുംബത്തിന് കുടുംബപെൻഷൻ ലഭിക്കുമെന്നത് കർഷക കുടുംബങ്ങൾക്ക് വളരെയേറെ ആശ്വാസം നൽകുന്നതാണ്.

h) പെൻഷൻ തീയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്ക് 60 വയസ്സുവരെ പ്രതിമാസം പെൻഷൻ ലഭിക്കും.

i) രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉണ്ടാകുന്നവർക്ക് അവശത ആനുകൂല്യം ലഭിക്കും. ബോർഡ് തീരുമാനിക്കുന്ന ലൈഫ് ഇൻഷ്വറൻസ്, മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷയിൽ ചേരുന്ന അംഗങ്ങൾക്ക് ചികിത്സാ സഹായവും ലഭിക്കും.

പ്രിയ സഹോദരങ്ങളേ,

കർഷക ക്ഷേമനിധി ബോർഡിൽ നാമമാത്ര- ചെറുകിട കർഷകർക്ക് അംഗത്വം ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സഭാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. സംസ്ഥാന തലത്തിൽ കേരള സോഷ്യൽ സർവ്വീസ് ഫോറം, കേരള ലേബർ മൂവ്മെന്റ്, ഇൻഫാം എന്നീ പ്രസ്ഥാനങ്ങൾ ചേർന്ന് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും ചെറുകിട കർഷകരെ

ഈ ക്ഷേമനിധി ബോർഡിൽ അംഗത്വം നേടുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ നടപടികൾ ചെയ്തു കൊടുക്കുന്നതിന് രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി, കെ.എൽ.എം., ഇൻഫാം എന്നിവയുടെ ആഭിമുഖ്യത്തിൽ ആവശ്യാനുസരണം ഹെൽപ്പ് ഡെസ്ക്കുകൾ രൂപീകരിച്ച് പ്രവർത്തിക്കുക.

എത്രപേർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം നേടിക്കൊടുത്തുവെന്ന് സംസ്ഥാന തലത്തിലേക്ക് റിപ്പോർട്ട് ചെയ്യുക.

പ്രതികൂലമായ കാലാവസ്ഥ, വന്യജീവി ശല്യം, വിലത്തകർച്ച എന്നിവ അതിജീവിച്ച് കാർഷിക വൃത്തിയനുഷ്ഠിച്ച് സമൂഹത്തെ തീറ്റിപ്പോറ്റുന്ന കർഷക ജനതയ്ക്ക് സാധ്യമായ സാമൂഹ്യസുരക്ഷ ഏർപ്പെടുത്തുന്നതിന് നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

യേശുക്രിസ്തുവിൽ സ്നേഹപൂർവ്വം

ബിഷപ് മാർ ജോസ് പുളിക്കൽ
ചെയർമാൻ, ജെ.പി.ഡി. കമ്മീഷൻ

ബിഷപ് ഡോ. അലക്സ് വടക്കുംതല
ലേബർ കമ്മീഷൻ

ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

പി.ഒ.സി.,
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി - 682025

# ലോകവയോജന ദിനം

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ,

ജൂലൈ മാസം നാലാമത്തെ ഞായറാഴ്ച വല്യപ്പച്ചന്മാരുടെയും വല്യമ്മച്ചിമാരുടെയും വയോജനങ്ങളുടെയും ദിവസമായി (World day for Grandparents and the Elderly) പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ഈശോയുടെ വല്യപ്പച്ചനും വല്യമ്മച്ചിയുമായ വിശുദ്ധ യോവാക്കിമിന്റെയും വിശുദ്ധ അന്നയുടെയും തിരുനാളിനോട് (ജൂലൈ - 26) ചേർന്നുവരുന്ന ഞായറാഴ്ചയാണ് ഈ ദിനാചരണം നടക്കുക. 2021 ജൂലൈ 25-ന് ആദ്യമായി ഈ ദിനം ആചരിക്കുകയാണ്.

അതാത് സ്ഥലങ്ങളിലെ കോവിഡ് സാഹചര്യങ്ങൾ പരിഗണിച്ചും മാനദണ്ഡങ്ങൾ പാലിച്ചും താഴെപ്പറയുന്ന കാര്യങ്ങൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

1. ജൂലൈ 25 ഞായറാഴ്ചയിലെ പരിശുദ്ധ കുർബാന വല്യപ്പച്ചന്മാർക്കും വല്യമ്മച്ചിമാർക്കും വയോധികർക്കും വേണ്ടി അർപ്പിക്കുക. ആവശ്യമെങ്കിൽ ഒന്നിലേറെ പരിശുദ്ധ കുർബാന അവർക്കുവേണ്ടി അർപ്പിക്കുകയും കുമ്പസാരത്തിനുള്ള സൗകര്യമൊരുക്കുകയും ചെയ്യുക.
2. പ്രായാധിക്യം ഉള്ളവർക്കായി വീടുകളിലെത്തി കുമ്പസാരവും പരിശുദ്ധ കുർബ്ബാനയും നൽകുക.

3. കുട്ടികൾ/ യുവജനങ്ങൾ/ അമ്മമാർ/ പിതാക്കന്മാർ ഇടവകയിലെ വീടുകളിൽ ചെന്ന് വല്യപ്പച്ചൻമാരെയും വല്യമ്മച്ചിമാരെയും വയോധികരെയും സന്ദർശിച്ച് ചെറിയ സമ്മാനങ്ങളും ഈ ദിവസത്തിന്റെ ആശംസകളും കൈമാറുക.

4. SMYM / CML നേതൃത്വത്തിൽ ഈ ദിവസത്തിന്റെ സന്ദേശം പങ്കുവയ്ക്കുന്ന ചെറിയ വീഡിയോകൾ വല്യപ്പച്ചൻമാരെയും വല്യമ്മച്ചിമാരെയും വയോധികരെയും ഉൾപ്പെടുത്തി തയ്യാറാക്കുക.

മുകളിൽ നൽകിയിരിക്കുന്ന നിർദേശങ്ങൾ പരിഗണിച്ചുകൊണ്ട് നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും ഈ ദിനം സമുചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു.

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

# കച്ചേരിക്കാര്യം

**1. പതിനഞ്ചുനോമ്പും സ്വർഗ്ഗാരോപണത്തിരുന്നാളും**

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെ ഒരുക്കമായി 15 നോമ്പ് സവിശേഷമാംവിധം അനുഷ്ഠിക്കുവാൻ രൂപതാംഗങ്ങൾ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

**2. ജീസസ് ഫ്രട്ടേണിറ്റി ഞായർ - ആഗസ്റ്റ് 8**

കെ.സി.ബി.സി.യുടെ നിർദ്ദേശപ്രകാരം തടവറ പ്രേഷിത ഞായറായി ആഗസ്റ്റ് 8-ാം തീയതി ആചരിക്കേണ്ടതാണ്. അന്നത്തെ വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച തടവറപ്രേഷിത പ്രവർത്തനത്തിനുവേണ്ടി ആഗസ്റ്റ് 15-ാം തീയതിക്കകം രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**3. ജസ്റ്റീസ് സൺഡേ - ആഗസ്റ്റ് 22**

ആഗസ്റ്റ് 22 ജസ്റ്റീസ് സൺഡേ ആയി ആചരിക്കുന്നു. അന്നു വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച കെ.സി.ബി.സി., എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷന്റെ പേരിൽ അയച്ചു കൊടുക്കുന്നതിനായി ആഗസ്റ്റ് 31-ാം തീയതിക്കകം രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

## 4. Appointments

## Rev. Frs.

| | | |
|---|---|---|
| Thekkekuttu Antony | - | CML Forane Director, Kumily |
| Marutholil Joseph | - | CML Forane Director, Ranni |
| Pannalakunnel Joseph | - | CML Forane Director, Ponkunnam |
| Chirackal Varghese | - | SMYM Forane Director, Velichiyani |

| | | |
|---|---|---|
| Mathiyathu John | - | SMYM Forane Director, Ponkunnam |
| Pattrakalayil Thomas | - | SMYM Forane Director, Anakkara |

## Relieved

**Rev. Frs.**

| | | |
|---|---|---|
| Kaniamnadackal Varghese | - | CML Forane Director, Kumily |
| Parackal Varghese | - | CML Forane Director, Ranni |
| Kuzhikkattu Mathew | - | CML Forane Director, Ponkunnam |
| Keeranchira Karlos | - | SMYM Forane Director, Velichiyani |
| Mattathil Scaria | - | SMYM Forane Director, Ponkunnam |
| Ananthakattu George | - | SMYM Forane Director, Anakkara |

### 5. പള്ളിയുടെ ആദായനികുതി റിട്ടേൺസ്

നമ്മുടെ രൂപതയിലെ ഇടവകപ്പള്ളികളുടെ Income Tax Returns തയ്യാറാക്കുന്നതിനു വേണ്ടിയുള്ള ഓഡിറ്റിംഗ് 2021 ആഗസ്റ്റ് 24 മുതൽ സെപ്റ്റംബർ 3 വരെയുള്ള തീയതികളിൽ നടത്തുന്നതാണ്. കോവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ സാമൂഹിക അകലം, മാസ്ക്, സാനിറ്റൈസർ ഉപയോഗം മുതലായ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതുണ്ട്. ഓരോ പള്ളിയിലെയും കൈക്കാരനും കണക്കനും എത്തേണ്ട സ്ഥലവും സമയക്രമവും താഴെ ചേർക്കുന്നു. ആൾക്കൂട്ടം ഇല്ലാതെ അവരവരുടെ സമയക്രമം പാലിച്ച് കൃത്യസമയത്ത് ആവശ്യമുള്ള രേഖകൾ സഹിതം എത്തിച്ചേരണമെന്ന് താത്പര്യപ്പെടുന്നു.

**എരുമേലി അസംപ്ഷൻ ഫൊറോനാപള്ളി**

**എരുമേലി ഫൊറോനായിൽപ്പെട്ട പള്ളികൾ**

**24-08-2021 ചൊവ്വ 9.30 a.m.**

എരുത്വാപ്പുഴ, എലിവാലിക്കര, കണമല, കണ്ണിമല, കൊല്ലമുള

**24-08-2021 ചൊവ്വ 10.30 a.m.**

കുറുമ്പൻമൂഴി, മണിപ്പുഴ, മുക്കൂട്ടുതറ, നിരവ്, പാണപിലാവ്

**24-08-2021 ചൊവ്വ 11.30 a.m.**

ഏയ്ഞ്ചൽവാലി, പഴയകൊരട്ടി, നിലയ്ക്കൽ തുലാപ്പള്ളി, ഉമിക്കുപ്പ, വെച്ചൂച്ചിറ, അറയാഞ്ഞിലിമണ്ണ്, എരുമേലി

**റാന്നി സിറ്റാഡൽ സ്കൂൾ :**

**റാന്നി പത്തനംതിട്ട ഫൊറോനായിൽപ്പെട്ട പള്ളികൾ**

**25-08-2021 ബുധൻ 9.30 a.m.**

പത്തനംതിട്ട, സീതത്തോട്, കോഴഞ്ചേരി, കോന്നി, ചീങ്കൽത്തടം

**25-08-2021 ബുധൻ 10.30 a.m.**

മീൻകുഴി, പേഴുംപാറ, കൂത്താട്ടുകുളം (ചിറ്റാർ) , വകയാർ, പ്ലാച്ചേരി

**25-08-2021 ബുധൻ 11.30 a.m.**

ഇടമൺ, ചെമ്പനോലി, കണ്ണംപള്ളി, പെരുന്തേനരുവി, പെരുനാട്, ബെഥനിഹിൽസ് , റാന്നി.

**കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ**

**കാഞ്ഞിരപ്പള്ളി, പൊൻകുന്നം ഫൊറോനാകളിൽപെട്ട പള്ളികൾ**

**26-08-2021 വ്യാഴം 9.30 a.m.**

ആനിക്കാട്, ചാമംപതാൽ, ചെന്നാക്കുന്ന്, ചെങ്കൽ , ചെങ്ങളം, ഇളങ്ങുളം

**26-08-2021 വ്യാഴം 10.30 a.m.**

ഇളങ്ങോയി, എലിക്കുളം, നെയ്യാട്ടുശ്ശേരി, പടനിലം, വഞ്ചിമല, തച്ചപ്പുഴ

**26-08-2021 വ്യാഴം 11.30 a.m.**

പുല്ലാനിത്തകിടി, പൊൻകുന്നം, ആനക്കല്ല്, അഞ്ചിലിപ്പ, ചെറുവള്ളി, കപ്പാട്

**26-08-2021 വ്യാഴം 1.30 p.m.**

കരിക്കാട്ടൂർ, കൂവപ്പള്ളി, കുന്നുംഭാഗം, പുത്തൻകൊരട്ടി, പഴയിടം, തമ്പലക്കാട്

**26-08-2021 വ്യാഴം 2.30 p.m.**

താമരക്കുന്ന്, തരകനാട്ടുകുന്ന്, കാളകെട്ടി, മാന്തറ, ഉളുപ്പൂണി

## മുണ്ടക്കയം ഫൊറോനാ ചർച്ച്
## മുണ്ടക്കയം, വെളിച്ചിയാനി, പെരുവന്താനം
## ഫൊറോനാകളിൽപെട്ട പള്ളികൾ

**27-08-2021 വെള്ളി 9.30 a.m.**

അമലഗിരി, നല്ലതണ്ണി, കണയങ്കവയൽ, പുറക്കയം, ചെറുവള്ളിക്കുളം, മുറിഞ്ഞപുഴ

**27-08-2021 വെള്ളി 10.30 a.m.**

പീരുമേട്, കുട്ടിക്കാനം, ഏലപ്പാറ, മേലോരം, അഴങ്ങാട്, പെരുവന്താനം

**27-08-2021 വെള്ളി 11.30 a.m.**

വെളിച്ചിയാനി, ഇടക്കുന്നം, ഇഞ്ചിയാനി, കാരികുളം, പാലമ്പ്ര ഗത്സമേൻ, പൊടിമറ്റം

**27-08-2021 വെള്ളി 1.30 p.m.**

പൂമറ്റം, ജോൺ പോൾ II മുണ്ടക്കയം, മാങ്ങാപ്പാറ, പാലപ്ര വിമലമാതാ, കോരുത്തോട്, മടുക്ക, മാങ്ങാപ്പേട്ട

**27-08-2021 വെള്ളി 2.30 p.m.**

മുളങ്കുന്ന്, നിർമ്മലഗിരി, പാലൂർക്കാവ്, പുഞ്ചവയൽ, വടക്കേമല, വണ്ടൻപതാൽ

**27-08-2021 വെള്ളി 3.30 p.m.**

തെക്കേമല, മുക്കുളം, ഏന്തയാർ, മുണ്ടക്കയം OLD ഫൊറോന

## അണക്കര പി.എ.സി.
## അണക്കര, കുമളി ഫൊറോനാകളിൽപെട്ട പള്ളികൾ

**02-09-2021 വ്യാഴം 9.30 a.m.**

കുമളി, അമരാവതി, ആനവിലാസം, കീരിക്കര, മ്ലാമല

**02-09-2021 വ്യാഴം 10.30 a.m.**

നസ്രാണിപുരം, പെരിയാർ വള്ളക്കടവ്, ശാന്തിഗിരി, വെള്ളാരംകുന്ന്, വാളാർഡി

**02-09-2021 വ്യാഴം 11.30 a.m.**

ചക്കുപള്ളം, ചെല്ലാർകോവിൽ, കമ്പംമെട്ട്, കരുണാപുരം, കൊച്ചറ

**02-09-2021 വ്യാഴം 1.30 p.m.**

കുഴിത്തൊളു, നെറ്റിത്തൊഴു, പുറ്റടി, വണ്ടൻമേട്, ഗ്രീൻവാലി, അണക്കര

## കട്ടപ്പന സെന്റ് ജോർജ്
## കട്ടപ്പന, മുണ്ടിയെരുമ, ഉപ്പുതറ ഫൊറോനാകളിൽപെട്ട പള്ളികൾ

**03-09-2021 വെള്ളി 9.30 a.m.**

മുണ്ടിയെരുമ, അന്യാർതൊളു, ചേമ്പളം, നിർമ്മലാപുരം, പുളിയന്മല, രാമക്കൽമേട്

**03-09-2021 വെള്ളി 10.30 a.m.**

തേർഡ് ക്യാമ്പ്, പാമ്പാടുംപാറ, സന്യാസിയോട, ചോറ്റുപാറ, ഉപ്പുതറ, ആലംപള്ളി

**03-09-2021 വെള്ളി 11.30 a.m.**

ചെമ്മണ്ണ്, ചിന്നാർ, മരിയഗിരി, പുളിങ്കട്ട, പുള്ളിക്കാനം, രാജഗിരി

**03-09-2021 വെള്ളി 1.30 p.m.**

ഗ്രേസ്മൗണ്ട്, കൽത്തൊട്ടി, കാഞ്ചിയാർ, കൊച്ചുതോവാള, മേരികുളം, കിഴക്കേമാട്ടുക്കട്ട

**03-09-2021 വെള്ളി 2.30 p.m.**

നരിയംപാറ, സ്വരാജ്, വലിയതോവാള, വള്ളക്കടവ്, മേപ്പാറ, ഗ്രേസ്‌വാലി, കട്ടപ്പന

**കൊണ്ടുവരേണ്ട രേഖകൾ**

1. 2019-20 ലെ Income & Expenditure ന്റെയും Balance Sheet ന്റെയും കോപ്പി
2. രൂപതാ ഫൈനാൻസ് ഓഫീസിൽ നിന്നു നല്കിയ ഫോറത്തിൽ പൂരിപ്പിച്ച 2020-21 ലെ Income & Expenditure ഉം Balance Sheet ഉം അതിനോടുകൂടി തന്നിരിക്കുന്ന മറ്റു ഫോറങ്ങളും പൂരിപ്പിച്ചത് (ഫോറങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ അവ നേരത്തെതന്നെ രൂപതാ ഫൈനാൻസ് ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്).

3. Income Tax റിട്ടേൺ ഫയൽ ചെയ്യുമ്പോൾ അതിൽ ഒപ്പിടുന്ന വ്യക്തിയുടെ പാൻ കാർഡിന്റെയും ആധാറിന്റെയും കോപ്പി (വികാരി or കൈക്കാരൻ)
4. പള്ളിയുടെ പാൻ കാർഡിന്റെ കോപ്പി
5. ബാങ്ക് അക്കൗണ്ടുകളുടെ (Savings Bank, Current Account, F.D. Accounts, Loan A/C) 31.03.2021 ലെ Bank Balance Confirmation Certificate, ബാങ്കിൽ നിന്നും വാങ്ങിക്കൊണ്ടുവരേണ്ടതാണ്.
6. Bank Pass books, F.D. രസീതുകൾ (2021 മാർച്ച് 31 വരെയുള്ള ഇടപാടുകൾ ചേർത്തിരിക്കണം). അവ പള്ളിയുടെ കണക്കിലും ചേർത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.
7. എല്ലാ കണക്കുകളുടെയും (പൊതുകണക്ക്, കൃഷിക്കണക്ക്, നിർമ്മാണക്കണക്ക്, മറ്റു ഫണ്ടുകൾ എന്നിവയുടെ നാൾവഴി, പേരേട്, വാർഷിക തിരട്ട് (annual statement).
8. വാർഷികതിരട്ടുകളുടെ ഒരു ഫോട്ടോകോപ്പി (ബഹു. വികാരിയും കൈക്കാരന്മാരും ഒപ്പു വച്ചത്).
9. 2020-21 ൽ വസ്തു വാങ്ങുകയോ വിൽക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആധാരത്തിന്റെ/ കൈമാറ്റ രേഖയുടെ കോപ്പി.
10. TDS പിടിച്ച് സർക്കാരിൽ അടച്ചിട്ടുണ്ടെങ്കിൽ അതിന്റെ രസീതും Tan നമ്പരും
11. നിലവിലുള്ള കൈക്കാരന്മാർ എല്ലാവരുടെയും പേരും മേൽവിലാസവും. പാൻകാർഡ് & ആധാർ കോപ്പി (If available) with mobile number.
12. ഇടവകയിൽ പ്രവർത്തിക്കുന്ന ഭക്തസംഘടനകൾക്ക് ബാങ്ക് അക്കൗണ്ടുകളുണ്ടെങ്കിൽ (മിഷൻലീഗ്, സൺഡേസ്കൂൾ, യുവദീപ്തി, മാതൃവേദി, പിതൃവേദി, മരണഫണ്ട്, വിവാഹസഹായഫണ്ട്, ജീവകാരുണ്യനിധി, കുരിശുപള്ളികൾ etc.) അവകൂടി പള്ളി

യുടെ Balance sheet ൽ ചേർത്ത് Income tax Returns file ചെയ്യേണ്ടത് ആവശ്യമാണ്. അപ്രകാരമുള്ള സംഘടനകളുടെ ഫണ്ടുകളുടെ 2020-21 വർഷത്തെ കണക്കുകൾ, Pass books/FD രസീതുകൾ (2021 മാർച്ച് 31 വരെയുള്ള ഇടപാടുകൾ ചേർത്തിരിക്കണം.) കൊണ്ടുവരേണ്ടതാണ്. ബാങ്ക് അക്കൗണ്ടുകളുടെ 31.03.2021 ലെ Bank balance confirmation certificate ഉം ആവശ്യമാണ്.

മേൽപറഞ്ഞ ഫണ്ടുകൾ ഏതെങ്കിലും ഇടവകയുടെ പൊതുകണക്കിൽ നിലവിൽ ചേർത്തിട്ടുണ്ടെങ്കിൽ ഈ നിർദ്ദേശം ബാധകമല്ല.

NB : Returns സമർപ്പിക്കുമ്പോൾ നൽകേണ്ടതായ എല്ലാ രേഖകളുടെയും ആവശ്യമുള്ള copy എടുത്തുകൊണ്ടുവരേണ്ടതാണ്. ഇവിടെ വന്ന് എടുക്കാൻ സൗകര്യമുണ്ടായിരിക്കുന്നതല്ല. പള്ളികളുടെ/ ബഹു. വികാരിയച്ചന്റെ E-mail Address/Wattsapp നമ്പരുകൾ കൊണ്ടുവരേണ്ടതാണ്. Official Number Procurator : 8589985700.

12 A രജിസ്ട്രേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഔദ്യോഗിക കാലതാമസം നേരിട്ടതിനാലാണ് അറിയിപ്പ് ബഹുമാനപ്പെട്ട വൈദികർക്ക് ലഭിക്കാത്തത്. അതുസംബ്ധമായ കാര്യങ്ങൾ ഉടൻതന്നെ വൈദികരെ തൊടുപുഴയിൽ നിന്നും അറിയിക്കുന്നതാണ്.

# റവ. ഫാ. ആന്റണി നിരപ്പേൽ
# അനുസ്മരണം



മധ്യകേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവന്ന വിചക്ഷണൻ, മതസൗഹാർദ്ദത്തിന്റെയും സഭൈക്യത്തിന്റെയും അമരക്കാരൻ, മതബോധനമേഖലയിൽ പുതുമവിതറിയ ആത്മീയ പ്രബോധകൻ, സമൂഹ മനസ്സ് കണ്ടറിഞ്ഞ് അജപാലന ശുശ്രൂഷയിൽ. നവീനതകൾ ആസൂത്രണം ചെയ്ത അജപാലകൻ, സാംസ്കാരിക മാറ്റങ്ങളെ തിരിച്ചറിഞ്ഞ ക്രാന്തദർശി ഇങ്ങനെ വിശേഷണങ്ങൾ നീണ്ടുപോകുന്ന അതുല്യമായ വ്യക്തിത്വത്തിനുടമയാണ് നിരപ്പേൽ ആന്റണിയച്ചൻ. ആന്റണി എന്ന പേരിനെ മികവിന്റെ ബ്രാൻഡ് നെയിം ആക്കിയ പ്രതിഭാധനനായ വൈദികൻ.

1936 സെപ്റ്റംബർ എട്ടാം തീയതി ചെങ്ങളം ഇടവക, നിരപ്പേൽ മത്തായി - റോസ ദമ്പതിമാരുടെ ഒമ്പതു മക്കളിൽ മൂന്നാമനായി

ട്ടായിരുന്നു ആന്റണിയച്ചന്റെ ജനനം. പരിശുദ്ധമറിയത്തിന്റെ പിറവി ത്തിരുനാളിന്റെ മാഹാത്മ്യം നിരപ്പേലച്ചനും പകർന്നു കിട്ടി. ചെങ്ങളം സെന്റ് ആന്റണീസ് സ്കൂളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. തുടർന്ന് ചങ്ങനാശ്ശേരി പാറേൽ മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥിയായി ചേർന്നു. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനം പൂർത്തീകരിച്ചു. 1963 മാർച്ച് 11- ന് പൗരോഹിത്യപട്ടം സ്വീകരിച്ചു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി അസിസ്റ്റന്റ് വികാരി ആയിട്ടാണ് ഇടയജീവിതം ആരംഭിച്ചത്. രണ്ടുവർഷത്തെ ശുശ്രൂഷയ്ക്കുശേഷം 1965-ൽ ഉന്നത പഠനത്തിനായി ലുവെയിൻ യൂണിവേഴ്സിറ്റിയിലേക്ക് യാത്രയായി. അവിടെ ഡോക്ടറൽ പഠനം വിജയകരമായി പൂർത്തിയാക്കി. ലൂമെൻ വീത്തേ കാറ്റക്കെറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലും ഉപരിപഠനം നടത്തി. 1971-ൽ തിരികെ നാട്ടിലെത്തി. ചങ്ങനാശ്ശേരി അതിരൂപത മതബോധന കേന്ദ്രത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായി. പ്രതിഭാധനനായ ബഹു. മാത്യു നടയ്ക്കലച്ചനൊപ്പം പ്രവർത്തിച്ചു കൊണ്ട് മതബോധന രംഗത്ത് നവീനമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി. കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ കൊണ്ടുവന്ന നൂതനമായ പരിഷ്കാരങ്ങൾ സവിശേഷ ശ്രദ്ധ ആകർഷിച്ചു. ഈ കാലഘട്ടത്തിലാണ് സന്ദേശനിലയത്തിന് ആരംഭം കുറിക്കുന്നത്. 1972 മുതൽ 77 വരെ ചങ്ങനാശ്ശേരി അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായും പ്രവർത്തിച്ചു.

1977-ൽ കാഞ്ഞിരപ്പള്ളി രൂപത സ്ഥാപിതമായപ്പോൾ ചിറക്കടവ് താമരക്കുന്ന് ഇടവക വികാരിയായി ചുമതല ഏറ്റെടുത്തു. ചിറക്കടവ് ആശുപത്രി, സെന്റ് ഇഫ്രെംസ് ഹൈസ്കൂൾ എന്നിവയുടെ സ്ഥാപനത്തിലൂടെ ചിറക്കടവു ദേശത്തിന് പുതിയ രൂപരേഖ വരച്ചുനല്കി. 1981-ൽ പൊൻകുന്നം ഹോളി ഫാമിലി പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. തുടർന്നുള്ള കാലഘട്ടത്തിലാണ് അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവി നോടൊപ്പം ചരിത്രപ്രസിദ്ധമായ നിലയ്ക്കൽ പള്ളിയുടെ പുന:സ്ഥാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളി

യാകുന്നത്. വലിയ പ്രതിസന്ധിയുടെ സമയത്ത് നിലയ്ക്കൽ എക്യുമെനിക്കൽ പള്ളിയുടെ നിർമ്മാണത്തിന് നിർണായക നേതൃത്വം നല്കിയവരിൽ നിരപ്പേലച്ചനുമുണ്ടായിരുന്നു. നിലയ്ക്കൽ കേന്ദ്രീകരിച്ചുള്ള എക്യുമെനിക്കൽ പ്രവർത്തനങ്ങളുടെ ആരംഭം കുറിക്കുന്നതിൽ അച്ചന്റെ പങ്ക് ഏറെ വലുതാണ്. കേരളത്തിലെ സഭകളുടെ ഐക്യം ദൈവനിയോഗമായി കണ്ട് അതിനു വേണ്ടി അക്ഷീണം പ്രയത്നിച്ചു. എക്യുമെനിക്കൽ കമ്മറ്റിയുടെ പ്രീസ്റ്റ് സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ട് സഭൈക്യരംഗത്ത് നെടുനായകത്വം വഹിച്ചു.

1985-ലാണ് ബഹു. ആന്റണിയച്ചൻ ആനക്കല്ല് സെന്റ് ആന്റണീസ് പള്ളി വികാരിയായി ചുമതലയേൽക്കുന്നത്. ഈ കാലഘട്ടത്തിലാണ് ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ ആരംഭിച്ചത്. മധ്യകേരളത്തിലെ സുപ്രധാന വിദ്യാഭ്യാസ സ്ഥാപനമായി അതു വളർന്നു. അക്കാലത്ത് അധികമൊന്നും പരിചിതമല്ലാതിരുന്ന സി.ബി.എസ്.സി. പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി ഉൾനാടൻ ഗ്രാമങ്ങളിൽ വികസനത്തിന്റെ പുതുഭാഷ്യങ്ങൾ രചിക്കുന്നതിൽ അച്ചൻ മുന്നിട്ടിറങ്ങി. അങ്ങനെ ആനക്കല്ല് എന്ന ഗ്രാമം ആഗോളപ്രശസ്തമായി.

1993 മുതൽ 2001 വരെ അമേരിക്കയിലെ മോബിൽ അതിരൂപതയിൽ അജപാലന ശുശ്രൂഷ നിർവ്വഹിച്ചു. 2001-ൽ വെളിച്ചിയാനി സെന്റ് തോമസ് പള്ളി വികാരിയായി ചുമതല ഏറ്റെടുത്തു. ഇടവക അതിർത്തിയിൽ ഇടക്കുന്നം മേരിമാതാ പബ്ലിക് സ്കൂളിന്റെ സ്ഥാപനത്തിന് പ്രചോദക ശക്തിയായി.

തുടർന്ന് എലിക്കുളം ഇൻഫന്റ് ജീസസ് പള്ളിയുടെ വികാരിയായി നിയമിതനായി. എലിക്കുളം ഗ്രാമത്തിൽ സമ്പൂർണ്ണ കമ്പ്യൂട്ടർ പഠന പദ്ധതി നടപ്പിലാക്കികൊണ്ട് അറിവിന്റെ ജനകീയവൽക്കരണത്തിന് പുതുമാതൃക നല്കി. കൂവപ്പള്ളി സെന്റ്

ജോസഫ് പള്ളിയുടെ വികാരിയായിട്ടായിരുന്നു അടുത്ത നിയമനം. കൂവപ്പള്ളിയുടെ മുഖച്ഛായ മാറ്റുന്നതായിരുന്നു അവിടെവന്ന വികസനങ്ങൾ. പള്ളിയുടെ നവീകരണം, പുതിയ ഓഡിറ്റോറിയം, ഷോപ്പിങ്ങ് കോപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിന് നേതൃത്വം നല്കി. ആത്മീയ നന്മകൾക്കൊപ്പം ഭൗതിക നന്മകളും ദൈവജനത്തിന് കൈവരണമെന്നത് അച്ചന്റെ അജപാലന ശൈലിയായിരുന്നു.

നാട്ടിൽ കമ്പ്യൂട്ടർ അപൂർവ്വമായിരുന്ന കാലത്ത് നിരപ്പേലച്ചൻ കാഞ്ഞിരപ്പള്ളിയിൽ സെന്റ് ആന്റണീസ് കമ്പ്യൂട്ടർ കോളേജ് സ്ഥാപിച്ചു. പില്ക്കാലത്ത് അതു വളർന്ന് സെന്റ് ആന്റണീസ് ഗ്രൂപ്പ് ഓഫ് കോളേജസ് ആയി പടർന്നു പന്തലിച്ചു. സാധാരണക്കാരായ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസം നൽകുക എന്ന മഹത്തായ ലക്ഷ്യത്തോടെ പൊൻകുന്നം, പെരുവന്താനം, മുക്കൂട്ടുതറ എന്നിങ്ങനെയുള്ള മലയോര മേഖലകളിലേക്ക് ഉന്നതവിദ്യാഭ്യാസ പദ്ധതികളുമായി അച്ചൻ കടന്നു ചെന്നു. സഭയുടെ ചട്ടക്കൂടുകൾക്കുള്ളിൽ നിന്നുകൊണ്ട് നാടിന്റെ സമഗ്രവളർച്ചയ്ക്കുവേണ്ടി തീക്ഷ്ണമായി പരിശ്രമിച്ചു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പുതുതലമുറയെ പഠിപ്പിച്ചു. പ്രതിസന്ധികൾക്ക് നടുവിലും പുതിയ പ്രസ്ഥാനങ്ങൾ പടുത്തുയർത്താനും കഠിനാധ്വാനം ചെയ്തു അവയെ വളർത്താനും ഇച്ഛാശക്തിയോടെ നിലനിർത്താനും കഴിഞ്ഞതിൽ അച്ചന്റെ പ്രതിഭാവിലാസം തെളിഞ്ഞു നിൽക്കുന്നു. ആയിരക്കണക്കിന് കുട്ടികൾക്കും അനേക കുടുംബങ്ങൾക്കും മുന്നിൽ തെളിച്ചുവെച്ച മലമുകളിലെ പ്രകാശസ്തംഭമാണ് ആന്റണിയച്ചൻ.

ആറു പതിറ്റാണ്ടുകൾ കർമ്മധീരതയോടെ ജീവിച്ചു തീർത്തതാണ് ആന്റണിയച്ചന്റെ ജീവിതം. വ്യത്യസ്ത വഴികളിലൂടെ സഞ്ചരിച്ച് പുതുമേച്ചിൽപുറങ്ങൾ അജഗണത്തിനു തേടിക്കൊ

ടുത്ത നല്ലിടയനായിരുന്നു അദ്ദേഹം. ദൈവകരത്തിൽ മുറുകെ പ്പിടിച്ചുകൊണ്ട് മാനവികതയുടെ പുതുസാമ്രാജ്യത്തെ ഭൂമിയിൽ നിർമ്മിക്കാനാണ് നിരപ്പേലച്ചൻ യത്നിച്ചത്. അത് അറിവിന്റെയും സൗഹാർദ്ദത്തിന്റെയും സഹകരണത്തിന്റെയും കല്ലുകളാൽ കെട്ടിപ്പെടുത്തതായിരുന്നു.

ഉന്നത വ്യക്തി ബന്ധങ്ങളാൽ സമ്പന്നമായിരുന്നു അച്ചന്റെ സുഹൃത്ത് ലോകം. കാഞ്ഞിരപ്പള്ളിയിൽ നിന്ന് ലോകത്തിന്റെ വിശാലതകളിലേക്ക് അത് നീണ്ടു നിന്നു. ആ കണ്ണിയിൽ ആളുകളെ കൂട്ടിച്ചേർത്തുകൊണ്ടാണ് സംരംഭങ്ങളൊക്കെയും അച്ചൻ പണിതുയർത്തിയത്.

ജീവിതത്തിന്റെ അവസാന കാലത്തും വിശ്രമമില്ലാതെ, അർപ്പണബോധത്തോടെ അധ്വാനിച്ച നിരപ്പേൽ ആന്റണിയച്ചൻ 2021 ജൂലൈ 20-ന് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. ജൂലൈ 21-ന് ചെങ്ങളം സെന്റ് ആന്റണീസ് ഇടവക സെമിത്തേരിയിൽ ഭൗതിക ശരീരം സംസ്കരിച്ചു.

ബഹുമാനപ്പെട്ട ആന്റണിയച്ചന്റെ അധ്വാനങ്ങൾക്കും ക്ലേശങ്ങൾക്കും സമർപ്പിച്ചിട്ടുള്ള ദിവ്യബലികൾക്കും ദൈവം പ്രതിഫലം നൽകട്ടെ. ആമ്മേൻ.

---

PWA അംഗങ്ങളായ ബഹുമാനപ്പെട്ട വൈദികർ പരേതനായ ഫാ. ആന്റണി നിരപ്പേലിന്റെ ആത്മശാന്തിക്കായി ഒരു വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

പ്രസിഡന്റ്, PWA



# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

## വിശ്വാസവും സ്നേഹവും ദൈവൈക്യവും
## (തിരുവചനഭാഗം: 1 യോഹ 2,1-29)

ദൈവവുമായുള്ള നമ്മുടെ ഐക്യം പ്രകടമാകേണ്ടത് ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പ്രമാണാനുഷ്ഠാനങ്ങളിലൂടെയാണെന്ന് യോഹന്നാൻശ്ലീഹാ ഈ വചനഭാഗത്ത് വ്യക്തമാക്കുന്നു. ഈ ഭാഗം ഇപ്രകാരം വിഭജിക്കാം:

1. ദൈവൈക്യവും പ്രമാണാനുസരണവും (2,1-6)
2. സഹോദരസ്നേഹവും പ്രകാശത്തിൽ സഞ്ചരിക്കലും (2,7-14)
3. ലോകത്തിന്റെ സ്നേഹവും ദൈവസ്നേഹവും (2,15-17)
4. വിശ്വാസത്തിൽ നിലനിൽക്കുക (2,18-25)
5. അഭിഷേകത്താൽ പഠിപ്പിക്കപ്പെടുക (2,26-29)

ഈ വചനഭാഗം അജപാലകരായ വൈദികർക്കു നൽകുന്ന സന്ദേശങ്ങളാണ് ഇപ്രാവശ്യം നാം ധ്യാനവിഷയമാക്കുന്നത്.

### 1. ദൈവൈക്യവും പ്രമാണാനുസരണവും

"*നാം അവന്റെ കല്പനകൾ പാലിച്ചാൽ അതിൽനിന്നു നാം അവനെ അറിയുന്നുവെന്നു തീർച്ചയാക്കാം. ഞാൻ അവനെ അറിയുന്നു എന്നു പറയുകയും അവന്റെ കല്പനകൾ പാലിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളംപറയുന്നു; അവനിൽ സത്യമില്ല*" (2,3-5).

ദൈവൈക്യം ഒരു ആന്തരികയാഥാർത്ഥ്യമാണ്. എന്നാൽ അതുണ്ടെന്ന് ഉറപ്പാക്കുവാൻ ചില ബാഹ്യമായ അടയാളങ്ങളുണ്ട്. അതിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പ്രമാണാനുഷ്ഠാനം. ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട പ്രമാണാനുഷ്ഠാനമില്ലാതെ ദൈവൈക്യത്തിലാണെന്ന് ആർക്കും അവകാശ

പ്പെടാനാവില്ല. ദൈവൈക്യത്തെ സൂചിപ്പിക്കുവാൻ മൂന്നു പ്രയോഗങ്ങൾ ഇവിടെ കാണുന്നുണ്ട്: 'അവനെ അറിയുക' (2,3-4), 'അവനിലായിരിക്കുക' (2,5), 'അവനിൽ വസിക്കുക' (2,6). ബാഹ്യമായ അടയാളത്തെ സൂചിപ്പിക്കുവാനും മൂന്നു പ്രയോഗങ്ങൾ ഇവിടെ ഉപയോഗിക്കുന്നുണ്ട്. 'അവന്റെ കല്പനകൾ പാലിക്കുക' (2,3-4), 'അവന്റെ വചനം പാലിക്കുക' (2,5), 'അവൻ നടന്ന വഴിയിലൂടെ നടക്കുക' (2,6). ഇപ്രകാരം പ്രമാണങ്ങൾ പാലിക്കുന്ന ജീവിതമാണ് നാം ദൈവൈക്യത്തിലാണ് എന്നതിനുള്ള തെളിവ്. കല്പനകൾ യാന്ത്രികമായി അനുഷ്ഠിച്ചാൽപോരാ എന്ന സൂചനയാണ് അതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്ക് (തേരെയിൻ) നല്കുന്നത്. സ്നേഹബന്ധത്തിൽനിന്നും ഉരുത്തിരിയുന്ന ഒരു കല്പനാനുസരണമാണത്. അതുകൊണ്ട് സ്നേഹത്താൽ പ്രചോദിതരായി കല്പനകൾ പാലിച്ച് ദൈവൈക്യത്തിൽ ജീവിക്കുവാൻ നാം ശ്രമിക്കണം.

പാപബദ്ധനായ മനുഷ്യന് സ്നേഹബന്ധത്തിൽ നിന്നുമുയരുന്ന കല്പനാനുസരണത്തിൽ വീഴ്ചകളുണ്ടാകുമെന്നതിന് സംശയമില്ല. അതുകൊണ്ട് അപ്രകാരമുള്ള വീഴ്ചകളുണ്ടാകരുതെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് ഈ വചനഭാഗം ആരംഭിക്കുന്നത്. അങ്ങനെയുണ്ടായാൽത്തന്നെ അതിൽനിന്നും മോചനം നേടി നിരന്തരം പ്രമാണാനുസരണത്തിൽ കർമ്മനിരതരാകണമെന്ന് യോഹന്നാൻശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നു. അതിന് നമുക്കു സഹായകനായി ഉത്ഥിതനായ ഈശോതന്നെ നമ്മോടൊപ്പമുണ്ടെന്ന് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (2,1-2). ഈശോ നമുക്കു സഹായകനാകുന്നത് രണ്ടുവിധത്തിലാണ്: ഒന്ന്, നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയായിത്തീർന്നവൻ എന്ന നിലയിൽ; മറ്റൊന്ന് നമുക്കുവേണ്ടി ദൈവത്തിന്റെ സന്നിധിയിലായിരിക്കുന്ന പുരോഹിതൻ എന്ന നിലയിൽ. അതുകൊണ്ട് വീഴ്ചകളിൽ നിരാശപ്പെടാതെ നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ട് ദൈവൈക്യത്തിലും പ്രമാണാനുസരണത്തിലും നാം ജീവിക്കണം. ഇത് എല്ലാ ക്രൈസ്തവരെ സംബന്ധിച്ചും പ്രസക്തമാണെങ്കിൽ അതിനു മാതൃകയായും അതിനെ പ്രോത്സാഹിപ്പിച്ചും അജപാലകർ അവരുടെ ശുശ്രൂഷ നിർവ്വഹിക്കണം.

### 2. സഹോദരസ്നേഹവും പ്രകാശത്തിൽ സഞ്ചരിക്കലും

*"താൻ പ്രകാശത്തിലാണെന്നു പറയുകയും, അതേസമയം തന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ ഇപ്പോഴും അന്ധകാരത്തിലാണ്. സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു; അവന് ഇടർച്ച ഉണ്ടാകുന്നില്ല. എന്നാൽ തന്റെ സഹോദരനെ വെറുക്കുന്നവൻ ഇരുട്ടിലാണ്. അവൻ*

*ഇരുട്ടിൽ നടക്കുന്നു. ഇരുട്ട് അവന്റെ കണ്ണുകളെ അന്ധമാക്കിയതിനാൽ എവിടേക്കാണു പോകുന്നതെന്ന് അവൻ അറിയുന്നില്ല"* (2,9-11).

ദൈവൈക്യത്തിന്റെ മാനദണ്ഡമായി 'കല്പനകൾ പാലിക്കുക' എന്നു പറഞ്ഞത് പരസ്പരസ്നേഹത്തിന്റെ കല്പനയായി ഈ ഭാഗത്ത് അവതരിപ്പിക്കുന്നു. പരസ്പരസ്നേഹത്തിന്റെ കല്പനയെ പഴയകല്പനയായിട്ടും പുതിയ കല്പനയായിട്ടും ഇവിടെ വിശേഷിപ്പിക്കുന്നു. പഴയകല്പന (2,7-8) എന്നു പറയുന്നത് പഴയനിയമത്തിലെ കല്പന എന്ന അർത്ഥത്തിലല്ല. പ്രത്യുത, ഈശോമിശിഹായിലുള്ള വിശ്വാസത്തിന്റെ ആരംഭംമുതൽ എന്ന അർത്ഥത്തിലാണ്. അതായത്, ഈശോ നല്കിയ പരസ്പരസ്നേഹത്തിന്റെ കല്പന (യോഹ 13,34-35). ഈ കല്പന അവർ ശ്രവിച്ച വചനം തന്നെയാണെന്ന് ഇവിടെ കൂട്ടിച്ചേർക്കുന്നു. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഈശോ നല്കിയ പരസ്പരസ്നേഹത്തിന്റെ കല്പന ഈശോയുടെ സുവിശേഷം തന്നെയാണ്. എങ്കിലും ഈ കല്പനയെ പുതിയ കല്പനയായും വിശേഷിപ്പിക്കുന്നു (2,8). പുതിയ കല്പന എന്നതിന്റെ അർത്ഥം സവിശേഷതയിൽ പുതിയത് എന്നു മനസ്സിലാക്കണം. നാം എങ്ങനെയെങ്കിലും മറ്റുള്ളവരെ സ്നേഹിച്ചാൽ പോരാ; ഈശോ നമ്മെ സ്നേഹിച്ചതുപോലെ നാം പരസ്പരം സ്നേഹിക്കണം. മാത്രമല്ല, ക്രിസ്തീയസ്നേഹം ഈശോയിലൂടെ നമുക്കു നല്കപ്പെട്ട പിതാവായ ദൈവത്തിന്റെ സ്നേഹത്തിലുള്ള പങ്കുചേരലുമാണ് (1 യോഹ 4,16).

സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നവനും സഹോദരനെ വെറുക്കുന്നവൻ ഇരുട്ടിൽ നടക്കുന്നവനുമാണെന്ന് തുടർന്നു പറയുന്നു. സഹോദരനെ സ്നേഹിക്കുമ്പോൾ നാം ദൈവത്തിന്റെ സ്നേഹത്തിലും സഹവാസത്തിലും വളരുകയും ദൈവൈക്യത്തിലേക്കു നടന്നടുക്കുകയും ചെയ്യുന്നു. സഹോദരനെ വെറുക്കുന്നവൻ ദൈവൈക്യത്തിലേക്കുള്ള വഴി തിരിച്ചറിയാതെ ജീവിക്കുന്നതുകൊണ്ട് ലക്ഷ്യബോധമില്ലാതെ യാത്ര ചെയ്യുന്നവനാണ്. ഇവിടെ 'സഹോദരർ' എന്നു വിശേഷിപ്പിക്കുന്നത് സഭയുടെ കൂട്ടായ്മയിലുള്ള വിശ്വാസികളെയാണ്. പുതിയനിയമത്തിൽ എല്ലാ ഗ്രന്ഥങ്ങളിലുംതന്നെ വിശ്വാസകൂട്ടായ്മയിലുള്ള സഭാംഗങ്ങളെ 'സഹോദരർ' എന്നു വിശേഷിപ്പിക്കുന്നതായി കാണുന്നുണ്ട്. ഈശോ തന്റെ പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നവരെ സ്വന്തം സഹോദരരായി കണ്ടിരുന്നുവല്ലോ (മർക്കോ 3,35). യോഹന്നാന്റെ കാഴ്ചപ്പാടിൽ വിശ്വാസികൾ ദൈവത്തിൽനിന്നും ജനിച്ച ദൈവമക്കളായതുകൊണ്ട് (യോഹ 1,12-13) പരസ്പരം സഹോദരരായി കാണുകയും സ്നേഹിക്കുകയും ചെയ്യണം. അതുകൊണ്ട് സഭാശുശ്രൂഷയുടെ ലക്ഷ്യമായി

അജപാലകർ ശ്രദ്ധിക്കേണ്ടത് പരസ്പരസ്നേഹം ജീവിക്കുന്ന ഒരു കുടുംബമായി ഇടവകയെ കെട്ടിപ്പടുക്കുവാനാണ്.

### 3. ലോകത്തിന്റെ സ്നേഹവും ദൈവസ്നേഹവും

"*ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ, ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല; പ്രത്യുത, ലോകത്തിന്റേതാണ്. ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനിൽക്കുന്നു*" (2,15-17).

ദൈവസ്നേഹവും ലോകത്തിന്റെ സ്നേഹവും ഒന്നിച്ചുപോവുകയില്ല എന്ന് ഇവിടെ യോഹന്നാൻ ശ്ലീഹാ ഓർമ്മിപ്പിക്കുകയും അതുകൊണ്ട് ലോകത്തെ സ്നേഹിക്കാതിരിക്കാൻ ഉപദേശിക്കുകയും ചെയ്യുന്നു. ഇവിടെ ലോകം എന്നു പറയുന്നത് പാപകരമായ ലോകത്തെയാണ്; അതായത് വിശ്വാസവിരുദ്ധമായ നിലപാടെടുക്കുന്ന ലോകത്തെ. "ലോകത്തിലുള്ള വസ്തുക്കളെയും സ്നേഹിക്കരുത്" എന്നു പറയുന്നു. ലോകത്തിലുള്ള വസ്തുക്കൾ ഏതാണെന്ന് അടുത്ത വാചകത്തിൽ വിശദീകരിക്കുന്നുണ്ട്. ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത. ഈശോയ്ക്കനുഭവപ്പെട്ടതും മനുഷ്യർക്കെല്ലാം അനുഭവപ്പെടുന്നതുമായ പ്രലോഭനങ്ങളുടെ മൂന്നു തലങ്ങളാണിവ. ജഡത്തിന്റെ ദുരാശ ജഡികാസക്തികളെ സൂചിപ്പിക്കുന്നു. വിശപ്പ് അനുഭവപ്പെട്ടപ്പോൾ കല്ലുകളെ അപ്പമാക്കുവാൻ ഈശോയ്ക്കനുഭവപ്പെട്ട പ്രലോഭനം ഇതിനുദാഹരണമാണ് (മത്താ 4,3). കണ്ണുകളുടെ ദുരാശ കാണുന്നതെല്ലാം സ്വന്തമാക്കാനുള്ള ദ്രവ്യാഗ്രഹത്തെ സൂചിപ്പിക്കുന്നു. 'നീ സാഷ്ടാംഗം വീണ് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്കു ഞാൻ നൽകും' എന്നു പറഞ്ഞ് സാത്താൻ ഈശോയെ പ്രലോഭിപ്പിച്ചത് ഇതിനുദാഹരമാണ് (മത്താ 4,8-9). ജീവിതത്തിന്റെ അഹന്ത മനുഷ്യമഹത്ത്വം തേടാനുള്ള പ്രലോഭനത്തെ സൂചിപ്പിക്കുന്നു. ദൈവാലയത്തിന്റെ അഗ്രത്തിൽ നിന്നു താഴേക്കു ചാടുവാൻ ഈശോയ്ക്കുണ്ടായ പ്രലോഭനം ഇതിനുദാഹരണമാണ് (മത്താ 4,6). ലോകത്തോടും ലോകവസ്തുക്കളോടുമുള്ള സ്നേഹം ദൈവസ്നേഹവുമായി പൊരുത്തപ്പെടുകയില്ല.

ലോകത്തെ സ്നേഹിക്കാതിരിക്കാനുള്ള മറ്റൊരു കാരണം ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു എന്നതാണ്. നിത്യമായി നിലനിൽക്കു

ന്നതിൽ മാത്രമേ യഥാർത്ഥ സന്തോഷവും സംതൃപ്തിയും മനുഷ്യനു ലഭിക്കുകയുള്ളൂ. ദൈവം മാത്രമാണ് നിത്യനായവൻ. അതുകൊണ്ട് ദൈവത്തെ സ്നേഹിക്കുകയും ദൈവഹിതം പ്രാവർത്തികമാക്കുകയും ചെയ്തുകൊണ്ട്, ദൈവൈക്യത്തിൽ ജീവിക്കുന്നവർ ദൈവത്തോടുകൂടെ എന്നും നിലനിൽക്കും. അതുവഴി യഥാർത്ഥ സന്തോഷവും സംതൃപ്തിയും അനുഭവിക്കുകയും ചെയ്യും. അതുകൊണ്ട് ദൈവസ്നേഹത്തിനു ജീവിതത്തിൽ പ്രഥമസ്ഥാനം നൽകണം. ദൈവസ്നേഹം മാത്രം മതി എന്ന നിലപാടിൽ നിലനിൽക്കുകയും വളരുകയും വേണം. 'ഹൃദയത്തിന്റെ സന്ന്യാസം' എന്ന് അതിനെ വിശേഷിപ്പിക്കാം. അതാണ് എല്ലാ ക്രൈസ്തവരും അഭ്യസിക്കേണ്ടതും ജീവിക്കേണ്ടതും. അതുകൊണ്ട് ഈ സന്ന്യാസം ജീവിക്കുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം. അപ്രകാരം ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

**4. വിശ്വാസത്തിൽ നിലനിൽക്കുക**

*"ഈശോയാണ് മിശിഹാ എന്നത് നിഷേധിക്കുന്നവനല്ലാതെ മറ്റാരാണ് കള്ളം പറയുന്നവൻ? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവനാരോ അവനാണ് അന്തിക്രിസ്തു. പുത്രനെ നിഷേധിക്കുന്നവനു പിതാവുമില്ല. പുത്രനെ ഏറ്റുപറയുന്നവനു പിതാവും ഉണ്ടായിരിക്കും. ആരംഭം മുതൽ നിങ്ങൾ ശ്രവിച്ചതു നിങ്ങളിൽ നിലനിൽക്കട്ടെ. അതു നിങ്ങളിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ പുത്രനിലും പിതാവിലും നിലനിൽക്കും. അവൻ നമുക്കു നൽകിയിരിക്കുന്ന വാഗ്ദാനം ഇതാണ്-നിത്യജീവൻ*" (2,22-25).

ഈ ലേഖനഭാഗത്ത് വിശ്വാസികളും വ്യാജപ്രവാചന്മാരും തമ്മിലുള്ള വ്യത്യാസവും വ്യാജപ്രവാചകന്മാരെ തിരിച്ചറിയാനുള്ള മാനദണ്ഡങ്ങളും അവതരിപ്പിച്ച്, വിശ്വാസത്തിൽ നിലനിൽക്കാനുള്ള ആഹ്വാനമാണ് യോഹന്നാൻശ്ലീഹാ നല്കുന്നത്. വ്യാജപ്രവാചകന്മാരെ 'അന്തിക്രിസ്തു' എന്നാണ് യോഹന്നാൻ വിശേഷിപ്പിക്കുന്നത്. 'അന്തിക്രിസ്തു' യുഗാന്ത്യത്തിൽ വരാനിരിക്കുന്നവനും ക്രിസ്തുവിന് എതിരായി പ്രവർത്തിക്കുന്നവനുമായിട്ടാണ് ക്രൈസ്തവസമൂഹം വിശ്വസിച്ചിരുന്നത്. യോഹന്നാന്റെ കാഴ്ചപ്പാടിൽ യുഗാന്ത്യം സഭയുടെ കാലഘട്ടത്തോടുകൂടി ആരംഭിച്ചുകഴിഞ്ഞു. അതുകൊണ്ട് മിശിഹായിലുള്ള സഭയുടെ വിശ്വാസത്തിനു വിരുദ്ധമായി പഠിപ്പിക്കുന്നവരെല്ലാം 'അന്തിക്രിസ്തുമാർ' എന്നാണ് അറിയപ്പെട്ടിരുന്നത്. ആ അർത്ഥത്തിൽതന്നെയാണ് ഈ വചനഭാഗത്തും ഇവരെപ്പറ്റി പറയുന്നത്. അവരെ 'നമ്മുടെ കൂട്ടത്തിൽനിന്നു പുറത്തുപോയവർ' (2,19-20), 'പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവർ' (2,21-25), 'വിശ്വാസികളെ വഴിതെറ്റിക്കുന്നവർ' (2,26-27)

എന്നിങ്ങനെ മൂന്നു വിധത്തിൽ വിശേഷിപ്പിക്കുന്നു.

ഇവരുടെ സാന്നിധ്യം വിശ്വാസികൾക്കു ഭീഷണിയാണ്. തെറ്റായ പഠനങ്ങൾ നല്കി സഭാംഗങ്ങളെ സഭയുടെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുവാൻ ഇടയാക്കുന്ന ഒരു സാഹചര്യമാണ് ഇവരുടെ സാന്നിധ്യം സൃഷ്ടിച്ചത്. അതിനെതിരെ ജാഗ്രത പുലർത്തണമെന്നാണ് ഇവിടെ യോഹന്നാൻശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത്. വ്യാജപ്രവാചകന്മാരുടെ സാന്നിധ്യം സഭയിൽ എന്നുമുണ്ടാകും. അവരെ തിരിച്ചറിയുവാനും അവരുടെ തെറ്റായ പ്രബോധനങ്ങൾക്കടിമപ്പെടാതെ സഭയുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാനും നിതാന്തജാഗ്രത ആവശ്യമാണ്. അജപാലകരായ പുരോഹിതർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. സഭയുടെ വിശ്വാസം പഠിപ്പിക്കുവാനും ജനങ്ങളെ പഠിപ്പിക്കുവാനും പുരോഹിതർ നിതാന്തജാഗ്രത പുലർത്തണം.

### 5. അഭിഷേകത്താൽ പഠിപ്പിക്കപ്പെടുക

“*മിശിഹായിൽനിന്നു നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ നിലനിൽക്കുന്നു. അതിനാൽ മറ്റാരും നിങ്ങളെ പഠിപ്പിക്കേണ്ടതില്ല. അവന്റെ അഭിഷേകം എല്ലാ കാര്യങ്ങളെയുംകുറിച്ചു നിങ്ങളെ പഠിപ്പിക്കും. അതു സത്യമാണ്,വ്യാജമല്ല. അവൻ നിങ്ങളെ പഠിപ്പിച്ചതനുസരിച്ച് നിങ്ങൾ അവനിൽ വസിക്കുവിൻ*” (2,27).

“മിശിഹായിൽനിന്നു നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ നിലനിൽക്കുന്നു. അതിനാൽ മറ്റാരും നിങ്ങളെ പഠിപ്പിക്കേണ്ടതില്ല. അവന്റെ അഭിഷേകം എല്ലാക്കാര്യങ്ങളെയുംകുറിച്ച് നിങ്ങളെ പഠിപ്പിക്കും” എന്ന പ്രസ്താവന പലവിധത്തിൽ വ്യാഖ്യാനിക്കപ്പെടുകയും തെറ്റായ പഠനങ്ങൾക്കു ഇടയാവുകയും ചെയ്യുന്ന ഒരു പ്രസ്താവനയാണ്. ഉദാഹരണത്തിന് ഇത് നമുക്കു ലഭിച്ച അരൂപിയെക്കുറിച്ചാണെന്നും, അതുകൊണ്ട് മറ്റാരും നമ്മെ പഠിപ്പിക്കേണ്ടെന്നും വ്യാഖ്യാനിക്കുന്നവരുണ്ട്. വെറും വ്യക്തിഗതമായി, അരൂപിയാൽ നയിക്കപ്പെടുന്ന ഒരു ജീവിതമായി ഇതിനെ വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഇത് സഭയുടെ വിശ്വാസത്തോടും പ്രബോധനത്തോടും ബന്ധപ്പെട്ട ഒരു അഭിഷേകമാണ്; നിരന്തരമായ വിശ്വാസസ്വീകരണത്തോടു ബന്ധപ്പെട്ട ഒരഭിഷേകമാണ്. ഈ അഭിഷേകം ആദ്യമായി നടക്കുന്നത് മാമ്മോദീസായിലാണ്. മാമ്മോദീസായിലാണല്ലോ സഭയുടെ വിശ്വാസത്തിലേക്കു നാം പ്രവേശിപ്പിക്കപ്പെടുന്നത്. സഭയുടെ കൂദാശാജീവിതത്തിലൂടെ ഈ അഭിഷേകം തുടർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് സഭയുടെ കൂട്ടായ്മയിൽനിന്നും വിട്ടുപോയവരെ

വ്യാജമിശിഹാമാരെന്നും സഭാംഗങ്ങളെ അഭിഷേകമുള്ളവരെന്നും ലേഖനത്തിൽ വിശേഷിപ്പിക്കുന്നത്.

അഭിഷേകം എന്നത് സഭയിൽ സ്വീകരിക്കപ്പെട്ടതും അരൂപിയുടെ സഹായത്തോടെ ആന്തരികീകരിക്കപ്പെടുന്നതുമായ ദൈവവചനമാണ്. ആകയാൽ ഈ അഭിഷേകം സഭയുടെ പ്രബോധനം ഉൾക്കൊള്ളുന്നതും ആന്തരികീകരണം ആവശ്യമായിട്ടുള്ളതുമാണ്. സഭയുടെ വിശ്വാസവും പ്രബോധനവും എത്രമാത്രം നാം ആന്തരികീകരിക്കുന്നുവോ, അത്രമാത്രം മറ്റു ബാഹ്യമായ പ്രബോധനത്തിന്റെ ആവശ്യകത കുറഞ്ഞുവരും. ഈ പ്രസ്താവന ബാഹ്യമായ പ്രബോധനത്തിന്റെ ആവശ്യകതയ്ക്ക് വിരുദ്ധമല്ല. ബാഹ്യമായ പ്രബോധനങ്ങളെല്ലാം സഭയുടെ ആധികാരികമായ പ്രബോധനത്തോടു ചേർന്നുപോകുന്നതാണെന്നും വിശ്വാസത്തെ സ്വാംശീകരിക്കാൻ സഹായകമാണെന്നും ഉറപ്പുവരുത്തണം. മിശിഹായുടെ രണ്ടാം ആഗമനത്തെ പ്രതീക്ഷിക്കുന്ന ജീവിതമാണല്ലോ ക്രൈസ്തവജീവിതം. അതുകൊണ്ട് ഈ അന്ത്യാത്മകലക്ഷ്യത്തിലേക്ക് നടന്നടുക്കുവാൻ മിശിഹായിൽ വസിക്കുവാൻ ഉപദേശിച്ചുകൊണ്ടാണ് ഈ വചനഭാഗം അവസാനിപ്പിക്കുന്നത്. മിശിഹായിൽ വസിക്കുക എന്നതിന്റെ അർത്ഥം സഭയുടെ കൂട്ടായ്മയിൽ നിലനിൽക്കുക എന്നതാണ്. അതുകൊണ്ട് സഭയുടെ കൂട്ടായ്മയിൽ നിലനിന്നുകൊണ്ട് വിശ്വാസാഭിഷേകത്താൽ നിരന്തരം പഠിപ്പിക്കപ്പെട്ടുകൊണ്ട് വിശ്വാസജീവിതം നയിക്കുവാൻ അജപാലകർ തങ്ങളുടെ വിശ്വാസികളെ പരിശീലിപ്പിക്കണം.

**ജീവിതസൂചിക**

1. അനുസരണാജീവിതത്തിലൂടെ ദൈവൈക്യത്തിൽ നിരന്തരം ജീവിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
2. പരസ്പരസാഹോദര്യം ജീവിക്കുന്ന കുടുംബാരൂപിയിൽ ഇടവകയെ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. ദൈവസ്നേഹത്താൽ ഭരിക്കപ്പെടുന്ന ഹൃദയത്തിന്റെ സന്ന്യാസം ജീവിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
4. സഭയുടെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുന്ന പ്രബോധനങ്ങളെ വിവേചിച്ചറിഞ്ഞ് സത്യവിശ്വാസം ജീവിക്കുവാൻ ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?
5. സഭയുടെ കൂട്ടായ്മയിൽ നിലനിന്നുകൊണ്ട് വിശ്വാസാഭിഷേകത്താൽ പഠിപ്പിക്കപ്പെടാൻ വിശ്വാസികളെ ഞാൻ എങ്ങനെ പരിശീലിപ്പിക്കുന്നു?



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. ജോസ് ചവറപ്പുഴ | 50,000/- |
| റവ. ഫാ. മനു കിളികൊത്തിപ്പാറ | 15,000/- |
| റവ. ഫാ. ജോഷി വാണിയപ്പുരയ്ക്കൽ | 15,000/- |
| ശ്രീ. കുരുവിള പി.കെ. പിണമറുകിൽ | 100,000/- |


**ഫാ. ജോസ് മാത്യു പറപ്പള്ളിൽ**
**(പ്രസിഡന്റ്)**

---

## സ്നേഹസ്മരണയ്ക്ക്



റവ.ഫാ. പോൾ മുണ്ടാത്തോട്ടം
(21-03-1957 - 04-08-2014)



റവ.ഫാ. അലക്സാണ്ടർ വയലുങ്കൽ
(25-02-1914 -10-08-2016)



റവ.ഫാ. ജേക്കബ് തെക്കേമുറി
(20-11-1957 -15-08-2019)

# അജപാലനോത്തേജന വിഭാഗം

**ജീവൻ ദശാംശം**

കോവിഡിന്റെ പശ്ചാത്തലത്തിൽ ജീവൻ ദശാംശശേഖരണം പൂർത്തീകരിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ടുവെങ്കിലും ഇടവകകൾ ദശാംശതുക കൈമാറിക്കഴിഞ്ഞു. ഏതാനും ഇടവകകൾ മാത്രമാണ് ഇനിയും തുക കൈമാറാനുള്ളത്. ആഗസ്റ്റ് മാസം 20 –ന് മുൻപ് ഇടവക വിഹിതം വിതരണത്തിന് തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു. പതിനായിരം രൂപയും അതിൽക്കൂടുതലും അക്കൗണ്ട് ട്രാൻസ്ഫറിലൂടെ മാത്രമാണ് സ്വീകരിക്കാൻ സാധിക്കുന്നത് എന്ന വിവരം പ്രത്യേകം ഓർമിക്കുമല്ലോ.

**Account details**
**Diocese of Kanjirapally**
**(Fr. Sibandhu Devasia & Fr. Stanly Eapen)**
**A/C No. 10310100237040**
**Federal Bank ,**
**Kanjirapally Branch**
**IFSC - FDRL0001031**

അല്ലെങ്കിൽ

**Procurator, Tithe Programme**
**A/C No. 07, Sahyadri Co-operative Credit Society**
**Main Branch, Kanjirapally**

ദശാംശ തുക ട്രാൻസ്ഫർ ചെയ്തതിനുശേഷം വാട്ട്സ് ആപ്പ് മെസേജ് അയയ്ക്കേണ്ടതാണ്. (ഫാ. സ്റ്റാൻലി : 9496033110)

## ജെ.ബി. കോശി കമ്മീഷൻ : നിവേദനം

ബഹുമാനപ്പെട്ട അച്ചന്മാരുടെ നേതൃത്വത്തിൽ ഇടവകകളിൽ നിന്നുള്ള നിവേദനങ്ങൾ ക്രൈസ്തവ സാമൂഹിക സാമ്പത്തികാവസ്ഥ പഠിക്കുന്നതിനുള്ള കമ്മീഷന് നല്കിയിട്ടുണ്ട്. കുടുംബക്കൂട്ടായ്മകൾ, സംഘടനകൾ എന്നിവയുടെ സഹകരണത്തിലും സംഘടനകളുടെ രൂപതാതല നേതൃത്വത്തിന്റെ മേൽനോട്ടത്തിലും നിവേദനങ്ങൾ സമർപ്പിക്കുവാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്.

രൂപതാതലത്തിൽ നിന്നും ഔദ്യോഗികമായി നല്കുന്ന നിവേദനം പബ്ലിക്ക് അഫയേഴ്സ് കമ്മറ്റി കൺവീനർ ഷെവലിയാർ അഡ്വ. വി.സി. സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ വിദഗ്ദ്ധരായവരുടെ സഹകരണത്തോടെ പൂർത്തിയായി വരുന്നു.

## ദളിത് ക്രൈസ്തവ സർവ്വേ

രൂപതാ ഡി.സി.എം.എസ്. ന്റെ നേതൃത്വത്തിൽ ദളിത് ക്രൈസ്തവരെ സംബന്ധിച്ചുള്ള വിവര ശേഖരണം നടത്തി. ഇടവകകളിൽ നൽകിയിരുന്ന സർവ്വേ ഫോറം പൂരിപ്പിച്ച് പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ ജൂലൈ 20 ന് മുൻപ് തന്നെ നൽകിയിരുന്നു. രൂപതാ കച്ചേരിയിൽ ഔദ്യോഗിക രേഖയായി സൂക്ഷിക്കുന്നതിനും ജെ.ബി. കോശി കമ്മീഷന് സ്ഥിതിവിവരക്കണക്കുകൾ നല്കുന്നതിനുമായുള്ള വിവരശേഖരണം ഇനിയും പൂർത്തീകരിക്കാനുള്ള ഇടവകകൾ എത്രയും വേഗം പൂർത്തീകരിച്ച് നല്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**തെളിച്ചം : അദ്ധ്യാപക വെബിനാർ**

രൂപതയിലെ മുഴുവൻ വിശ്വാസജീവിതപരിശീലകർക്കുമായി ഓഗസ്റ്റ് 8-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണി മുതൽ 4.30 വരെ മതാധ്യാപക വെബിനാർ നടത്തപ്പെടുന്നു. വിശ്വാസജീവിതപരിശീലനം : അറിവോടും അനുഭവത്തോടും കൂടെ എന്ന വിഷയത്തെ അധികരിച്ച് റവ. ഫാ. ജോമിസ് കുടകശ്ശേരിൽ ക്ലാസ് നയിക്കുന്നതാണ്. Zoom മീറ്റിംഗിന്റെ യു ട്യൂബ് ലിങ്കും ലഭിക്കുന്നതാണ്.

**SEASON'S QUIZ**

ആരാധനക്രമസംബന്ധമായ അറിവുകൾ കുട്ടികൾക്കു പകർന്നു നല്കുക എന്ന ലക്ഷ്യത്തോടെ ഓരോ ആരാധനക്രമവത്സരത്തിന്റെയും സമാപനത്തിൽ Liturgical Season's Quiz നടത്തപ്പെടുന്നു. ശ്ലീഹാക്കാലത്തിന്റെ സമാപനത്തിൽ നടത്തപ്പെട്ട ക്വിസ്സിൽ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി ഇരുപതിനായിരത്തിലധികം കുട്ടികൾ പങ്കുചേർന്നു. പങ്കെടുത്തവരിൽ 49 കുട്ടികൾ മുഴുവൻ മാർക്ക് കരസ്ഥമാക്കി. കൈത്താക്കാലത്തിന്റെ സമാപനത്തിൽ ഓഗസ്റ്റ് 28-ാം തീയതി ശനിയാഴ്ച 11 മണിക്ക് അടുത്ത Season's Quiz നടത്തപ്പെടുന്നതാണ്.

**ശ്ലീഹാക്കാലം Season's Quiz ൽ മുഴുവൻ മാർക്ക് നേടിയവർ**

1. ദേവസ്യ കാഞ്ഞിരത്തുംമൂട്ടിൽ — കൂവപ്പള്ളി
2. മരിയ പുല്ലാട്ട് — ,,
3. മാത്യു മലേക്കുന്നേൽ — ,,

| | | |
|---|---|---|
| 4. | ചെറിയാൻ കണിയാംതറ | ,, |
| 5. | മാർട്ടിൻ ചീനിക്കടുപ്പിൽ | ,, |
| 6. | ഔസേപ്പ് പൗവ്വൻചിറ | ,, |
| 7. | മാത്യു വാഴവേലിൽ | ,, |
| 8. | വർക്കി വടക്കേപ്പറമ്പിൽ | ,, |
| 9. | ഡോമിനിക്ക് കരിമ്പനാക്കൽ | മരിയഗിരി |
| 10. | അലൻ കുറുംപുറത്ത് | ,, |
| 11. | അൽവിൻ കുറുംപുറത്ത് | ,, |
| 12. | അന്നമ്മ ആന്റണി നിരപ്പേൽ | വലിയതോവാള |
| 13. | മേരി ശാലോം സെബാസ്റ്റ്യൻ | ,, |
| 14. | ത്രേസ്യാമ്മ സെബാസ്റ്റ്യൻ | ,, |
| 15. | അന്ന മരിയ ബിജു | ,, |
| 16. | സലോമി റോജൻ | ,, |
| 17. | മേരി റോജൻ | ,, |
| 18. | യോഹന്നാൻ ആന്റണി | ,, |
| 19. | ജോർജ് കുന്നേൽ | കപ്പാട് |
| 20. | റോസ് മരിയ ഷാജി കുന്നേൽ | ,, |
| 21. | ജോസഫ് മാത്യു കണ്ടച്ചവടക്കേതിൽ | ,, |
| 22. | മാത്യു (ഡോൺ) കുന്നുംപുറത്ത് | പുത്തൻകൊരട്ടി |
| 23. | ജേക്കബ് ചാക്കോ കുന്നുംപുറത്ത് | ,, |
| 24. | മാത്യു ആന്റണി തയ്യിൽ | കുമളി |
| 25. | മരിയറ്റ ജിൻസൺ അറയ്ക്കപ്പറമ്പിൽ | ,, |
| 26. | എഡ്വിൻ പാറയിൽ | കൊല്ലമുള |
| 27. | അഗസ്റ്റിൻ കുട്ടിക്കൽ | ,, |
| 28. | അതുൽ ഇടിയാകുന്നേൽ | ,, |
| 29. | മരിയ അടിമാക്കൽ | ,, |
| 30. | ജയ്ന ആറുതൊട്ടിയിൽ | ,, |

| | | |
|---|---|---|
| 31. | മറിയമ്മ വർഗ്ഗീസ് കാവുങ്കൽ | കാഞ്ഞിരപ്പള്ളി |
| 32. | ആഷ്ന കൊക്കാട്ട് | ഉമിക്കുപ്പ |
| 33. | തെരേസ് കുന്നപ്പള്ളി | ,, |
| 34. | ജോസഫ് മാത്യു കട്ടയ്ക്കൽ | പാലപ്ര |
| 35. | ഫിലിപ്പ് ആന്റണി കൈപ്പകശ്ശേരിൽ | കട്ടപ്പന |
| 36. | ആൽബർട്ട് വാതല്ലൂർ | പാണപിലാവ് |
| 37. | മേരിക്കുട്ടി അമ്മനത്ത് | ,, |
| 38. | ഏലിക്കുട്ടി അമ്മനത്ത് | ,, |
| 39. | സോനാ മരിയ ജോർജ് കുറ്റിക്കാട്ട് | കോരുത്തോട് |
| 40. | ജോസഫ് തന്നിക്കോട്ട് | എലിക്കുളം |
| 41. | സെബാസ്റ്റ്യൻ തൊട്ടുപുറം | ,, |
| 42. | എറിക്ക് റോയി തെക്കേമംഗലം | ,, |
| 43. | എയ്ഞ്ചൽ മാത്യു താഴത്തേടത്ത് | ,, |
| 44. | അലീന തോട്ടുപുറം | ,, |
| 45. | അഗസ്റ്റിൻ വർഗീസ് കക്കാട്ട് | വാളാർഡി |
| 46. | അൽഫോൻസാ പള്ളിയടിയിൽ | ,, |
| 47. | സ്റ്റീവ് എബി കാരയ്ക്കാട്ട് | പാമ്പാടുംപാറ |
| 48. | സേറ എബി കാരയ്ക്കാട്ട് | ,, |
| 49. | റ്റിയ റെജി മഠത്തിനാൽ | ,, |

## സൺഡേസ്കൂൾ മെരിറ്റ് ഡേ

സൺഡേ സ്കൂൾ മികവുത്സവം 2021 ജൂലൈ നാലാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് ഓൺലൈനായി നടത്തപ്പെട്ടു. മാർ ജോസ് പുളിക്കൽ പിതാവ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തുസംസാരിച്ചു. മീറ്റിംഗിൽ സൺഡേ സ്കൂളിൽ 12 വർഷവും മുടങ്ങാതെ മുഴുവൻ ഹാജർ നേടിയ വിദ്യാർഥികളെയും, 10, 12 ക്ലാസുകളിലെ റാങ്ക് ജേതാക്കളായവരെയും ആദരിച്ചു. സിഞ്ചെല്ലൂസ് പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ചെറുപുഷ്പ മിഷൻലീഗ്

സംസ്ഥാന ഡയറക്ടർ ഫാ.ജോബി പുച്ചൂക്കണ്ടത്തിൽ എന്നിവർ വിദ്യാർഥികൾക്ക് ആശംസകൾ നേർന്നു സംസാരിച്ചു. 12 വർഷവും മുടങ്ങാതെ സൺഡേ സ്കൂളിൽ പങ്കെടുത്ത വിദ്യാർഥികൾ വിശ്വാസജീവിത പരിശീലന ദിവസങ്ങളിലെ അനുഭവങ്ങൾ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി പങ്കുവെച്ചത് മീറ്റിങ്ങിനെ വർണാഭമാക്കി. മിഷൻ ലീഗ് ഫൊറോനാ ആനിമേറ്റേഴ്സ് സി. റിറ്റാ മരിയ FCC, സി.അനിറ്റ് SABS എന്നിവർ വിദ്യാർഥികളെ അനുമോദിച്ചു. റാങ്ക് ജേതാക്കളുടെ പ്രതിനിധിയായി അലീന സെബാസ്റ്റ്യൻ കുളത്തുങ്കൽ മീറ്റിങ്ങിൽ സംസാരിച്ചു. മിഷൻലീഗ് എക്സിക്യൂട്ടീവ് അംഗം ശ്രീ മാത്യുസ് മടുക്കക്കുഴി നന്ദി പറഞ്ഞു.

**BCC Batch Gathering**

സഭാതലത്തിൽ നടത്തപ്പെട്ട BCC ഓൺലൈൻ കോഴ്സിൽ പങ്കെടുത്ത അധ്യാപകരുടെ Zoom Meeting ജൂലൈ 18-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. അധ്യാപകർ കോഴ്സിനെക്കുറിച്ചുള്ള അഭി പ്രായങ്ങൾ പങ്കുവച്ചു. വികാരി ജനറാൾ പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കലച്ചൻ കോഴ്സ് പൂർത്തിയാക്കിയവരെ അനു മോദിച്ചു സംസാരിച്ചു. തുടർന്ന് രൂപതാ ആനിമേറ്റർ ശ്രീ. ബിനോ പി. ജോസ് മുഖ്യസന്ദേശം നൽകി. രൂപതയിലെ മുഴുവൻ വിശ്വാസ ജീവിതപരിശീലകരും പ്രസ്തുത ക്ലാസുകൾ ഗ്രഹിച്ച് അവയുടെ സന്ദേശം പ്രാവർത്തികമാക്കണമെന്ന നിർദ്ദേശമുണ്ടായി. മിസ് റിയ ജേക്കബ്, ശ്രീ. ജോബി മൂഴയിൽ തുടങ്ങിയവർ സംസാരിച്ചു.

കോഴ്സിൽ പങ്കെടുത്തവരിൽ 34 ചോദ്യങ്ങളുടെയും ഉത്തര ങ്ങൾ സുവാറ ഓഫീസിലേക്ക് അയച്ചുതന്നവർക്ക് BCC സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

**ആനിമേറ്റേഴ്സ് ഓൺലൈൻ മീറ്റിംഗ്**

സൺഡേസ്കൂൾ രൂപതാ ആനിമേറ്റേഴ്സിന്റെ ഓൺലൈൻ കോൺഫ്രൻസ് ജൂലൈ 10-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. ഈ വർഷത്തെ കർമ്മപദ്ധതികളെപ്പറ്റി ചർച്ച ചെയ്തു. തുടർന്ന് ശ്രീ. അനിൽ ബോസ് കരിയർ ഗൈഡൻസ് ക്ലാസ് നയിച്ചു. കുട്ടികൾക്ക്

ഉപകാരപ്രദമായ കോഴ്സുകളെപ്പറ്റി അധ്യാപകരെ ബോധവത്ക്കരിച്ചു. ശ്രീ. തോമസ് വെള്ളാപ്പള്ളിൽ, ശ്രീ. തോമസ് പുൽത്തകിടിയിൽ, ശ്രീ. ഷിജോ തോണിയാങ്കൽ, ശ്രീ. സുനിൽ വടക്കേനാത്ത് തുടങ്ങിയവർ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പങ്കുവച്ചു. അഭിവന്ദ്യ പിതാവും പെരിയ ബഹു. ബോബി അച്ചനും അധ്യാപകരെ അഭിസംബോധന ചെയ്തു സംസാരിച്ചു.

**ഹെഡ്മാസ്റ്റേഴ്സ് മീറ്റിംഗ്**

രൂപതയിലെ സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സിന്റെ ഓൺലൈൻ സമ്മേളനം ജൂലൈ 11-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. സിസ്റ്റർ ജീവാ ജോസ് സി.എം.സി. പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു. വികാരി ജനറാൾ പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കലച്ചൻ ആമുഖസന്ദേശം നൽകി. തുടർന്ന് ആനുകാലിക വിശ്വാസപ്രതിസന്ധികളിൽ നമ്മുടെ നിലപാടുകളെപ്പറ്റി ശ്രീ. കെ.വി. സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു. സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ പ്രതിനിധികൾ നിർദ്ദേശങ്ങൾ പങ്കുവച്ചു.

**റവ. ഡോ. ആന്റണി നിരപ്പേൽ അച്ചന് ആദരാഞ്ജലികൾ**

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ആന്റണി നിരപ്പേലച്ചന് രൂപതാ വിശ്വാസജീവിതപരിശീലനകേന്ദ്രം ആദരാഞ്ജലികളർപ്പിച്ചു. അവിഭക്ത ചങ്ങനാശ്ശേരി അതിരൂപതയുടെ സന്ദേശനിലയം ഡയറക്ടറായി സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച ആന്റണിയച്ചൻ വിശ്വാസപരിശീലന മേഖലകളിൽ നിസ്തുല സംഭാവനകൾ നൽകിയ വ്യക്തിത്വമാണ്. മതാധ്യാപകർക്കായി ബോധവത്ക്കരണ സെമിനാറുകൾ നൂതനശൈലികളിലൂടെ നടത്തുന്നതിൽ അച്ചൻ പ്രത്യേകം ശ്രദ്ധ ചെലുത്തി. വിദ്യാഭ്യാസ മേഖലയിലെ ശ്രേഷ്ഠമായ സംഭാവനകൾക്കു പുറമെ സഭൈക്യസംരംഭങ്ങൾക്കും കമ്പ്യൂട്ടർ പരിജ്ഞാനത്തിനും ഊന്നൽ നല്കിയ ആന്റണിയച്ചൻ ആയിരങ്ങൾക്ക് അക്ഷരവെളിച്ചവും തൊഴിലും നൽകാൻ ഏറ്റെടുത്ത ത്യാഗത്തെയും അർപ്പണബോധത്തെയും നന്ദിയോടെ സ്മരിക്കുന്നു.

### ശ്രീമതി മേരിക്കുട്ടി വടശ്ശേരിൽ മെമ്മോറിയൽ സ്കോളർഷിപ്പ്

രൂപതയിലെ ബാലികാ ഭവനങ്ങളിലെ കുട്ടികളിൽ നിന്നും സൺഡേസ്കൂളിൽ 10-ാം ക്ലാസിൽ ഏറ്റവും കൂടുതൽ മാർക്കു നേടുന്നവർക്കായി ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പിന് അർഹരായ കുട്ടികൾ.

I മറിയാമ്മ വടക്കേടത്ത് വലിയതോവാള

II എലിസബത്ത് & ട്രീസാ മൂലയിൽ, കണ്ണിമല

### അന്നമ്മ ചിറ്റപ്പനാട്ട് പാലൂർക്കാവ് മെമ്മോറിയൽ സ്കോളർഷിപ്പ്

ബഹു. സെബാസ്റ്റ്യൻ ചിറ്റപ്പനാട്ടച്ചൻ തന്റെ പ്രിയ മാതാവിന്റെ ഓർമ്മയ്ക്കായി പത്താം ക്ലാസ്സിലെ അർഹതയുള്ള കുട്ടികൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന അന്നമ്മ ചിറ്റപ്പനാട്ട് പാലൂർക്കാവ് മെമ്മോറിയൽ സ്കോളർഷിപ്പിന് അർഹരായവർ

I സെബാസ്റ്റ്യൻ വർഗീസ് തൃട്ടയിൽ, നെറ്റിത്തൊഴു

II മരിയറ്റ് & ജിയന്ന ജിമ്മി ഊട്ടുകളത്തിൽ, കൊല്ലമുള

### ജിക്കു ഡി. തോമസ് പൈനുംമൂട്ടിൽ മെമ്മോറിയൽ സ്കോളർഷിപ്പ്

അകാലത്തിൽ വേർപിരിഞ്ഞ കാഞ്ഞിരപ്പള്ളി കത്തീദ്രൽ ഇടവകാംഗമായ ജിക്കു പൈനുമൂട്ടിലിന്റെ കുടുംബാംഗങ്ങൾ 12 വർഷവും മുഴുവൻ ഹാജർ നേടിയ കുട്ടികളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് നേടിയതും അർഹതയുള്ളതുമായ ഒരാൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പ്രത്യേക സ്കോളർഷിപ്പിന് (Rs.10000/-) അർഹയായിരിക്കുന്നത് കൊച്ചുതോവാള ഇടവകാംഗമായ അൻസു തോമസ് കാവിൽപുരയിടത്തിൽ ആണ്. അൻസുവിനും സ്കോളർഷിപ്പ് ഏർപ്പെടുത്തിയ പൈനുംമൂട്ടിൽ കുടുംബാംഗങ്ങൾക്കും അഭിനന്ദനങ്ങളും നന്ദിയും.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**പ്ലാറ്റിനം ജൂബിലി Count Down**

ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾക്കുള്ള Count Down ഭാഗമായി 75 ദിവസം കുഞ്ഞുമിഷനറിമാർ പ്രാർത്ഥിച്ചൊരുങ്ങുന്നു. ഓരോ ദിവസത്തെയും വിചിന്തനവിഷയവും ബൈബിൾ ഭാഗവും പ്രത്യേകനിയോഗവും കുട്ടികൾക്ക് അയച്ചു നൽകുന്നതാണ്. 'ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്' എന്നതാണ് ഈ വർഷത്തെ ആദർശവാക്യം.

**വചനക്കളരി**

ബൈബിളിലെ 73 പുസ്തകങ്ങളിൽ നിന്നും ഓരോ വചനം മനഃപാഠമാക്കാൻ കുട്ടികളെ സഹായിക്കുന്ന വചനക്കളരി പൂർത്തിയായിരിക്കുകയാണ്. 73 വചനങ്ങളും മനഃപാഠമാക്കിയ കുട്ടികളുണ്ടെങ്കിൽ അവരുടെ പേര് കേന്ദ്ര ഓഫീസിലെ വാട്ട്സ് ആപ്പ് നമ്പറിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

**നന്ദി, സ്വാഗതം**

ചെറുപുഷ്പ മിഷൻലീഗിന്റെ ഫൊറോനാ ഡയറക്ടേഴ്സായി സ്തുത്യർഹമായ ശുശ്രൂഷ ചെയ്ത ഫാ. മാത്യു കുഴിക്കാട്ട് (പൊൻകുന്നം), ഫാ. ജോം പാറയ്ക്കൽ (റാന്നി), ഫാ. വർഗീസ് കണിയാംനടയ്ക്കൽ (കുമളി) എന്നിവർക്ക് ആത്മാർത്ഥമായ നന്ദി.

പുതിയ ഫൊറോനാ ഡയറക്ടേഴ്സായി നിയമിതരായിരിക്കുന്ന ഫാ. ജോസഫ് പന്നലക്കുന്നേൽ (പൊൻകുന്നം), ഫാ. ജോസഫ് മരുതോലിൽ (റാന്നി), ഫാ. ആന്റണി തെക്കേക്കുറ്റ് (കുമളി) എന്നിവർക്ക് ഹാർദ്ദമായ സ്വാഗതം.

## സി.എം.എൽ. ഫൊറോനാ ഡയറക്ടേഴ്സ്

ഫാ. പയസ് കൊച്ചുപറമ്പിൽ (കാഞ്ഞിരപ്പള്ളി)

ഫാ. ജോസഫ് പന്നലക്കുന്നേൽ (പൊൻകുന്നം)

ഫാ. ജേക്കബ് ചാത്തനാട്ട് (പത്തനംതിട്ട)

ഫാ. ജോസഫ് മരുതോലിൽ (റാന്നി)

ഫാ. ആന്റണി കോട്ടൂർ (എരുമേലി)

ഫാ. എബിൻ കുന്നത്ത് CMI (മുണ്ടക്കയം)

ഫാ. ജോസ് വലിയകുന്നത്ത് (പെരുവന്താനം)

ഫാ. റ്റിനു കിഴക്കേവേലിക്കകത്ത് (മുണ്ടിയെരുമ)

ഫാ. വിജിൻ കോട്ടൂർ MSFS (ഉപ്പുതറ)

ഫാ. ജോസഫ് കൊല്ലംപറമ്പിൽ MCBS (കട്ടപ്പന)

ഫാ. ആന്റണി തെക്കേക്കുറ്റ് (കുമളി)

ഫാ. ജിബിൻ പാറപ്പുറമ്പിൽ MSFS (അണക്കര)

## സി.എം.എൽ. ഫൊറോനാ ജോയിന്റ് ഡയറക്ടേഴ്സ്

1. സി. അനിറ്റ് SABS, പൊൻകുന്നം
2. സി. ഈഡിത്ത് മരിയ CMC, കാഞ്ഞിരപ്പള്ളി
3. സി. അലീന FCC, എരുമേലി
4. സി. എൽസ SH, റാന്നി
5. സി. ധന്യ റോസ് CMC പത്തനംതിട്ട
6. സി. ആൻ തെരേസ് FCC, വെളിച്ചിയാനി
7. സി. റോസ്‌ലിറ്റ് SABS, മുണ്ടക്കയം
8. സി. റിറ്റ മരിയ FCC പെരുവന്താനം
9. സി. ലിസ്ബത്ത് SABS, ഉപ്പുതറ
10. സി. ലില്ലി ട്രീസാ FCC, കട്ടപ്പന
11. സി. ആൻസിൽ മരിയ FCC, മുണ്ടിയെരുമ
12. സി. അനു റോസ് FCC, അണക്കര
13. സി. ആൻസ് റ്റോം SABS, കുമളി

**സ്നേഹാദരവ്**

രൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ സൺഡേ സ്കൂളിൽ 12 വർഷവും മുഴുവൻ ഹാജർ നേടിയവരെയും 10, 12 ക്ലാസു കളിൽ ആദ്യ 5 റാങ്കുകൾ നേടിയ കുട്ടികളെയും ആദരിച്ചു. ജൂലൈ 18-ാം തീയതി നടത്തപ്പെട്ട ഓൺലൈൻ കോൺഫ്രൻസിൽ മാർ ജോസ് പുളിക്കൽ, പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ഫേബാ തെരേസ് സെബാസ്റ്റ്യൻ, മിഷൻലീഗ് പ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു.

**സെന്റ് തോമസ് ഡേ**

ജൂലൈ 3-ാം തീയതി വിവിധ ഫൊറോനാ സമിതികളുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനവും കുട്ടികളുടെ വിവിധ പരിപാടികളും നടത്തപ്പെട്ടു.

**സ്റ്റാൻ സ്വാമി അനുസ്മരണം**

ഉത്തമ മിഷനറിയായിരുന്ന ഫാ. സ്റ്റാൻ സ്വാമിയെ അനുസ്മ രിച്ച് മിഷൻലീഗ് അംഗങ്ങൾ തിരികൾ തെളിച്ചു പ്രാർത്ഥിക്കുകയും ലഘുവീഡിയോ സന്ദേശങ്ങൾ, ചിത്രങ്ങൾ, കൊളാഷ് തുടങ്ങിയവ പ്രദർശിപ്പിക്കുകയും ചെയ്തു. കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, വെളി ച്ചിയാനി, പൊൻകുന്നം, റാന്നി, പെരുവന്താനം, ഉപ്പുതറ, കട്ടപ്പന, അണക്കര ഫൊറോനാകളിൽ ഓൺലൈൻ സമ്മേളനങ്ങൾ ക്രമീ കരിക്കപ്പെട്ടു.

**ഭരണങ്ങാനം തീർത്ഥാടനം**

മിഷൻലീഗ് ചെങ്ങളം ശാഖയുടെ നേതൃത്വത്തിൽ കഴിഞ്ഞ 22 വർഷങ്ങളായി നടന്നു വരുന്ന ഭരണങ്ങാനം തീർത്ഥാടനത്തിൽ മിഷൻലീഗ് എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കുചേർന്നു. ഡയറക്ടറ ച്ചൻ ഭരണങ്ങാനത്ത് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**അൽഫോൻസാ ദിനാചരണം**

വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച്

വിവിധ ഇടവക ഫൊറോനാ സമിതികൾ മിഷൻലീഗ് സജീവാംഗങ്ങളുടെ ഓൺലൈൻ സമ്മേളനങ്ങൾ ക്രമീകരിച്ചു. അൽഫോൻസാ സെക്ഷനിലെ കുട്ടികളുടെ കലാപരിപാടികളും ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു.

**Grand Parent's Day**

ജൂലൈ 25-ാം തീയതി ഞായറാഴ്ച Grand Parent's Day യോടനുബന്ധിച്ച് കുട്ടികൾ മാതാപിതാക്കളോടും ഗ്രാന്റ് പേരന്റ്സിനോടുമൊപ്പം ചെലവഴിക്കുകയും ലഘുവീഡിയോ സന്ദേശങ്ങൾ തയ്യാറാക്കുകയും അവരോടൊപ്പമുള്ള നല്ല ഓർമ്മകൾ ചേർത്ത് കത്തുകളെഴുതി വായിച്ചു കേൾപ്പിക്കുകയും ചെയ്തു. മുത്തശ്ശീ മുത്തശ്ശന്മാരുടെ അനുഭവങ്ങളും ഓർമ്മക്കുറിപ്പുകളും പങ്കുവച്ചത് ദിനാചരണത്തെ വ്യത്യസ്തമാക്കി.

**വിയാനി ഡേ**

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ഓഗസ്റ്റ് 4-ാം തീയതി ഇടവകയിലെ ബഹു. വൈദികരെ അനുമോദിക്കാനും അവർക്കായി പ്രത്യേക വീഡിയോ സന്ദേശങ്ങൾ, ഗാനങ്ങൾ, വിവിധ പരിപാടികൾ തുടങ്ങിയവ ക്രമീകരിക്കാനും മിഷൻലീഗ് അംഗങ്ങൾ ശ്രദ്ധിക്കുമല്ലോ. 6 പേരടങ്ങിയ മിഷൻലീഗ് എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് വൈദികരുടെ അനുവാദത്തോടെ ദൈവാലയ ശുശ്രൂഷകളിൽ പങ്കെടുക്കാവുന്നതാണ്.

**മദ്ബഹാ ശുശ്രൂഷക സംഗമം**

ഓഗസ്റ്റ് 15-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതയിലെ മുഴുവൻ മദ്ബഹാ ശുശ്രൂഷികളുടെയും ഓൺലൈൻ സംഗമം നടത്തപ്പെടുന്നു. മദ്ബഹാ ശുശ്രൂഷികളുടെ ദൗത്യത്തിന്റെ ശ്രേഷ്ഠത അനുസ്മരിപ്പിക്കുവാനും അവരെ ശക്തീകരിക്കുവാനും ലക്ഷ്യമിടുന്ന പ്രസ്തുത സംഗമത്തിൽ പങ്കുചേരുവാൻ ഇടവകകളിലെ മദ്ബഹാ ശുശ്രൂഷികളെ ഓർമ്മിപ്പിക്കുമല്ലോ.

**മിഷൻ സംഗമം**

ഓണക്കാല അവധിയോടനുബന്ധിച്ച് ഓഗസ്റ്റ് 23-ാം തീയതി ഞായറാഴ്ച വിവിധ ഫൊറോനാസമിതികളുടെ നേതൃത്വത്തിൽ മിഷൻലീഗ് സജീവാംഗങ്ങളുടെ ഓൺലൈൻ മിഷൻ സംഗമം ക്രമീകരിക്കേണ്ടതാണ്. കാര്യപരിപാടികൾ ഫൊറോനാ സമിതികൾക്ക് തീരുമാനിക്കാവുന്നതാണ്. മിഷൻലീഗിന്റെ ലക്ഷ്യങ്ങളായ പ്രേഷിതപ്രവർത്തനം, ദൈവവിളി പ്രോത്സാഹനം, വ്യക്തിത്വ വികസനം എന്നിവയ്ക്കാണ് ഊന്നൽ നൽകേണ്ടത്. ഒക്ടോബർ 3-ാം തീയതി ആരംഭിക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ മാർഗ്ഗരേഖയും തയ്യാറാക്കേണ്ടതാണ്.

**അനുദിന പ്രാർത്ഥന**

ചെറുപുഷ്പമിഷൻലീഗിന്റെ അനുദിനപ്രാർത്ഥന മനഃപാഠമാക്കുവാനും എന്നും ചൊല്ലുവാനും മീറ്റിംഗുകളിൽ ബാഡ്ജ് ധരിക്കുവാനും മിഷൻലീഗ് അംഗങ്ങൾ ശ്രദ്ധിക്കുമല്ലോ.

**ഇംഗ്ലീഷ്, ഹിന്ദി പ്രസംഗമത്സരം**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് 4 മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികൾക്കായി ഇംഗ്ലീഷ്, ഹിന്ദി പ്രസംഗമത്സരം നടത്തപ്പെടുന്നു. എന്റെ ഭാരതം എന്ന വിഷയത്തെ ആസ്പദമാക്കി ഡോമിനിക്ക് സാവിയോ, അൽഫോൻസാ സെക്ഷൻ തിരിച്ചാണ് മത്സരം. പങ്കുചേരാനാഗ്രഹിക്കുന്ന കുട്ടികൾ ഓഗസ്റ്റ് 10-ാം തീയതിക്കുമുമ്പായി രണ്ടു മിനിറ്റിൽ താഴെയുള്ള പ്രസംഗങ്ങൾ റെക്കോർഡ് ചെയ്ത് ബഹു. വൈദികരെയോ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരെയോ ഏല്പിക്കേണ്ടതാണ്. ഇടവകകളിൽ നിന്നും ഏറ്റവും മികച്ച രണ്ടു പ്രസംഗങ്ങൾ ഓഗസ്റ്റ് 13-ാം തീയതി 8.00 p.m. നു മുമ്പായി മിഷൻലീഗ് ഫോറോനാകേന്ദ്രത്തിൽ നിന്നും നൽകുന്ന വാട്ട്സ് ആപ്പ് നമ്പറിൽ അയച്ചുനല്കേണ്ടതാണ്.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

**വി. മത്തായിയുടെ സുവിശേഷം**

വി. മത്തായിയുടെ സുവിശേഷത്തേക്കുറിച്ചുള്ള ഓൺലൈൻ കോഴ്സ് ജൂലൈ 24, 25 തീയതികളിൽ വൈകുന്നേരം 6-7 മണിവരെ നടത്തുകയുണ്ടായി. പ്രാരംഭക്ലാസുകളിൽ പങ്കെടുത്ത എല്ലാവർക്കും ഹൃദ്യമായ നന്ദി. തുടർന്നുവരുന്ന ശനിയാഴ്ചകളിലും, ഞായറാഴ്ച കളിലും പതിവുസമയത്ത് ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്.

**കെ.സി.ബി.സി. ബൈബിൾ സാഹിത്യ മത്സരങ്ങൾ - 2021**

മത്സരങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ ജൂൺ - ജൂലൈ ലക്കം രൂപതാ ബുള്ളറ്റിനിൽ ലഭ്യമാണ്. നിങ്ങളുടെ സാഹിത്യരചന കൾ ഒക്ടോബർ 1-ന് മുമ്പായി കെ.സി.ബി.സി. ബൈബിൾ കമ്മീ ഷന്റെ ഓഫീസിലേക്ക് അയയ്ക്കുമല്ലോ.

## Gospel Retreat

മതാദ്ധ്യാപകർ, സന്ന്യാസിനികൾ, വിവിധ ഭക്തസംഘടനക ളിലെ അംഗങ്ങൾ തുടങ്ങി ചെറിയ ഗ്രൂപ്പുകൾക്ക് (30 മുതൽ 50 വരെ അംഗങ്ങളാകാം) സുവിശേഷ പഠനധ്യാനം ഓൺലൈനായി നടത്തു വാൻ ആഗ്രഹിക്കുന്നു. വി. യോഹന്നാന്റെ സുവിശേഷമായിരിക്കും ഈ വർഷത്തെ ധ്യാനവിഷയം. താത്പര്യമുള്ളവർ ഇടവക വികാരി മുഖേന ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടറുമായി ബന്ധപ്പെടു ക. ഒന്നര മണിക്കൂർ ദൈർഘ്യമുള്ള ധ്യാനവിചിന്തനം വൈകുന്നേര ങ്ങളിൽ (നാലുദിവസം) ലഭ്യമാക്കുന്നതാണ്.

**ഫാ. തോമസ് നിരപ്പേൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ്
# (എസ്. എം. വൈ. എം.)

ജൂലൈ 3 ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് NEK FM സംപ്രേഷണം ചെയ്തു. വൈകുന്നേരം 6 മണി മുതൽ 8 മണി വരെ നടന്ന സംപ്രേഷണത്തിൽ നിരവധിപേർ അവരുടെ വിശ്വാസഅനുഭവം പങ്കുവയ്ക്കുകയും തോമസ് നാമധാരികൾക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു. ദുക്റാനയുമായി ബന്ധപ്പെട്ട ഗാനങ്ങളും സംപ്രേഷണം ചെയ്തു.

**യുവജനദിനം**

ജൂലൈ 4 യുവജന ദിനത്തോടനുബന്ധിച്ച് രൂപതാ സമിതി അംഗങ്ങൾ പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടി വിശുദ്ധ കുർബാന അർപ്പിക്കുകയും പതാക ഉയർത്തുകയും എക്സിക്യൂട്ടീവ് യോഗം ചേരുകയും ചെയ്തു. അന്നേദിവസം രൂപതയിലെ നൂറോളം ഇടവകകളിൽ യുവജനങ്ങൾക്കായി വിശുദ്ധ കുർബാന അർപ്പിച്ചും, പതാക ഉയർത്തിയും യോഗങ്ങൾ ചേർന്നും യുവജനദിനം ആഘോഷിച്ചു. യുവജനദിനം വിജയകരമായി നടത്താൻ സഹകരിച്ച ഫൊറോനാ ഡയറക്ടർ അച്ചന്മാർ, ഇടവക വികാരിയച്ചൻമാർ, ആനിമേറ്റേഴ്സ്, എക്സിക്യൂട്ടീവ്സ്, യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

**Stand With Stan Swami**

ഭരണകൂട ഭീകരതയ്ക്ക് ഇരയായ ഫാ. സ്റ്റാൻ സ്വാമിയുടെ വിയോഗത്തിൽ പ്രതിഷേധിച്ചുകൊണ്ട് ജൂലൈ 6 ന് വിവിധ ഇടവകകളിൽ യുവജനങ്ങൾ ഒന്നിച്ചുകൂടി തിരികൾ കത്തിച്ച് അനുശോചിക്കുകയും പ്രതിഷേധിക്കുകയും ചെയ്തു. രൂപതാ

സമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധ സദസ്സ് നടത്തി. ജനറൽ സെക്രട്ടറി തോമാച്ചൻ കത്തിലാങ്കൽ, ട്രഷറർ ജിയോ, മുണ്ടക്കയം ഫൊറോനാ പ്രസിഡന്റ് അമൽ, മുൻ രൂപതാ പ്രസിഡന്റ് ജോമോൻ പൊടിപാറ, ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

**JUVENTUS 2021**

ജൂലൈ 11 – ന് KCYM സംസ്ഥാന സമിതിയുടെ യുവജനദിന ആഘോഷത്തിന്റെ ഭാഗമായി ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ വി. കുർബാന അർപ്പിച്ചു.

**കത്തുകൾ അയച്ചു**

ക്രൈസ്തവ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ജെ. ബി. കോശി കമ്മീഷൻ മുമ്പാകെ നിവേദനം സമർപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ഇടവകകളിൽ നിന്നും യുവജനങ്ങൾ നിവേദനങ്ങൾ അയച്ചു.

**സംയുക്ത നേതൃസംഗമം**

ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിലെ യുവജന നേതാക്കന്മാരുടെ നേതൃസംഗമം കാഞ്ഞിരപ്പള്ളി രൂപത എസ് എം വൈ എം ഓഫീസിൽ വച്ച് നടത്തപ്പെട്ടു. മൂന്ന് രൂപതകളിലെയും ഡയറക്ടർമാർ, പ്രസിഡന്റുമാർ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. സഭയും സഭയുടെ യുവജന പ്രസ്ഥാനങ്ങളും നേരിട്ടുകൊണ്ടിരിക്കുന്ന ആനുകാലിക സംഭവങ്ങളും അവയെ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങളും ചർച്ചയ്ക്ക് വിഷയമായി. എസ് എം വൈ എം ഗ്ലോബൽ ഡയറക്ടർ ഫാദർ ജേക്കബ് ചക്കാത്തറ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

EXPLORE 2021

SSLC ക്ക് ശേഷമുള്ള തുടർവിദ്യാഭ്യാസത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വെബിനാർ, ‘EXPLORE’ ജൂലൈ 18 ന് സംഘടിപ്പിച്ചു.

ശ്രീ. ബ്രിജേഷ് ജോർജ് ജോൺ ക്ലാസ്സ് നയിച്ചു. 150 വിദ്യാർത്ഥികൾ പങ്കെടുത്തു.

**സത്യാനന്തര കാലത്തെ മാധ്യമങ്ങൾ**

മാധ്യമങ്ങൾ, ധർമ്മം മറന്ന് അസത്യങ്ങൾക്ക് കുടപിടിക്കുന്ന ഈ കാലഘട്ടത്തിൽ 'സത്യാനന്തര കാലത്തെ മാധ്യമങ്ങൾ' എന്ന വിഷയത്തെ കുറിച്ച് ജൂലൈ 21ന് വെബിനാർ സംഘടിപ്പിച്ചു. ശ്രീ.ബിൻസ് എം. മാത്യൂസ് ക്ലാസ്സ് നയിച്ചു.

**സ്വാഗതം**

പുതിയ ഫൊറോന ഡയറക്ടർമാരായി നിയമിതരായ ഫാ. തോമസ് പട്ടർകാലായിൽ (അണക്കര ഫൊറോന) ഫാ. ജോൺ മതിയത്ത് (പൊൻകുന്നം ഫൊറോന) ഫാ. വർഗീസ് ചിറയ്ക്കൽ (വെളിച്ചിയാനി ഫൊറോന) എന്നീ വൈദികർക്ക് SMYM കുടുംബ ത്തിലേക്ക് സ്വാഗതം.

**നന്ദി**

അണക്കര ഫൊറോനാ ഡയറക്ടറായി സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച ബഹുമാനപ്പെട്ട ഫാ. ജോർജ് അനന്തകാട്ടിന് രൂപതാ കുടുംബത്തിന്റെ നന്ദി.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**ജൂലൈ 25 – മുത്തശ്ശി മുത്തശ്ശന്മാരുടെയും വയോജനങ്ങളുടെയും പ്രഥമ ലോകദിനം**

ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച മുത്തശ്ശി മുത്തശ്ശന്മാരുടെയും വയോജനങ്ങളുടെയും പ്രഥമ ലോകദിനം ആചരിച്ചു. സീറോ മലബാർ സഭാതലത്തിൽ 2021 ജൂലൈ 24–ാം തീയതി ശനിയാഴ്ച നടന്ന സൂം മീറ്റിംഗിൽ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് ഈ ദിനത്തെക്കുറിച്ച് വിശദീകരിച്ച് സംസാരിച്ചു. രൂപതാ ഡയറക്ടറും രൂപതയിൽ നിന്ന് ഔദ്യോഗികമായി ക്ഷണിക്കപ്പെട്ട പ്രതിനിധികൾ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു. സോഷ്യൽ മീഡിയായിൽ പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ പോസ്റ്ററുകളും സ്റ്റാറ്റസ് വീഡിയോയും തയ്യാറാക്കുകയും ചെയ്തു.

വയോജനങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക വിശുദ്ധ കുർബാനയും തിരുക്കർമ്മങ്ങളും പ്രായമായവർക്ക് വീടുകളിൽ വി. കുർബാനയും കുമ്പസാരവും നൽകൽ, മാതൃവേദി, പിതൃവേദി, എസ്.എം.വൈ.എം., സി.എം.എൽ. സംഘടനകളുടെ നേതൃത്വത്തിൽ വയോജനങ്ങൾക്കായുള്ള വിവിധ പ്രോഗ്രാമുകൾ തുടങ്ങിയവ ഇടവക തലങ്ങളിലും നടത്തപ്പെട്ടു.

**ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ**

കേരളത്തിലെ ക്രൈസ്തവരുടെ സാമ്പത്തിക സാമൂഹ്യ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പഠിക്കുന്ന ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനിലേയ്ക്ക് രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നിവേദനം തയ്യാറാക്കി അയച്ചു.

# പിതൃവേദി

### സസുഖം സകുടുംബം സെമിനാർ

കോവിഡ്കാല പ്രതിസന്ധികളെ വിജയകരമായി തരണം ചെയ്യുന്നതിന് കുടുംബങ്ങളെ സഹായിക്കാൻ മാതൃവേദിയും പിതൃവേദിയും ചേർന്ന് ഒരുക്കുന്ന ‘സസുഖം സകുടുംബം’ ഓൺലൈൻ സെനിനാർ പരമ്പരയിലെ നാലാമത്തെ ക്ലാസ് ‘ഓൺലൈൻ കുട്ടികളും ഓഫ് ലൈൻ മാതാപിതാക്കളും’ എന്ന വിഷയത്തിൽ ജൂലൈ 18 ഞായറാഴ്ച വൈകിട്ട് 6.30 മുതൽ നടത്തി. ശ്രീ. സാജൻ പാപ്പച്ചൻ ക്ലാസ് നയിച്ചു.

### നേതൃസംഗമം

പിതൃവേദി രൂപത ഭാരവാഹികളുടെയും ഇടവക പ്രസിഡന്റ്മാരുടെയും ഓൺലൈൻ സമ്മേളനം ജൂലൈ 10-ാം തീയതി

---

## കുടുംബപ്രേഷിതത്വം

### ഓഗസ്റ്റ് 10 ബ്ലാക് ഡേ ആചരണം

ഇൻഡ്യയിൽ ശതകോടികണക്കിന് നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ മരണത്തിന് വഴിവച്ച Medical Termination of Pregnancy (MTP) Act പാസ്സായതിന്റെ 50-ാം വാർഷികമായ 2021 ഓഗസ്റ്റ് 10-ാം തീയതി CBCI യുടെ ആഭിമുഖ്യത്തിൽ Black Day ആയി ആചരിക്കുന്നു.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

വൈകുന്നേരം 6.30 മുതൽ നടത്തി. പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കൽ അച്ചൻ സന്ദേശം നൽകി. ഭാരവാഹികൾ നിലവിൽ രൂപതാതലത്തിലും ഇടവക തലത്തിലും നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിവരിക്കുകയും ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് നിവേദനങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും ചർച്ച ചെയ്തു.

**പ്രതിഷേധം**

ദക്ഷിണ ഡൽഹിയിൽ അന്ധേരി മോഡിലുള്ള ലിറ്റിൽ ഫ്ളവർ സീറോ മലബാർ ദൈവാലയം തകർത്തതിൽ രൂപതാ മാതൃ-പിതൃ വേദികളുടെ നേതൃത്വം പ്രതിഷേധിച്ചു. പിതൃവേദി രൂപതാ സെക്രട്ടറി ഡോ. ജൂബി മാത്യു പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു. ജൂലൈ 17-ാം തീയതി വൈകുന്നേരം 7 മണിക്ക് എല്ലാ കുടുംബങ്ങളിലും ജപമാല ചൊല്ലി പ്രത്യേക നിയോഗത്തിനായി സമർപ്പിക്കാനും തീരുമാനിച്ചു.

**ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ**

രൂപതാ പിതൃവേദിയുടെ നിവേദനം തയ്യാറാക്കി ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന് അയച്ചു കൊടുത്തു.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

**അർദ്ധ വാർഷിക റിപ്പോർട്ട്**

അന്തർദേശീയ മാതൃവേദിയിൽ നിന്നുള്ള നിർദ്ദേശപ്രകാരം 2021 ജനുവരി 1 മുതൽ ജൂൺ 30 വരെയുള്ള പ്രവർത്തനങ്ങളുടെ ഇടവക, ഫൊറോന, രൂപതാ തലത്തിലെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി അന്തർദേശീയ സമിതിയിലേയ്ക്ക് അയച്ചുകൊടുത്തു.

**ലേഖന രചനാ മത്സരം**

മാതൃവേദി അന്തർദേശീയ തലത്തിൽ മാർ യൗസേപ്പ് പിതാവിനെക്കുറിച്ച് ലേഖനമത്സരം നടത്തുന്നു.

ഇടവകതലത്തിൽ ലഭിക്കുന്ന മികച്ച രണ്ട് ലേഖനങ്ങൾ ഓഗസ്റ്റ് 5-നകം ഫൊറോനാ ഭാരവാഹികൾക്കും ഓരോ ഫൊറോനായിൽ നിന്നും ലഭിക്കുന്ന മികച്ച രണ്ട് ലേഖനങ്ങൾ ഓഗസ്റ്റ് 15-നകം ഫൊറോനാ ഭാരവാഹികൾ രൂപതയിലേയ്ക്കും അയയ്ക്കേണ്ടതാണ്. രൂപതാതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് ലേഖനങ്ങൾ അന്തർദേശീയ മത്സരത്തിന് അയയ്ക്കുന്നതാണ്.

**ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ**

രൂപതാ മാതൃവേദിയുടേതായി തയ്യാറാക്കിയ നിവേദനം ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് അയച്ചുകൊടുത്തു.

**വിശുദ്ധ മോനിക്കയുടെ തിരുനാൾ**

മാതൃവേദിയുടെ സഹമദ്ധ്യസ്ഥയായ വി. മോനിക്കയുടെ തിരുനാൾ ഓഗസ്റ്റ് 27-ാം തീയതി ആഘോഷിക്കുന്നതാണ്.

| | |
|---|---|
| **ഫാ. ജോസഫ് കൊച്ചുവീട്ടിൽ**<br>**അസി. ഡയറക്ടർ** | **ഫാ. ഫിലിപ്പ് വട്ടയത്തിൽ**<br>**ഡയറക്ടർ** |

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**ജസ്റ്റീസ് J.B കോശി കമ്മീഷൻ പ്രോജക്റ്റ്**

ക്രൈസ്തവ സഭാസമൂഹങ്ങളിലെ പിന്നോക്കാവസ്ഥയെ കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച J.B. കോശി കമ്മീഷൻ മുൻപാകെ രൂപതയിലെ വിവിധ ഇടവകകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിന്ന് വിവരശേഖരണം നടത്തി ഒരു ആധികാരിക പഠനറിപ്പോർട്ട് സമർപ്പിച്ചു.

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**


**ചങ്ങനാശേരി അതിരൂപതാചരിത്ര കമ്മീഷൻ**
**അതിരൂപതാചരിത്രം വാല്യം III**

## കേരളവികസനത്തിനു സഭയുടെ സംഭാവനകൾ

രചന
**ഡോ. കുര്യാസ് കുമ്പളക്കുഴി**

**ക്രൗൺ 1/4 സൈസ്, മൾട്ടികളർ, കേസ് ബയന്റിംഗ്, നാനൂറോളം പേജുകൾ, ഐ.റ്റി.സി. മാപ്ലിതോ 80gsm പേപ്പർ**

**മുഖവില ₹800** | **സൗജന്യവില ₹500**

**സൗജന്യം 2021 സെപ്റ്റംബർ 11 വരെ മാത്രം**

താഴെക്കൊടുത്തിരിക്കുന്ന കേന്ദ്രങ്ങളിൽ സെപ്റ്റംബർ 11 വരെ സൗജന്യനിരക്കിൽ പണം സ്വീകരിക്കുന്നതാണ്.

1. ലൂർദ്ദ് ഫൊറോനാപ്പള്ളി തിരുവനന്തപുരം
2. ക്രൈസ്റ്റ് ദ കിംഗ് ഫൊറോന ചർച്ച് ആയൂർ
3. മാർ സ്ലീവാ ഫൊറോനാപ്പള്ളി ആലപ്പുഴ
4. സെന്റ് മേരീസ് ബസ്ലിക്കാ ചർച്ച് ചമ്പക്കുളം
5. സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോന ചർച്ച് നെടുംകുന്നം
6. സെന്റ് മേരീസ് ഫൊറോനാ ചർച്ച് അതിരമ്പുഴ
7. ലൂർദ്ദ് ഫൊറോനാപ്പള്ളി കോട്ടയം
8. സെന്റ് ജോസഫ്സ് ഓർഫനേജ് ബുക്സ്റ്റാൾ ചങ്ങനാശേരി

NB: *പണം അടയ്ക്കുന്നവർ ഒക്ടോബർ 15നുശേഷം പണം അടച്ച കേന്ദ്രത്തിൽ നിന്ന് രസീത് കാണിച്ച് പുസ്തകം കൈപ്പറ്റേണ്ടതാണ്.*

***അതിരൂപതാചരിത്ര കമ്മീഷനുവേണ്ടി***
**ഫാ. ജോസഫ് പനക്കേഴം** (കോ-ഓർഡിനേറ്റർ) 9495686825

# മേരിമാതാ മൈനർ സെമിനാരി

**ജൂലൈ 2021**

03 നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുന്നാളിനോടനുബന്ധിച്ച് സെമിനാരി പ്രൊക്കുറേറ്റർ ബഹു. തോമസ് നരിപ്പാറയിലച്ചൻ കുർബാന അർപ്പിച്ച് സന്ദേശം നല്കി.

– ബഹു. തോമസ് നരിപ്പാറയിലച്ചനും തോമസ് നാമധാരികളായ വൈദികവിദ്യാർത്ഥികൾക്കും നാമഹേതുകതിരുനാളിന്റെ ആശംസകൾ നേർന്നു.

05 മൂന്നാം വർഷ വിദ്യാർത്ഥികൾക്കും നാലാം വർഷ വിദ്യാർത്ഥികൾക്കും ഒന്നാം സെമസ്റ്റർ ക്ലാസുകൾ ആരംഭിച്ചു.

09 രണ്ടാം വർഷ വൈദികവിദ്യാർത്ഥികൾ സെമിനാരിയിൽ എത്തിച്ചേർന്നു.

10 ബഹു. ജോൺ കുന്നപ്പള്ളിയച്ചന്റെ 28-ാം അനുസ്മര വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുകയും തുടർന്ന് ഒപ്പീസ് ചൊല്ലുകയും ചെയ്തു.

12 രണ്ടാം വർഷ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസുകൾ ആരംഭിച്ചു.

24-25 വൈദികവിദ്യാർത്ഥികൾക്കായുള്ള മാസധ്യാനം ബഹു. തോമസ് നരിപ്പാറയിലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

28 വി. അൽഫോൻസാമ്മയുടെ തിരുന്നാളിൽ ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ചു, പ്രാർത്ഥിച്ചു.

– ഒന്നാം വർഷ വിദ്യാർത്ഥികൾ ആഗസ്റ്റ് 2 ന് എത്തിച്ചേരുന്നു.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

## മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി

സോണൽ സർവ്വീസ് ടീം 07.07.2021 ൽ ബഹു. ഡയറക്ടറച്ച നോടൊപ്പം ഗൂഗിൾ മീറ്റിൽ ഒരുമിച്ചുകൂടി. ഫാദർ സ്റ്റാൻ സ്വാമിക്ക് പ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിച്ചു. അതുപോലെ രൂപ താംഗമായ ബഹു. ആന്റണി നിരപ്പേൽ അച്ചന്റെ നിര്യാണത്തിലും അനുശോചനവും ആദരാഞ്ജലികളും അർപ്പിച്ചു. 2021 ജൂലൈ 10 ശനിയാഴ്ച 10 a.m. മുതൽ 2 p.m. വരെ നടത്തിയ KAC യുടെ വാർഷിക യോഗത്തിൽ സോണിൽ നിന്നും പ്രതിനിധികൾ സംബ ന്ധിച്ചു.

## മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി

മദ്ധ്യസ്ഥപ്രാർത്ഥനാമിനിസ്ട്രിയുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ എല്ലാദിവസവും KCCRST സെൻട്രൽ ടീമിൽ നിന്നും നല്കുന്ന പൊതു നിയോഗങ്ങൾ കൃത്യമായി പ്രാർത്ഥനയ്ക്കായി നൽകിവരുന്നു. നാഷ ണൽ പ്രതിവാര പ്രവാചക മദ്ധ്യസ്ഥപ്രാർത്ഥനാ ശുശ്രൂഷകളിൽ എല്ലാ ഞായറാഴ്ചകളിലും സോണിൽ നിന്നും പങ്കാളിത്തം കൊടു ത്തുവരുന്നു. കൂടാതെ സോൺ സെൻട്രൽ ടീമിന്റെ നേതൃത്വത്തിൽ ഓൺലൈൻ പ്രാർത്ഥനായോഗങ്ങൾ വിവിധ സബ്സോണുകളിൽ നടക്കുന്നുണ്ട്.

## ലൈഫ് ഇൻ ദ സ്പിരിറ്റ് (LSS)

ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാറിന്റെ ഭാഗമായി ഏഴ് ആഴ്ച കളിലായി നടത്തപ്പെടുന്ന പ്രോഗ്രാമിന്റെ പരിശീലനം ഗൂഗിൾ മീറ്റ് വഴി

Live ആയി നൽകപ്പെടുന്നുണ്ട്. പ്രഘോഷകർക്കും, നന്ദി, സ്തുതി, ആരാധനാ ശുശ്രൂഷകർക്കായി പ്രത്യേകം ക്ലാസുകൾ ഡയറക്ടറച്ചന്റെ മേൽനോട്ടത്തിൽ ക്രമീകരിച്ചു പോകുന്നു. LSS മോനിറ്ററിംഗ് ടീം എല്ലാ ആഴ്ചയിലും സമ്മേളിച്ച് ഭാവി പദ്ധതികൾക്ക് രൂപം കൊടുത്തുവരുന്നു. 72 മെന്റേഴ്സ് സജ്ജരായി കഴിഞ്ഞു. കോവിഡ് കാലഘട്ടം തീരുന്ന മുറയ്ക്ക് ഇടവകകളിൽ പോകുവാനാണ് തീരുമാനം.

### തൂവാനിസ മിനിസ്ട്രി

തൂവാനിസ മിനിസ്ട്രിയുടെ നേതൃത്വത്തിൽ അഖണ്ഡജപമാല, കരുണക്കൊന്ത, കുരിശിന്റെ വഴി തുടങ്ങിയ ശുശ്രൂഷകൾ സബ്സോണുകളുടെ സഹകരണത്തോടെ മുടങ്ങാതെ തുടരുന്നു.

### ക്രിസ്റ്റീൻ മിനിസ്ട്രി

ക്രിസ്റ്റീൻ മിനിസ്ട്രിയുടെ 'വചനദീപ്തി' പ്രോഗ്രാമിലൂടെ എല്ലാ ദിവസവും മനഃപാഠമാക്കുക എന്ന ലക്ഷ്യത്തോടെ വചനഭാഗങ്ങൾ കുട്ടികൾക്കായി ലഭ്യമാക്കുന്നുണ്ട്.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**അഖണ്ഡ ജപമാല**

മരിയൻ ധ്യാനകേന്ദ്രത്തിന്റെ മദ്ധ്യസ്ഥയായ റോസാമിസ്റ്റിക്കാ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ചുള്ള അഖണ്ഡജപമാല ജൂലൈ 1-ാം തീയതി മുതൽ 13-ാം തീയതി വരെ നടത്തപ്പെട്ടു.

**ഒരുക്കധ്യാനം (മിഷണറീസ് ഓഫ് ഗ്രേസ് 4-ാം ബാച്ച്)**

മിഷണറീസ് ഓഫ് ഗ്രേസ് 4-ാം ബാച്ചിനായുള്ള ഒരുക്കധ്യാനം ജൂലൈ 1-ാം തീയതി മുതൽ 4-ാം തീയതി വരെ നടത്തി. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോസി, ബ്രദർ സരിൻ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**ആദ്യശനി ഓൺലൈൻ ബൈബിൾ കൺവെൻഷൻ**

ജൂലൈ 3-ാം തീയതി രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണി വരെ ഡയറക്ടർ ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവൻഷൻ ഓൺലൈനായി നടത്തി. ഫാ. തോമസ് അറയ്ക്കൽ, ഫാ. ചാക്കോച്ചൻ കളപ്പുരയിൽ, ഫാ. സ്കറിയ മറ്റത്തിൽ, ഫാ. ലിജു കീലക്കാട്ട്, ബ്രദർ ജോബിൻസ്, ബ്രദർ ജോസ്സി, ബ്രദർ വിമൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**ഓൺലൈൻ ധ്യാനം (സ്വീഡൻ)**

ജൂലൈ 4-ാം തീയതി ഞായറാഴ്ച 5.30 p.m. മുതൽ 8.30 p.m. വരെ സ്വീഡനിലെ ദൈവജനത്തിനായുള്ള ഓൺലൈൻ ശുശ്രൂഷ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ

നടത്തപ്പെട്ടു. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ്, ബ്രദർ ജോസ്സി, ബ്രദർ വിമൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**ശുശ്രൂഷകർക്കുള്ള ധ്യാനം**

ജൂലൈ 9-ാം തീയതി മുതൽ 11-ാം തീയതി വരെ മരിയൻ ധ്യാനകേന്ദ്രത്തിലെ എല്ലാ ശുശ്രൂഷകർക്കും വേണ്ടിയുള്ള ധ്യാനം ഓൺലൈനായി നടത്തപ്പെട്ടു. ആദ്യദിനം വൈകിട്ട് 4 മണി മുതൽ 9 മണി വരെയും മറ്റ് ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 9 മണി വരെയും നടത്തപ്പെട്ട ധ്യാനത്തിൽ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകുകയും ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ്, ബ്രദർ ജോസ്സി, ബ്രദർ ജെയ്സൺ എന്നിവർ ശുശ്രൂഷകളിൽ സഹായിക്കുകയും ചെയ്തു.

**റോസാ മിസ്റ്റിക്കാ മാതാവിന്റെ തിരുനാൾ**

ജൂലൈ 13-ാം തീയതി മരിയൻ ധ്യാനകേന്ദ്രത്തിന്റെ മധ്യസ്ഥയായ റോസാ മിസ്റ്റിക്കാ മാതാവിന്റെ തിരുനാൾ ഭക്ത്യാദരങ്ങളോടെ കൊണ്ടാടി. അന്നേദിവസം 10 a.m. ന് ബഹുമാനപ്പെട്ട വൈദികർ ജപമാലയർപ്പിക്കുകയും തുടർന്ന് ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ ജപമാല സമർപ്പണം നടത്തി 1-ാം തീയതി ആരംഭിച്ച അഖണ്ഡജപമാലയുടെ സമാപനം കുറിക്കുകയും ചെയ്തു. തുടർന്ന് വിശുദ്ധ ബലിയർപ്പിച്ച് വചനസന്ദേശം ഓൺലൈനായി നൽകുകയും ചെയ്തു.

**വചനമന്ന (ഷംസാബാദ് രൂപതയ്ക്കുവേണ്ടി)**

ജൂലൈ 17, 18 തീയതികളിൽ ഇട്ടാവ ജെയ്പൂർ റീജിയന്റെ നേതൃത്വത്തിൽ ഷംസബാദ് രൂപതയിൽ നടത്തപ്പെട്ട ഓൺലൈൻ കൺവെൻഷനിൽ ബഹുമാനപ്പെട്ട ഡോമിനിക്ക് വാളൻമനാൽ അച്ചൻ വചനസന്ദേശം നൽകി.

**വൈദികർക്കുവേണ്ടിയുള്ള കൃപാനുഭവ ഓൺലൈൻ ധ്യാനം**

ജൂലൈ 20-ാം തീയതി മുതൽ 22-ാം തീയതി വരെ വൈദി

കർക്കുവേണ്ടിയുള്ള ധ്യാനം ഓൺലൈനായി നടത്തി. ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകിയ ശുശ്രൂഷകളിൽ ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോബിൻസ്, ബ്രദർ ജോസ്സി എന്നിവർ സഹായിച്ചു.

**കൃപാനുഭവ ഓൺലൈൻ ധ്യാനം**

ജൂലൈ 23-ാം തീയതി മുതൽ 25-ാം തീയതി വരെ കൃപാനുഭവധ്യാനം ഓൺലൈനായി നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകിയ ശുശ്രൂഷകളിൽ ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി, ബ്രദർ ജെയ്സൺ എന്നിവർ സഹായിച്ചു.

**ഓൺലൈൻ ശുശ്രൂഷ**


എല്ലാ ദിവസവും വൈകിട്ട് 5 മണി മുതൽ 8 മണി വരെ നടക്കുന്ന ശുശ്രൂഷയിൽ ജപമാലയും, റംശയും വിശുദ്ധ കുർബാനയും, ദൈവവചനപ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നടന്നു വരുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. ലിജു കീലക്കാട്ട് എന്നിവർ ദിവസേനയുള്ള തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുന്നു.

**മധ്യസ്ഥപ്രാർത്ഥനാസഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ സംസാരിക്കുന്നതിന് സൗകര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നു. വിളിക്കേണ്ട ഫോൺ നമ്പറുകൾ 730 60 65 493, 730 60 86 060, 730 60 55 176, 952 60 22 215.

**RESURRECTION**

'RESURRECTION' എന്ന ശുശ്രൂഷയിലൂടെ ബഹുമാനപ്പെട്ട ഡോമിനിക് അച്ചൻ ദൈവവചന പ്രഘോഷണം YouTube ചാനലിലൂടെ പങ്കുവയ്ക്കുന്നു.



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- ജൂലൈ 3 ന് വി. തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനം തോമസ് നാമധാരികളെ വിശുദ്ധ കുർബാനയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുകയും തിരുനാൾ ആശംസകൾ നേരുകയും ചെയ്തു.
- പ്രോവിൻസിലെ എല്ലാ മഠങ്ങളിലേയും സുപ്പീരിയേഴ്സ് മീറ്റിംഗ് കുട്ടിക്കാനം അമലാ ഹോസ്റ്റലിൽ വച്ച് നടത്തി.
- അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനെ പോത്തുപാറ യിൽ പോയി പ്രൊവിൻഷ്യൽ ടീം സന്ദർശിച്ച് സ്നേഹാന്വേഷ ണങ്ങൾ നടത്തുകയും ആശീർവാദ അനുഗ്രഹങ്ങൾ വാങ്ങു കയും ചെയ്തു.

---

## മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1.30 നും തിങ്കൾ വൈകിട്ട് 5 നും വ്യാഴം രാവിലെ 6.30 നും കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6.30 നും ചൊവ്വ രാവിലെ 6.30 നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തപ്പെ ടുന്നു.

**ഫാ. ഡൊമിനിക് വാളമ്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**

- പൊടിമറ്റം സെന്റ് മേരീസ് ഇടവകയിൽ വികാരിയായി എത്തിയ റവ. ഫാ. മാർട്ടിൻ വെള്ളിയാംകുളത്തിനും അസി. വികാരി ഫാ. ജോ ജേക്കബിനും പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകി.

- പ്രോവിൻസിലെ മുഴുവൻ സിസ്റ്റേഴ്സിനും വേണ്ടി നവമാധ്യമങ്ങളുടെ പ്രസക്തി എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ നടത്തി. റവ. ഫാ. ജെയിംസ് OCD വെബിനാർ നയിച്ചു.

- കപ്പാട് ബനഡിക്ടൈൻ ആശ്രമത്തിന്റെ പുതിയ ആബട്ട് പെരിയ ബഹു. ക്ലമന്റ് എട്ടാണിയിൽ അച്ചനെ അനുമോദിക്കുന്ന ചടങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി സംബന്ധിച്ചു.

- പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാൾ ദിനമായ ജൂലൈ 16 ന് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

- ജൂലൈ 16 -ാം തീയതി 11 മണിക്ക് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് പുതിയ മഠത്തിന് തറക്കല്ലിട്ടു. കാഞ്ഞിരപ്പള്ളി കത്തീഡ്രൽ വികാരി റവ. ഫാ. വർഗീസ് പരിന്തിരിയും സന്നിഹിതനായിരുന്നു. പ്രൊവിൻഷ്യൽ കൗൺസിൽ, കാഞ്ഞിരപ്പള്ളി മഠത്തിന്റെ സുപ്പീരിയർ സി. ജാൻസി മരിയ, സിസ്റ്റേഴ്സ് എന്നിവർ സംബന്ധിച്ചു.

- പൊടിമറ്റം മംഗളവാർത്ത ദയറായിലെ നോവിസിന്റെ സഭാവസ്ത്രസ്വീകരണത്തിലും പ്രഥമവ്രതവാഗ്ദാനത്തിലും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി, സി. ലിസ്യു, ഏതാനും സിസ്റ്റേഴ്സ് എന്നിവർ സംബന്ധിച്ചു.

- നല്ല സമറായൻ ആശ്രമവാസികൾക്ക് പരിശുദ്ധ കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ഭക്ഷണവും വസ്ത്രവും നൽകുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു.

- പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് എല്ലാ ഡിപ്പാർട്ട്മെന്റുകളുടെയും സെക്രട്ടറിയേറ്റ് മീറ്റിംഗ് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലിയുടെയും കൗൺസിലേഴ്സിന്റെയും നേതൃത്വത്തിൽ നടന്നു.

- കാഞ്ഞിരപ്പള്ളി രൂപതാ ചാൻസലർ റവ. ഫാ. കുര്യൻ താമരശ്ശേരിയുടെ നാമഹേതുകതിരുനാളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി, സി. ലിസ്യു എന്നിവർ ചേർന്ന് മംഗളാശംസകൾ നേർന്നു.
- കാഞ്ഞിരപ്പള്ളി മരിയൻ കൗൺസിലിംഗ് സെന്ററിന്റെ ജനറൽ ബോഡി മീറ്റിംഗ് നടത്തി.
- Life Skill Motivation നെ സംബന്ധിച്ച് സിജു ആലഞ്ചേരി നയിച്ച 4 ദിവസത്തെ ഓൺലൈൻ ക്ലാസിൽ പ്രൊവിൻസിലെ എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.
- റവ. ഫാ. ആന്റണി നിരപ്പേലിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി, സി. ടോംസി, സി. ദീപ്തി മരിയ എന്നിവർ സംബന്ധിച്ചു.
- ഉദയപ്പൂർ മിഷനിൽ ശുശ്രൂഷ ചെയ്യുന്നതിനായി സി. അനിത സി.എം.സി. ഉദയപ്പൂരിന് പോയി.
- ആഫ്രിക്കയിലെ മാലാവിയിൽ നിന്നും അവധിക്കു വന്ന സി. റോസ് മേരി 3 മാസത്തിനുശേഷം ആഫ്രിക്കയ്ക്ക് തിരിച്ചുപോയി.
- ജർമ്മനിയിൽ നിന്നും സി. ആൽഫി, സി. എയ്ഞ്ചൽ എന്നിവർ അവധിക്കായി പ്രൊവിൻഷ്യൽ ഹൗസിൽ എത്തി.
- കാഞ്ഞിരപ്പള്ളി അമലാ പ്രോവിൻസിന്റെ കീഴിലുള്ള ചിറക്കടവ് സെന്റ് പയസ്സ് മഠത്തോടനുബന്ധിച്ച് കാർമ്മൽ ഹോമിയോ ക്ലിനിക്ക് ആരംഭിച്ചു. ഡോ. സി. ജോസ്നി ടോമിന്റെ സേവനം ഇവിടെ ലഭ്യമാണ്.
- വി. അന്നാമ്മയുടെ തിരുനാൾ ദിനത്തിൽ ഫാ. കുര്യൻ താമരശ്ശേരി വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും അന്ന നാമധാരികൾക്ക് മംഗളാശംസകൾ നേരുകയും ചെയ്തു.
- സി. അൽഫോൻസാമ്മയുടെ ഫീസ്റ്റ് സാഘോഷം ആചരിച്ചു. ഇടവകയിലെ അൽഫോൻസാ നാമധാരികൾക്ക് മംഗളാശംസകൾ നേർന്നു.

# ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- പരിശീലനത്തിന്റെ എല്ലാ ഘട്ടങ്ങളിലുമുള്ള അർത്ഥിനികളെ പ്രൊവിൻഷ്യൽ ഹൗസിൽ ഒരുമിച്ചു ചേർത്ത് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫോർമേഷൻ ഡേ ആഘോഷിച്ചു. തദവസരത്തിൽ രണ്ടാം വർഷ നോവിസസ് തയ്യാറാക്കിയ 'നീർച്ചാൽ' എന്ന കൈയ്യെഴുത്തു മാസിക പ്രകാശനം ചെയ്തു.
- ബഹു. പ്രൊവിൻഷ്യൽ സി. അമലയുടെ നേതൃത്വത്തിൽ കൗൺസിലേഴ്സും പരിശീലനരംഗത്ത് ശുശ്രൂഷ ചെയ്യുന്നവരും ഒരുമിച്ചുചേർന്ന് ഫോർമേഷൻ മീറ്റിംഗ് നടത്തി.
- വിവിധ ഇടവകകളിലുള്ള അൽഫോൻസാ ഗാർഡനിലെ കുട്ടികളെ ഒരുമിച്ചു ചേർത്ത് വിവിധ കലാപരിപാടികളും നൊവേനകളും സാൻതോം യൂ ട്യൂബ് ചാനലിലൂടെ സംപ്രേഷണം ചെയ്തുകൊണ്ട് ഭാരതത്തിന്റെ പ്രഥമവിശുദ്ധ അൽഫോൻസാമ്മയെക്കുറിച്ചുള്ള ചിന്തകൾ എല്ലാവരിലേക്കും എത്തിച്ചു.
- അൽഫോൻസാ സൂക്തങ്ങളും ക്വിസ് മത്സരങ്ങളും എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലെ കുട്ടികൾക്കായി പ്രൊവിൻസ് തലത്തിൽ സംഘടിപ്പിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.
- പ്രൊവിൻഷ്യൽ സിനാക്സിസിന്റെ പ്രഥമ സെക്ഷൻ നടത്തി.
- പപ്പുവ – ന്യൂഗിനിയായിലെ ഐതപ്പെ രൂപതാ നിയുക്ത മെത്രാൻ അഭിവന്ദ്യ മാർ സിബി മാത്യു പീടികയിൽ പ്രൊവിൻഷ്യൽ ഹൗസിൽ സൗഹൃദ സന്ദർശനം നടത്തുകയും തദവസരത്തിൽ പിതാവിന് ഹൃദ്യമായ സ്വീകരണം നല്കി അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.
- രണ്ടാം വർഷ നോവിസസ് എറണാകുളം പ്രൊവിൻസിന്റെ ഒക്കൽ ധ്യാനസെന്ററിൽ ഒരു മാസത്തെ കോഴ്സിനും ധ്യാനത്തിനുമായി പോയി.
- വിവിധ പരിപാടികൾ ഉൾച്ചേർത്തുകൊണ്ട് അഭിവന്ദ്യ മാർ ചാൾസ് ലവീഞ്ഞു പിതാവിന്റെ അനുസ്മരണം പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി.

- മദർ ജനറൽ ബഹു. ആൻ ജോസഫമ്മയുടെ നാമഹേതുകതിരുനാളിനോടനുബന്ധിച്ച് പ്രൊവിൻഷ്യലമ്മയും സിസ്റ്റേഴ്സും സൗഹൃദസന്ദർശനം നടത്തി ആശംസകൾ അർപ്പിച്ചു.
- സിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട കുര്യൻ താമരശ്ശേരി അച്ചന്റെ നാമഹേതുകതിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു.
- ബഹു. പ്രൊവിൻഷ്യൽ സി. അമലയുടെ നേതൃത്വത്തിൽ ഗൂഗിൾ മീറ്റിലൂടെ സുപ്പീരിയേഴ്സ് മീറ്റിംഗ് നടത്തി.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- സോണൽ തലത്തിൽ സുപ്പീരിയേഴ്സിനും ഫൈനാൻസ് ഓഫീസേഴ്സിനുമായി മീറ്റിംഗ് നടത്തപ്പെട്ടു. പ്രൊവിൻഷ്യലമ്മയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട പ്രസ്തുത മീറ്റിംഗിൽ പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് ആനുകാലിക വിഷയങ്ങളെ അടിസ്ഥാനമാക്കി ക്ലാസ്സുകൾ നൽകി.
- കപ്പാട് ബനഡിക്ടൈൻ ആശ്രമത്തിന്റെ പുതിയ ആബട്ട് പെരിയ ബഹു. ക്ലമന്റ് എട്ടാണിയിൽ അച്ചനെ അനുമോദിക്കുന്ന ചടങ്ങിൽ ബഹു. പ്രൊവിൻഷ്യലമ്മയും കൗൺസിലർ സി.ദീപ്തിയും സംബന്ധിച്ചു.
- ഒസ്സർ വിത്താരെ റൊമാനോ സംഘടിപ്പിച്ച വെബിനാറിലും, സാമൂഹ്യമാധ്യമങ്ങളിൽ സന്യസ്തർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ ആസ്പദമാക്കി KCBC നടത്തിയ വെബിനാറിലും, സിസ്റ്റേഴ്സ് സംബന്ധിച്ചു.
- പോസ്റ്റുലൻസി കാലഘട്ടം പൂർത്തിയാക്കിയ 3 അർത്ഥിനികൾ നാടുകാണി നവസന്യാസഭവനത്തിൽ നൊവിഷ്യേറ്റിൽ പ്രവേശിച്ചു.
- സി. ഫ്ളവററ്റ്, സി. ലിസ്യു കുന്നപ്പള്ളിൽ എന്നിവരുടെ നവതി ആഘോഷം കപ്പാട് മഠത്തിൽ വച്ച് നടത്തപ്പെട്ടു. അമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് മാനേജർ റവ.ഡോ. മാത്യു പായിക്കാട്ട് വി. ബലിയർപ്പിക്കുയും അമ്മമാർക്ക് മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

- Commission for Vocation SMC Zoom Meeting of the Vocation Promoters of the Syro-Malabar Church വൊക്കേഷൻ കൗൺസിലർ സി. ദീപ്തി പച്ചിലംകാട്ടിൽ, വൊക്കേഷൻ പ്രമോട്ടർ സി. ആൻസ് മരിയ എന്നിവർ സംബന്ധിച്ചു.
- ക്രൈസ്തവസമൂഹം നേരിടുന്ന വെല്ലുവിളികൾ സമകാലിക മത സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. പാംബ്ലാനി പിതാവ് റിസോഴ്സ് പേഴ്സണായി നടത്തിയ Interactive Zoom Meeting-ൽ ബഹു. പ്രൊവിൻഷ്യലമ്മയും കൗൺസിലേഴ്സും സംബന്ധിച്ചു.
- കോവിഡ് സാഹചര്യങ്ങൾ എങ്ങനെ സമൂഹങ്ങളെ സ്വാധീനിച്ചു എന്ന വിഷയത്തിൽ KCMS നടത്തിയ Zoom Meeting-ൽ ബഹു. പ്രൊവിൻഷ്യലമ്മയും സിസ്റ്റേഴ്സും സംബന്ധിച്ചു.

  ഓൺലൈൻ സേവനങ്ങളുടെയും സ്മാർട്ട് ഫോണിന്റെയും ഉപയോഗങ്ങൾ വർദ്ധിച്ചു വരുമ്പോൾ അവയെ എങ്ങനെ ക്രിയാത്മകമായി സുവിശേഷവത്ക്കരണ ഉപാധികളാക്കാമെന്നും ഇവയിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിനുമായി Syro Malbar Major Archiepiscop Commission for institutes of consecreated life and societies of Apostolic life മേജർ സുപ്പീരിയേഴ്സിനായി നടത്തിയ Zoom Meeting ൽ ബഹു. പ്രൊവിൻഷ്യലമ്മയും കൗൺസിലേഴ്സും സംബന്ധിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- മാർ തോമ്മാ ശ്ലീഹായുടെ തിരുനാൾ എല്ലാ ഭവനങ്ങളിലും സമുചിതമായി ആഘോഷിച്ചു.
- ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ നാമകരണ നടപടികളുടെ വിലയിരുത്തലിനു വേണ്ടി റോമിലെ പോസ്റ്റുലേറ്റർ ബ്രദർ ഡാരിയോ OH നടത്തിയ സൂം മീറ്റിംഗിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- ജസ്റ്റിസ് JB കോശി കമ്മീഷൻ ന്യൂനപക്ഷ അവകാശങ്ങൾക്ക് വേണ്ടി വിവിധ പ്രശ്നങ്ങൾ അവതരിപ്പിച്ചു പരാതികൾ അയച്ചു.

- കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ അർഹരായവർക്ക് സഹായം നൽകി.
- ബഹുമാനപ്പെട്ട സുപ്പീരിയർ ജനറൽ സി. മേഴ്സി തോമസിന്റെ നാമഹേതുക തിരുനാൾ സമുചിതമായി ആഘോഷിച്ചു.
- ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ നാമകരണ നടപടികളുടെ ഹിസ്റ്റോറിക്കൽ കമ്മീഷൻ അംഗം ബഹുമാനപ്പെട്ട ജെയിംസ് പുലിയുറുമ്പിൽഅച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.
- സീറോമലബാർ വൊക്കേഷൻ കമ്മീഷൻ സൂം മീറ്റിംഗിൽ സിസ്റ്റേഴ്സ് പങ്കെടുത്തു
- ഭവന നിർമ്മാണ പ്രവർത്തനത്തിന് കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ അർഹരായവർക്ക് സഹായം നൽകി.
- കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ അർഹരായവർക്ക് സഹായം വീടുകളിൽ എത്തിച്ചു കൊടുത്തു.
- ഉപരിപഠനത്തതിന് രണ്ട് കുട്ടികൾക്ക് സഹായം നൽകി.
- അർഹരായവർക്ക് ചികിത്സാ സഹായം നൽകി.
- ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്കും കുടുംബങ്ങൾക്കും സെന്റ് ജോൺ ഓഫ് ഗോഡ് ഷെൽട്ടർ ഹോമിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് നൽകിവരുന്നു.
- കുട്ടിക്കാനം മരിയൻ കോളേജിൽ സ്കൂൾ ഓഫ് സോഷ്യൽ വർക്ക് -ന്റെ ബോസ് (BOSS) മീറ്റിംഗിൽ സി. തെരേസ ഡെലീഷ്യ പങ്കെടുത്തു

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- ദുക്റാന തിരുനാൾ സമുചിതമായി പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു.
- കമ്പംമെട്ട് മഠം സ്ഥാപിക്കുവാനായി സ്ഥലം തന്നു സഹായിച്ച ശ്രീ. മൈക്കിൾ കള്ളിവയലിൽ സാറിന്റെ മൃതസംസ്കാരത്തിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പ്, സി. മരിയറ്റാ എന്നിവർ പങ്കെടുത്തു.
- നിർമ്മലാ തിയോളജികോളേജിൽ പോസ്റ്റുലൻസിനായുള്ള ആറു

മാസത്തെ തിയോളജി കോഴ്സിന്റെ ഓൺലൈൻ വഴിയുള്ള ഉദ്ഘാടനസമ്മേളനത്തിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പ് പങ്കെടുത്തു.

- പാറത്തോട് കൃഷി ഭവനിൽ വച്ച് നടന്ന കർഷകസഭയും ഞാറ്റു വേല ചന്തയും പ്രോഗ്രാമിൽ സി. സാലി ആൻ, സി. ലിബിനാ സ്റ്റാഫ് അംഗങ്ങളായ രഞ്ജിത്ത്, ജോസ് തോമസ് എന്നിവർ പങ്കെടുക്കുകയും പച്ചക്കറി വിത്തുകൾ ഏറ്റുവാങ്ങുകയും ചെയ്തു.
- കാരുണ്യഭവൻ പദ്ധതിയുടെ ഭാഗമായി തമ്പലക്കാട് പണിത വീടിന്റെ താക്കോൽദാനം സിസ്റ്റർ ട്രീസ അല്ലേശും വീടിന്റെ വെഞ്ചരിപ്പ് വികാരി ഫാ. സോജി കന്നാലിലും നിർവ്വഹിച്ചു.
- കാരുണ്യ ഭവൻ പദ്ധതിയുടെ ഭാഗമായി പുതിയ രണ്ടു വീടുക ളുടെ പണി ആരംഭിച്ചു.
- വിമൽജ്യോതി സോഷ്യൽ സർവീസ്സ് സൊസൈറ്റിയുടെ കാരുണ്യ ഭവൻ പദ്ധതിയുടെ ഭാഗമായി പണി പൂർത്തിയാക്കിയ മുണ്ടക്കയം മുപ്പത്തിനാലാം മൈൽ, ചോറ്റി എന്നീ സ്ഥലങ്ങ ളിലെ വീടുകളുടെ താക്കോൽ ദാനം കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് കൈമാറി.
- ആശ്രയ പ്രോജക്ടിന്റെ ഭാഗമായി കോവിഡ് ലോക്ഡൗൺ കാലത്ത് കാഞ്ഞിരപ്പള്ളി രൂപതയുടെ വിവിധ ഇടവകകളിൽ കെ. സി.വൈ.എം. പ്രവർത്തകരുടെ നേതൃത്വത്തോടെ 1000 ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു.
- അമലഗിരി സാരഥി അംഗങ്ങൾക്ക് വരുമാനദായകപദ്ധതിയുടെ ഭാഗമായി നൽകിയ മത്സ്യക്കുഞ്ഞുങ്ങളുടെ വിളവെടുപ്പ് നടത്തി.
- പഴയിടം വനിത എസ്.എച്ച്.ജി. ഗ്രൂപ്പിന് വരുമാനദായക പദ്ധ തിയുടെ ഭാഗമായി വിപണനത്തിനായി സോപ്പുകൾ എത്തിച്ചു നൽകി.
- ആറു പഞ്ചായത്തുകളിലും രണ്ടു ആശുപത്രികളിലുമായി മൂന്നു ലക്ഷം രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്തു.

# കെ.സി.എസ്.എൽ.

- ജൂലൈ 6-ാം തീയതി കെ.സി.എസ്.എൽ. രൂപതാതല ഭാരവാഹികളുടെ മീറ്റിംഗ് കൂടി ഈ വർഷത്തെ കെ.സി.എസ്.എൽ. പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.
- ജൂലൈ 11-ാം തീയതി കെ.സി.എസ്.എൽ. പ്രസിഡന്റ് ശ്രീ. സോജൻ സാറിന്റെ പിതാവിന്റെ നിര്യാണത്തിൽ കെ.സി.എസ്.എൽ. എക്സിക്യൂട്ടീവ് അംഗങ്ങൾ ഭവനത്തിൽ എത്തി പ്രാർത്ഥിച്ചു.
- ജൂലൈ 17-ാം തീയതി കെ.സി.എസ്.എൽ. സംസ്ഥാനതല മീറ്റിംഗിൽ പങ്കെടുത്തു.

**ഫാ. ജോസഫ് പന്നലക്കുന്നേൽ**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**ആരോഗ്യദർശകൻ തുടക്കമായി**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലും ദർശകനും സംയുക്തമായി നടത്തുന്ന ആരോഗ്യദർശകൻ എന്ന സംരംഭം ലോക ഡോക്ടേഴ്സ് ദിനമായ ജൂലൈ ഒന്നാം തീയതി മുതൽ ആരംഭിച്ചു. ഇതുവഴി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ആളുകൾക്ക് ആരോഗ്യസംബന്ധമായ തങ്ങളുടെ സംശയങ്ങൾ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ഡോക്ടേഴ്സുമായി പങ്കുവയ്ക്കാവുന്നതാണ്.

ജൂലൈ ഒന്നാം തീയതി വ്യാഴാഴ്ച മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ പീഡിയാട്രീഷൻ ഡോ. ഡിറ്റിൻ ജോസഫ് കുട്ടികളിലെ വിവിധ ബുദ്ധിമുട്ടുകളെക്കുറിച്ചുള്ള സംശയങ്ങൾക്ക് മറുപടി നൽകി. കുട്ടികളിലെ മഴക്കാല രോഗങ്ങൾ, കോവിഡ് തുടങ്ങി വിവിധ സംശയങ്ങൾ മാതാപിതാക്കൾ ഡോക്ടറുമായി പങ്കുവച്ചു.

കോവിഡ് വാക്സിനും കോവിഡാനന്തര ചികിൽസയേയും കുറിച്ച് ജനങ്ങൾക്കുള്ള സംശയങ്ങൾക്ക് ജൂലൈ എട്ടാം തീയതി ഡോ. ഷിന്റോ കെ. തോമസ് മറുപടി നൽകി. കൊച്ചുകുട്ടികൾക്ക് മുതൽ ഗർഭിണികളിലെ വാക്സിനേഷൻ സംബന്ധിച്ചുവരെയുള്ള സംശയങ്ങൾക്ക് ഡോക്ടർ മറുപടി നൽകി. കോവിഡ് വന്നതിനുശേഷം രോഗികൾക്കുണ്ടാകുന്ന ക്ഷീണം, തളർച്ച ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് രോഗികൾ ഡോക്ടറോടു ചോദിച്ച് അറിഞ്ഞു.

ഓർത്തോപീഡിക്ക് സർജൻ ഡോ. അഡോൾഡ് ജോർജ് ജൂലൈ 15-ാം തീയതി അസ്ഥിരോഗസംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകി. കിടപ്പുരോഗികളിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മുതൽ

കുഞ്ഞുങ്ങൾക്ക് ജന്മനായുള്ള വൈകല്യങ്ങളെക്കുറിച്ചും അവരുടെ ബുദ്ധിമുട്ടുകളെക്കുറിച്ചും ഡോക്ടറുമായി സംസാരിച്ചു.

ജൂലൈ 22-ാം തീയതി ജനറൽ & ലാപ്പറോസ്കോപ്പിക് സർജൻ ഡോ. കിംഗ്സിലി അയ്യൻകുട്ടി വെരിക്കോസ് വെയിൻ, ഹെർണ്ണിയ, പിത്താശയത്തിലുള്ള കല്ല്, പൈൽസ്, ഫിസ്റ്റുല തുടങ്ങിയവയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകി.

തുടർന്നുള്ള ആഴ്ചകളിലും മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ കൂടുതൽ ഡോക്ടേഴ്സിന്റെ സേവനം ആരോഗ്യ ദർശകനിൽ ലഭിക്കുന്നതാണ്. എല്ലാ വ്യാഴാഴ്ച ദിവസങ്ങളിലും ഉച്ചക്ക് ശേഷം 2 മുതൽ 4 വരെയാണ് ഡോക്ടറെ വിളിക്കാവുന്നത്. ഓരോ ആഴ്ചയിലും ഏത് ഡിപ്പാർട്ട്മെന്റിലെ ഡോക്ടർ ആണെന്നുള്ള വിവരം നേരത്തെ അറിയിക്കുന്നതാണ്. വിളിക്കേണ്ട നമ്പർ : 9188526399

**കോവിഡ് മൂന്നാം തരംഗത്തെ നേരിടാൻ ആധുനിക സജ്ജീകരണങ്ങളോടെ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ**

കോവിഡിന്റെ മൂന്നാം തരംഗത്തിന് സാധ്യതകൾ ഉള്ളപ്പോൾ സാധാരണക്കാരായ രോഗികൾക്ക് സഹായകമാകുക എന്ന ലക്ഷ്യത്തോടെ മൂന്നാം തരംഗത്തെ നേരിടാൻ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിനു സഹായവുമായി റൗണ്ട് ടേബിൾ ഓഫ് ഇൻഡ്യയും ഗ്ലെൻ റോക്ക് റബർ ഫാക്ടറി മല്ലികശ്ശേരിയും. കോവിഡിന്റെ പ്രതിസന്ധി ഘട്ടത്തിൽ നമ്മുടെ പ്രദേശങ്ങളിലെ കോവിഡ് രോഗികൾക്ക് കുറഞ്ഞ ചിലവിൽ ചികിത്സ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഹോസ്പിറ്റലിൽ കോവിഡ് വാർഡിലേക്ക് ആവശ്യമായ ഓക്സിജൻ കോൺസെൻട്രേറ്റർ, മോണിറ്റർ ഉൾപ്പെടെയുള്ള ഉപകരണങ്ങളും കോവിഡ് രോഗികൾക്കായി കട്ടിലുകളും ബെഡുകളും റൗണ്ട് ടേബിൾ ഓഫ് ഇൻഡ്യയും ഗ്ലെൻ റോക്ക് റബർ ഫാക്ടറി മല്ലികശ്ശേരിയും വാങ്ങി നൽകിയത്. വാർഡ്, സിംഗിൾ റൂം, വെന്റിലേറ്റർ ബെഡുകളോടുകൂടിയ ഐ.സി.യു. തുടങ്ങിയ സൗകര്യങ്ങളോടുകൂടിയാണ് കോവിഡ് വിഭാഗം പ്രവർത്തിക്കുന്നത്.

നവീകരിച്ച കോവിഡ് വിഭാഗത്തിന്റെ ഉദ്ഘാടനത്തിൽ കോട്ടയം റൗണ്ട് ടേബിൾ ഏരിയാ ചെയർമാൻ പോൾ ചാക്കോള, ചെയർമാൻ ജോർജ് ടോമി, പ്രോജക്ട് കൺവീനർ ജേക്കബ് കേളചന്ദ്ര, അജയ് ജോർജ്, മിഖായേൽ ജോസഫ് കള്ളിവയലിൽ, ജോസഫ് കള്ളിവയലിൽ, രാജീവ് സ്ക്കറിയ, രാഹുൽ പാറക്കൽ, ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി കന്നാലിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരയ്ക്കൽ, നഴ്സിംഗ് സൂപ്രണ്ടന്റ് സി. ലിഡിയ എന്നിവർ സന്നിഹിതരായിരുന്നു. കോവിഡ് കെയർ നമ്പർ : 9446462300

**നവീകരിച്ച് റേഡിയോളജി വിഭാഗം**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ റേഡിയോളജി വിഭാഗത്തിലെ X-ray Unit DR സാങ്കേതിക വിദ്യയിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു. ഏറ്റവും മികച്ചതും കൃത്യതയാർന്നതുമായ ഇമേജുകൾ ലഭിക്കുന്നതിനും അതുവഴി ഡോക്ടേഴ്സിനും തങ്ങളുടെ രോഗനിർണ്ണയം എളുപ്പത്തിലാക്കാനും DR സംവിധാനത്തിൽ സഹായിക്കും.

റേഡിയോഗ്രാഫി ഇമേജിംഗ് സൗകര്യങ്ങൾക്ക് രണ്ട് അടിസ്ഥാന വേയ്സുകൾ ഉണ്ട്. Compute Radiography (CR) അല്ലെങ്കിൽ Digital Radiography (DR). DR സിസ്റ്റത്തിൽ ചിത്രങ്ങൾ തത്സമയം ഡിജിറ്റൽ ഡാറ്റയിലേക്ക് പരിവർത്തനം ചെയ്യുന്നു. ഇത് നിമിഷങ്ങൾക്കുള്ളിൽ തന്നെ അവലോകനത്തിനു ലഭ്യമാണ്. തെറ്റുകൾ ഇല്ലാതാക്കുന്നതിനും, ആവർത്തിച്ചുള്ള പരീക്ഷകൾ ഒഴിവാക്കുന്നതിനും DR സിസ്റ്റത്തിന് കഴിയും. മറ്റുള്ളവയെക്കാൾ 2 മുതൽ 3 ഇരട്ടിവരെ കാര്യക്ഷമത കൂടിയ ചിത്രങ്ങൾ നിർമ്മിക്കാൻ DR സംവിധാനത്തിൽ കഴിയും.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ്
# (A.K.C.C.)

- കത്തോലിക്കാ കോൺഗ്രസ് രണ്ടാം ഘട്ട കോവിഡ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ യൂണിറ്റുകളിലും പൾസ് ഓക്സിമീറ്ററുകൾ വിതരണം ചെയ്തു.
- വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായി ഹാർട്ട് ലിങ്ക്സിന്റെ നേതൃത്വത്തിൽ രൂപതാഭാരവാഹികൾ വാങ്ങി നൽകിയ മൊബൈൽ ഫോണുകൾ അർഹരായ കുട്ടികൾക്ക് നൽകി.
- പഠനോപകരണങ്ങളുടെ വിതരണത്തിന്റെ ഭാഗമായി ഇഞ്ചിയാനി സ്നേഹദീപത്തിലും ചേനപ്പാടി സെന്റ് ആന്റണീസിലും കപ്പാട് ഗവൺമെന്റ് യു.പി. സ്കൂളിലും ബുക്കുകൾ നൽകുകയും കൂടാതെ അർഹരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുകയും ചെയ്തു.
- വനിതാ ഫോറത്തിന്റെ നേതൃത്വത്തിൽ പഠനോപകരണങ്ങൾ വാങ്ങുന്നതിന്റെ ഭാഗമായി അച്ചാർ കളക്ഷൻ നടത്തുകയും ചെയ്തു.
- ഈശോസഭാ വൈദികൻ ഫാ. സ്റ്റാൻ സ്വാമിയുടെ മരണവുമായി ബന്ധപ്പെട്ട് പ്രതിഷേധ സൂചകമായി രൂപതാ സമിതിയുടെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി ടൗണിൽ പന്തംകൊളുത്തി പ്രതിഷേധിച്ചു.
- ഡൽഹി അന്ധേരിയ മോഡിലുള്ള സീറോമലബാർ രൂപതയുടെ ലിറ്റിൽ ഫ്ളവർ ഇടവക ദൈവാലയം നശിപ്പിച്ചതിൽ കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാ സമിതി പ്രതിഷേധിച്ചു.
- കത്തോലിക്കാ കോൺഗ്രസിന്റെ മുൻ ഉപദേഷ്ടാവായിരുന്ന റവ. ഡോ. ആന്റണി നിരപ്പേലിന്റെ നിര്യാണത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ സമിതി അനുശോചനം രേഖപ്പെടുത്തി.

**ഫാ. മാത്യു പാലക്കുടി**
**ഡയറ്കടർ**

# ഡി.സി.എം.എസ്.

- 06.07.2021 ൽ ഡി.സി.എം.എസ്. രൂപതാ കമ്മറ്റി ഓൺലൈൻ ആയി നടത്തപ്പെട്ടു.
- കാഞ്ഞിരപ്പള്ളി രൂപത മുൻ സെക്രട്ടറി ശ്രീ. ബേബി പാറയ്ക്കലിന്റെ നിര്യാണത്തിൽ രൂപതാ കമ്മറ്റി അനുശോചിക്കുകയും ചരമദിനത്തിൽ രൂപതാ ഡയറക്ടർ ആനക്കല്ല് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ച് വീട്ടിലെ പ്രാർത്ഥനാ ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തു.
- KCBC, S.C., ST/B.C കമ്മീഷന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ മലങ്കര പാസ്റ്ററൽ സെന്ററിൽ വച്ച് കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസ്. പ്രവർത്തനമായ 'ഒരു പിടി' എന്ന ചാരിറ്റി പ്രവർത്തനത്തെ അംഗീകരിച്ച് രൂപതാ പ്രസിഡന്റിനേയും രൂപതാ ഡയറക്ടറേയും ആദരിക്കുകയും ചെയ്തു. യോഗത്തിൽ KCBC, S.C., ST/B.C ചെയർമാൻ മാർ ജേക്കബ് മുരിക്കൻ, ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവ്, മാർ തെയഡോഷ്യസ് പിതാവ് എന്നിവർ പങ്കെടുത്തു.
- ജൂലൈ 2 ന് കോട്ടയത്ത് ഫാ. സ്റ്റാൻ സ്വാമി അനുസ്മരണ പ്രാർത്ഥനാശുശ്രൂഷയിൽ രൂപതയിൽ നിന്നും ഡയറക്ടറച്ചൻ പങ്കെടുത്തു. നല്ലിടയൻ പള്ളിയിൽ നടന്ന പ്രാർത്ഥനാശുശ്രൂഷയ്ക്ക് ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം, മാർ

ജേക്കബ് മുരിക്കൻ, മാർ സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ എന്നിവർ നേതൃത്വം നൽകി.

- കഴിഞ്ഞ 6 വർഷക്കാലം ഡി.സി.എം.എസ്. ന്റെ സംസ്ഥാന ഡയറക്ടർ ആയി ശുശ്രൂഷ ചെയ്ത് തൽസ്ഥാനത്തുനിന്ന് വിരമിച്ച ഫാ. ഷാജ് കുമാറിന് നന്ദിയും പുതുതായി സംസ്ഥാന ഡയറക്ടർ ആയി നിയമിതനായ ഫാ. ജോസഫ് വടക്കേക്കുറ്റിന് സ്വാഗതവും കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസി.ന്റെ പേരിൽ നേർന്നു.
- 'ഒരു പിടി' എന്ന ചാരിറ്റി ശുശ്രൂഷ പൊടിമറ്റം ഇടവകയിൽ നടത്തി. 200 ഓളം കുടുംബങ്ങൾക്ക് സൗജന്യമായി ഭക്ഷ്യകിറ്റുകൾ നല്കി. പൊടിമറ്റം ഇടവകയിൽ നിന്നും സാമ്പത്തിക സഹായവും ലഭിച്ചിരുന്നു.
- Rs. 80,000/- തുകയുടെ ഭക്ഷ്യകിറ്റുകളാണ് നൽകിയത്. നേതൃത്വം കൊടുത്ത വിൻസെന്റ് ആന്റണിക്കും പൊടിമറ്റം വികാരി റവ. ഫാ. മാർട്ടിൻ വെള്ളിയാംകുളത്തിനും കൈക്കാരന്മാർക്കും കൂട്ടായ്മാ ലീഡേഴ്സിനും നന്ദി.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

നിരന്തര പ്രാർത്ഥനകളിലൂടെയും ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെയും ദാനധർമ്മങ്ങളിലൂടെയും കോവിഡ് മഹാമാരിയെ നിയന്ത്രിക്കുവാനുള്ള ദൈവകരുണയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങളിലാണ് ഫ്രാൻസിസ്കൻ അൽമായ സഭാംഗങ്ങൾ.

സാധിക്കുന്ന ആളുകൾ ദൈവാലയത്തിൽ എത്തിയും അല്ലാത്തവർ ഓൺലൈനുകളിലൂടെയും വിശുദ്ധ കുർബാനയിലും ആരാധനകളിലും ധ്യാനങ്ങളിലും സജീവമായി പങ്കുചേരുന്നു.

വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ആവശ്യമായ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള സാധനങ്ങൾ കുട്ടികൾക്കു വാങ്ങി നൽകുന്നതിലും രോഗികൾക്കും ദുരിതമനുഭവിക്കുന്നവർക്കും സാധിക്കുന്നത്ര സഹായങ്ങൾ നൽകുവാൻ സഭാംഗങ്ങൾ പ്രത്യേകം താത്പര്യം കാണിച്ചുവരുന്നു.

സമൂഹത്തിലെ അധഃസ്ഥിതരുടെ ഉന്നമനത്തിനായി മിഷൻ പ്രവർത്തനങ്ങൾ നടത്തിയിരുന്ന ഫാ. സ്റ്റാൻ സ്വാമിയുടെ ദാരുണമായ മരണത്തിൽ ദുഃഖം രേഖപ്പെടുത്തുകയും പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

ഡൽഹി അന്ധേരിയ മോഡലിലുള്ള ക്രൈസ്തവ ദൈവാലയം നശിപ്പിച്ചതിലുള്ള ദുഃഖവും പ്രതിഷേധവും രേഖപ്പെടുത്തുന്നതോടൊപ്പം പുനഃസ്ഥാപിക്കുവാൻ അധികാരികൾക്ക് മനഃപരിവർത്തനം ഉണ്ടാകാൻ വേണ്ടി സഭാംഗങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ക്രൈസ്തവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ കണ്ടെത്തുന്നതിനും ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി നിയമിതനായിട്ടുള്ള ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ സഭാംഗങ്ങൾ ഓരോ മേഖലകളിലെയും അവസ്ഥകളും ആവശ്യങ്ങളും ഇടവകയോട് ബന്ധപ്പെട്ട് എഴുതി അറിയിക്കേണ്ട ആവശ്യകത ബോദ്ധ്യപ്പെടുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കോവിഡ് 19-ന്റെ വ്യാപനം തീരുന്നതുവരെ എല്ലാ അംഗങ്ങളും ദൈനംദിന പ്രാർത്ഥനകൾ വീടുകളിൽ തന്നെ നടത്തിവരുന്നു. കോവിഡ് വ്യാപനം കുറയുന്ന മുറയ്ക്ക് മാത്രമേ ഭാതൃത്വ കൂട്ടായ്മകൾ കൂടേണ്ടതുള്ളു എന്ന് ഓർമ്മിപ്പിക്കുന്നു. രൂപതാതലത്തിൽ ആഗസ്റ്റ് മാസം 8-ാം തീയതി രണ്ടാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ ഓഫീസിനോട് ചേർന്നുള്ള ഹാളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന യോഗം ലോക്ഡൗൺ പിൻവലിച്ചാൽ മാത്രമേ ഉണ്ടായിരിക്കുകയുള്ളു എന്ന് എല്ലാ ഭാതൃത്വ അംഗങ്ങളേയും പ്രത്യേകം അറിയിക്കുന്നു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

കോവിഡ് എന്ന മഹാമാരിയുടെ രണ്ടാം തരംഗം വളരെ തീവ്രമായിട്ടാണ് നമ്മുടെ ഇടയിൽ കാണപ്പെടുന്നത്. കഴിഞ്ഞ പ്രാവശ്യത്തേക്കാൾ രോഗവ്യാപന നിരക്ക് വളരെ കൂടുതലായിട്ടാണ് അനുഭവപ്പെടുന്നത്. പ്രായമായവരിലും മറ്റു രോഗമുള്ളവരിലും തീവ്രത കൂടുതലാണ്. എന്നാൽ വാക്സിൻ എടുക്കുന്നവരിൽ രോഗം വന്നാലും തീവ്രത കുറവായിട്ടാണ് കാണുന്നത്. അതിനാൽ ആരോഗ്യവകുപ്പും സർക്കാരും നൽകുന്ന മുൻകരുതലുകൾ നാം പാലിക്കേണ്ടതാണ്. ഇനിയും വാക്സിൻ എടുക്കാത്തവർ എത്രയും വേഗം എടുക്കുകയും നമ്മുടെ ആൾക്കാർക്ക് ഇക്കാര്യത്തിൽ വേണ്ട സാങ്കേതികസഹായം ചെയ്തു കൊടുക്കുകയും വേണം. നാം കൂടുതൽ ജാഗരൂകരാകേണ്ടിയിരിക്കുന്നു. ദൈവാലയത്തിൽ വളരെ പരിമിതമായ ആൾക്കാർക്കു മാത്രമാണ് പ്രവേശനം അനുവദിച്ചിരിക്കുന്നത്. അതിനാൽ കോൺഫ്രൻസ് യോഗങ്ങൾ കൂടുന്നത് അവരവരുടെ പ്രദേശത്തിന്റെ അവസ്ഥ അനുസരിച്ച് മാത്രം ചെയ്യേണ്ടതാണ്. നമ്മുടെ ദത്തുകുടുംബസഹായം മുടങ്ങാതിരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ കോവിഡ് വന്ന് കഷ്ടതയനുഭവിക്കുന്ന ധാരാളം കുടുംബങ്ങൾ നമ്മുടെ ഇടയിൽ ഉണ്ട്. അവരെയും സഹായിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. ഈ മഹാമാരി നമ്മുടെയിടയിൽ നിന്ന് മാറിപ്പോകുന്നതിനായി പ്രത്യേകം പ്രാർത്ഥിക്കണമെ.

2021 ജൂലൈ 20-ന് സിസി വനിതാ പ്രതിനിധികൾക്കായി നടത്തപ്പെട്ട ദേശീയ വനിതാ സെമിനാറിൽ നമ്മുടെ സിസി പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കേരളാ റീജിയണൽ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 2021 ആഗസ്റ്റ് 1-ന് വൈകുന്നേരം 4 മണിക്ക് നടത്തപ്പെടുന്ന വനിതാ സമ്മേളനം ദേശീയ പ്രസിഡന്റ് ബ്ര. ജൂഡ് മംഗൾ രാജ് ഉദ്ഘാടനം ചെയ്യുന്നതാണ്. എഫ്.ഐ.എച്ച് കോൺഗ്രിഗേഷൻ മദർ ജനറാൾ റവ.സി. റെക്സിയാ മേരി സെമിനാർ നയിക്കുന്നതാണ്. നാഷണൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി സി. ജോളി സെബാസ്റ്റ്യൻ മുഖ്യ പ്രഭാഷണം നടത്തുന്നതുമാണ്. പ്രസ്തുത സമ്മേളനത്തിൽ സിസി വനിതാ പ്രതിനിധികൾ പങ്കെടുക്കും.

**സെക്രട്ടറി**

---

## ആദരാഞ്ജലികൾ



ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി രൂപതാ പ്രസിഡന്റും
പാസ്റ്ററൽ കൗൺസിൽ അംഗവുമായ
**അരുവിക്കര ചാക്കോയ്ക്ക്**
രൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ

# വിമല പബ്ലിക്കേഷൻസ്

**പുത്തൻപുസ്തകം**

**1. നിശ്ശബ്ദഗായകൻ : ഡോ. ജോർജ്ജ് കുഴിപ്പള്ളിൽ**

പേജ്: 104/ പതിപ്പ്:1/ വില: 110

ജീവിതത്തിലെ പ്രതികൂലസാഹചര്യങ്ങളെയും വെല്ലുവിളികളെയും സധൈര്യം എങ്ങനെ നേരിടാമെന്നതിന് നമുക്കു മാർഗ്ഗദീപമേകിയ വി. യൗസേപ്പിതാവ് പകർന്നു നൽകിയ ജീവിതമൂല്യങ്ങൾ 15 അധ്യായങ്ങളിലൂടെ വിവരിച്ചൊരുക്കിയ കൃതി. തന്റെ ജീവിതാനുഭവങ്ങളിൽ നിന്നും പഠനങ്ങളിൽ നിന്നും സ്വാംശീകരിച്ച അറിവുകളും ആശയങ്ങളും ഉൾപ്പെടുത്തി രൂപപ്പെടുത്തിയ അക്ഷരക്കൂട്ടുകൾ. കുടുംബനാഥന്മാർക്കും, സൺഡേസ്കൂൾ അധ്യാപകർക്കും, കുട്ടികൾക്കും ധ്യാനത്തിനും വിചിന്തനത്തിനും ഉപകരിക്കുന്ന ഉത്തമഗ്രന്ഥം.

**പണിപ്പുരയിൽ**

1. കുപ്പായം : ബ്രദർ അനീഷ് മാളിയേക്കൽ
2. വെളിച്ചത്തിന്റെ പോരാളികൾ: ഫാ. നൗജിൻ
3. അലറുന്ന അരയന്നങ്ങൾ: വിൻസെന്റ് ആനിക്കാട്
4. സൗഹൃദതാളം : ഫാ. ജിപ്സൺ ഇടപ്പുളവൻ

**ഫാ. ജസ്റ്റിൻ മതിയത്ത്**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ (1098)**

ജൂൺ - ജൂലൈ മാസങ്ങളിൽ 25 കേസുകൾ റിപ്പോർട്ട് ചെയ്തു. 21 കേസുകൾ CWC യിൽ സബ്മിറ്റ് ചെയ്തു. പ്രത്യേക 4 കേസുകൾക്ക് ആവശ്യമായ കൗൺസിലിംഗ് നല്കുകയും ചെയ്യുക യുണ്ടായി.

**Open House (Online)**

കോരുത്തോട് പഞ്ചായത്തിലെ 24 അംഗൻവാടികൾ കേന്ദ്രീ കരിച്ചുള്ള കുട്ടികൾക്ക് Open House എന്ന പരിപാടി നടത്തി. അവ രുടെ പ്രശ്നങ്ങൾ തുറന്നുപറയുവാനും, പരിഹാരം നിർദ്ദേശിക്കുവാ നുമുള്ള കുട്ടികൾക്കുവേണ്ടിയുള്ള ഒരു പരിപാടിയാണ് ഓപ്പൺ ഹൗസ്. കോരുത്തോട് പഞ്ചായത്ത് പ്രസിഡന്റ്, പോലീസ് ഉദ്യോ ഗസ്ഥർ, എക്സൈസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ, ആരോഗ്യ പ്രവർത്തകർ, അംഗൻവാടി ടീച്ചേഴ്സ് എന്നിവരെല്ലാം ഈ പരിപാടി യിൽ പങ്കെടുത്തു. കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഇവർ നൽകുകയും ചെയ്തു. 65 പേർ ഈ പരിപാടിയിൽ പങ്കെടുത്തു.

**ബോധവത്ക്കരണ ക്ലാസ്**

Child line support - ന്റെ നേതൃത്വത്തിൽ ചൈൽഡ് ലൈനിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും ബോദ്ധ്യപ്പെടുത്തുവാനായി കോരുത്തോട് ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് ഓൺലൈൻ വഴി ഒരു ബോധവൽക്കരണ ക്ലാസ് നട ത്തി. POSCO നിയമത്തെക്കുറിച്ച് കോട്ടയം കൊളാബ് ഓഫീസിലെ അലീനാ പീറ്റർ ക്ലാസ് നയിച്ചു. എല്ലാ മെമ്പർമാരും ഈ പരിപാടി യിൽ പങ്കെടുത്തു.

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് സഹായം**

കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സൊസൈറ്റി 1,39,381/- രൂപ ചെലവഴിച്ചു.

**ചികിത്സാ സഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് ആരോഗ്യസംരക്ഷണത്തിനായി മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി 4,10,500/- രൂപ നൽകി.

**ഭവനനിർമ്മാണ സഹായം**

പെരുവന്താനം, പാറത്തോട്, വണ്ടൻപതാൽ, ഉപ്പുതറ, വെളിച്ചിയാനി, നാരങ്ങാനം എന്നീ സ്ഥലങ്ങളിലുള്ള നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 9,50,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 4,60,519/- രൂപ ചിലവഴിച്ചു.

---

## Special Care Homes & Charitable Institutions

**പ്രത്യേക സഹായം**

2 കുട്ടികൾക്ക് മെഡിക്കൽ ഹെൽപ്പും 2 പേർക്ക് ന്യൂട്രിഷനും വിതരണം നടത്തി.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

**മലനാട് ജീവകാരുണ്യ പദ്ധതി – 'കരുതൽ'**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും കിടപ്പുരോഗികൾക്കായി നടപ്പിലാക്കുന്ന കരുതൽ ജീവകാരുണ്യ പദ്ധതിയിലേയ്ക്ക് 4,24,500/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കായി 4,07,460/- രൂപ ചിലവഴിച്ചു.

**ഇൻഫാം**

**ഇൻഫാം മാർക്കറ്റിംഗ് സെൽ സമ്മേളനം**

ഇൻഫാം മാർക്കറ്റിംഗ് സെൽ വിഭാഗത്തിന്റെ സമ്മേളനം എം. ഡി.എസി.ൽ നടന്നു.

**ഇൻഫാം കാർഷിക ജില്ലാ എക്സിക്യൂട്ടീവ് യോഗം**

ഇൻഫാം കാർഷിക ജില്ലാ പ്രസിഡന്റ് ശ്രീ. എബ്രാഹം മാത്യു പന്തിരുവേലിയുടെ അധ്യക്ഷതയിൽ കാർഷിക ജില്ലാ എക്സിക്യൂട്ടീവ് യോഗം എം.ഡി.എസിൽ ചേർന്നു. ഫാ. വർഗ്ഗീസ് കുളമ്പള്ളി, ഫാ. ജെയിംസ് വെൺമാന്തറ, ഫാ. റോബിൻ പട്രക്കാലായിൽ, ഫാ. ജിൻസ് കിഴക്കേൽ, ഫാ. മാത്യു നിരപ്പേൽ, ബെന്നി വരിക്കമാക്കൽ, ജോയി കട്ടക്കയം, ജോസ് പതിക്കൽ, ഷാബോച്ചൻ മുളങ്ങാശ്ശേരി, ജോസ് താഴത്തുപീടിക, ജെയ്സൺ ജോസഫ്, നെൽവിൻ സി. ജോയി, സിജോ ടി ജോൺ എന്നിവർ പങ്കെടുത്തു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്മെൻ്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ, ജൂലൈ മാസങ്ങളിലായി വിവിധ ഗ്രാമതലങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി ഡി എസ് ഓർഗാനിക് സ്പൈസസ്**

Export: ജൂൺ, ജൂലൈ മാസങ്ങളിലായി USA യിലേക് 2 കൺസൈമെന്റും, കാനഡയിലേക്ക് 1 കൺസൈമെന്റ് വീതവും നടന്നു.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

കോവിഡ് പശ്ചാത്തലത്തിൽ റീജണൽ മീറ്റിങ്ങുകളും മറ്റ് ഗ്രാമതല പ്രവർത്തനങ്ങളും വീഴ്ച കൂടാതെ, കോവിഡു മാനദണ്ഡം പാലിച്ചും, ഓൺലൈൻ വഴിയായും നടത്തിപ്പോരുന്നു..

**ഹൈടെക് കോഴിക്കൂട് വിതരണം**

സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്ക് വരുമാനദായക പദ്ധതികൾ കണ്ടെത്തുന്നതിന്റെ ഭാഗമായുള്ള ഹൈടെക് കോഴിക്കൂടുകൾ 7 എണ്ണം കാഞ്ഞിരപ്പള്ളി, മുണ്ടക്കയം മേഖലകളിലേ വിവിധ യൂണിറ്റുകളിൽ വിതരണം ചെയ്തു.

**കർഷക ഉത്പാദക സംഘം**

നബാർഡും നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനും സഹകരിച്ച്, 7 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കാർഷക ഉത്പാദക കമ്പനികൾ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും, രജിസ്ട്രേഷൻ നടപടികളും ആരംഭിച്ചു. കൂടാതെ ജൈവ കർഷകർക്കായുള്ള രണ്ട് കാർഷക ഉൽപ്പാദക കമ്പനികൾ ഇടുക്കി, അടിമാലി ബ്ലോക്കുകൾ കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിനുള്ള അനുമതി നബാർഡിൽ നിന്നും ലഭിച്ചു.

**സംരംഭകത്വ പരിശീലനം**

കൂൺ കൃഷി, ആട്, തേനീച്ച, കോഴി വളർത്തൽ, എന്നീ സംരംഭങ്ങളുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ, പത്ത് ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി കട്ടപ്പന, കുമളി, മുണ്ടക്കയം മേഖലകളിലെ 5 യൂണിറ്റുകളിലായി നടത്തുന്നതിലേക്കുള്ള പദ്ധതിക്കായി നബാർഡിൽ നിന്നും അനുമതി ലഭിച്ചു.

**പഠനോപകരണങ്ങൾ വിതരണം ചെയ്തു**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വളരെയേറെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്കായി മൊബൈൽ ഫോണുകളും മറ്റ് പഠന ഉപകരണങ്ങളും നൽകുവാൻ സാധിച്ചത് അഭിമാനാർഹമായ നേട്ടം ആയി കരുതുന്നു.

**വന ജ്യോതിസ്**

**പ്രോജക്ട് ഏറിയ**: കോഴിമല, കണ്ണംപടി, കൊമ്പുകുത്തി ട്രൈബൽ കോളനികൾ. ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കി വരുന്ന വനജ്യോതിസ് പദ്ധതിയിലുൾപ്പെടുത്തി ഈ മാസം 3 കിണറുകളുടെ നവീകരണം നടപ്പിലാക്കി.

**സാമ്പത്തിക സഹായങ്ങൾ**

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റി വഴിയായി ഈമാസം നൽകിയ സാമ്പത്തിക സഹായങ്ങൾ: ഭവന നിർമ്മാണം 1,05,000/-, ചികിത്സാ സഹായം 35,000/- മറ്റ് ധനസഹായങ്ങൾ 7,550/-

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ, ജൂൺ, ജൂലൈ മാസങ്ങളിലായി 29 കേസുകൾ രജിസ്റ്റർ ചെയ്തു. അവർക്ക് ആവശ്യമായ കൗൺസലിങ് സേവനം ടെലി കൗൺസിലിംഗ് വഴിയായി ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**

**ഡയറക്ടർ**

# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**ജൂലൈ 2021**

1 ആനിക്കാട് ഇടവകയിൽ ബഹു. റൂബിൻ തോട്ടുപുറം അച്ചന്റെ വത്സല പിതാവ് നിര്യാതനായ T.T. ജോസിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

2 കത്തീഡ്രൽ ഇടവകയിൽ നിര്യാതയായ സിസിലി ഞാവള്ളിയുടെ മൃതസംസ്ക്കാര ചടങ്ങിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

3 ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് കത്തീഡ്രൽ പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

4 സുവാറയുടെ വെബിനാറിൽ പങ്കെടുത്തു.

5 DARE - ന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

6 ഇഞ്ചിയാനി സ്നേഹദീപം ആശ്രമത്തിൽ വി. കുർബാന അർപ്പിച്ചു.

7 തമ്പലക്കാട് പെനുവേൽ ആശ്രമത്തിന്റെ രജതജൂബിലി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

8 കട്ടപ്പന ഇടവകയിൽ ഒരു കുഞ്ഞിന് മാമ്മോദീസാ നൽകി.

9 അമൽജ്യോതി കോളേജിന്റെ Board of directors ന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

10 പൊടിമറ്റം നിർമ്മല തിയോളജിക്കൽ സെന്ററിന്റെ റൂബി ജൂബിലിയോട് അനുബന്ധിച്ച് സന്യാസ അർത്ഥിനികൾക്ക് ക്ലാസ് നൽകി.

11 ചിറക്കടവ് ഇടവകയിൽ ബഹു. തോമസ് കുന്നപ്പള്ളി അച്ചന്റെ

18-ാം ചരമവാർഷികത്തോട് അനുബന്ധിച്ച് കബറിടത്തിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

11 കപ്പാട് ബനഡിക്റ്റൻ ആശ്രമത്തിൽ ആബട്ട് ആയി പുതുതായി നിയമിതനായ ബഹു. ക്ലെമന്റ് എട്ടാണിയിൽ അച്ചന്റെ സ്ഥാനാരോഹണ കർമ്മത്തിൽ സഹകാർമ്മികത്വം വഹിച്ചു.

12 കാഞ്ഞിരപ്പള്ളിയിൽ ഒരു Audit Firm വെഞ്ചരിച്ചു.

13 കപ്പാട് ബനഡിക്റ്റൻ ആശ്രമത്തിൽ പൗരോഹിത്യ പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയ 4 പേർക്ക് കാറോയ, ഹെവുപ്പദ്യാക്ക്ന പട്ടങ്ങൾ നൽകി.

14 കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ ഒരു വിവാഹം ആശീർവദിച്ചു

15 പൊടിമറ്റം സെന്റ് മേരീസ് ദൈവാലയത്തിൽ കർത്താവിന്റെ ദാസിയുടെ ദാസികൾ എന്ന സന്യാസ ആശ്രമത്തിലെ 2 സന്യാസ അർത്ഥിനികളുടെ നിത്യവ്രതവും ഒരു അർത്ഥിനിയുടെ സഭാവസ്ത്രസ്വീകരണവും നടത്തി.

16 കർമ്മല മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് പൊടിമറ്റം കർമ്മലീത്താ പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

\- പാപ്പുവ ന്യൂഗിനിയയിലെ ഐതപ്പെ രൂപതയുടെ നിയുക്ത മെത്രാൻ അഴങ്ങാട് ഇടവകാംഗമായ അഭിവന്ദ്യ സിബി മാത്യു പീടികയിൽ പിതാവിന് പാസ്റ്ററൽ സെന്ററിൽ വച്ച് നൽകിയ അനുമോദന സമ്മേളനത്തിൽ പങ്കെടുത്തു.

16 കാഞ്ഞിരപ്പള്ളിയിൽ പുതുക്കി നിർമ്മിക്കുന്ന കർമ്മലീത്താ മഠത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

\- തൃശൂർ വിമല കോളേജിന്റെ സ്റ്റാഫിനായുള്ള ഓൺലൈൻ ധ്യാനം നടത്തി.

\- മരിയൻ കോളേജിൽ വച്ച് നടന്ന ശ്രീ. മൈക്കിൾ കള്ളിവയലിന്റെ അനുസ്മരണ ചടങ്ങിൽ പങ്കെടുത്ത് സ്മരണകൾ പങ്കുവച്ചു.

17 ഇഞ്ചിയാനി സ്നേഹദീപം ആശ്രമത്തിൽ വി. കുർബാന അർപ്പിച്ചു.

21 ചെങ്ങളം ഇടവകയിൽ നിര്യാതനായ ബഹുമാനപ്പെട്ട

ആന്റണി നിരപ്പേൽ അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിലെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

18-23 ആലപ്പുഴ ലത്തീൻ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം നടത്തി.

24 പൊടിമറ്റം സെന്റ് ജോൺസ് കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

– Grand Parent's day യോട് അനുബന്ധിച്ചു നടന്ന വെബിനാറിൽ പങ്കെടുത്തു.

26 കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

– കാരിത്താസ് ഇൻഡ്യയുടെ വെബിനാറിൽ പങ്കെടുത്തു.

27 Theological Forum - ന്റെ വെബിനാറിൽ പങ്കെടുത്തു.

– കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

28 പാലമ്പ്ര ഹോളി ക്രോസ് കോൺവെന്റിൽ ജൂബിലിയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

29 കാഞ്ഞിരപ്പള്ളി സെന്റ് മർത്താസ് കോൺവെന്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

– പാലാ മുത്തോലിയിൽ വച്ചു നടന്ന KSSF - ന്റെ വാർഷിക ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

31 ഗ്ലോബൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന വെബിനാറിൽ പങ്കെടുത്തു.

– SMCA Kuwait - ഒരുക്കിയ വെബിനാറിൽ പങ്കെടുത്തു.

## മാർ മാത്യു അറയ്ക്കൽ

### ജൂലൈ 2021

3 ദുക്റാന തിരുനാളിനോടനുബന്ധിച്ച് പോത്തുപാറ സെന്റ് ജൂഡ് കുരിശുപള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

4 ബോംബെ കത്തോലിക്കാ സഭ ഓൺലൈനായി സംഘടിപ്പിച്ച All India Catholic Union Working Committee മീറ്റിംഗിൽ പങ്കെടുത്ത് ഉദ്ഘാടന സന്ദേശം നൽകി.

5 മുറിഞ്ഞപുഴ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

8 പൊടിമറ്റം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

9 അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ അക്കാദമിക് ബോർഡ് ഓഫ് ഗവേണ്സിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

10 കോതമംഗലം രൂപതയിലെ ഉടുമ്പന്നൂർ ഇടവകയിൽ അഭിവന്ദ്യ മാർ മാത്യു വാണിയകിഴക്കേൽ പിതാവിന്റെ വത്സലപിതാവിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ പങ്കെടുത്തു.

13 കാലം ചെയ്ത മാർ ബസേലിയോസ് മാർ തോമാ പൗലോസ് രണ്ടാമൻ കത്തോലിക്കാ ബാവായ്ക്ക് കോട്ടയം ദേവലോകം അരമനയിലെത്തി ആദരാഞ്ജലികളർപ്പിച്ചു.

15 പാപ്പുവ ന്യൂഗിനിയയിലെ ഐതപ്പെ രൂപതയുടെ നിയുക്ത മെത്രാൻ അഴങ്ങാട് ഇടവകാംഗമായ അഭിവന്ദ്യ സിബി മാത്യു പീടികയിൽ പിതാവിന് പാസ്റ്ററൽ സെന്ററിൽ വച്ച് നൽകിയ അനുമോദന സമ്മേളനത്തിൽ പങ്കെടുത്തു.

16 അന്തരിച്ച ശ്രീ. മൈക്കിൾ കള്ളിവയലിലിന്റെ അനുസ്മരണാർത്ഥം കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടത്തിയ അനുസ്മരണ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി.


18 താമരക്കുന്ന് സെന്റ് എഫ്രേംസ് ഇടവകയിലെ മാതാപിതാക്കൾക്കും യുവജനങ്ങൾക്കും വേണ്ടി നടത്തിയ ഓൺലൈൻ കൂട്ടായ്മ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

21 ചെങ്ങളം ഇടവകയിൽ നിര്യാതനായ ബഹു. ആന്റണി നിരപ്പേലച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

26 ബഹു. റീജൻസിക്കാരുടെ മാസധ്യാനത്തോടനുബന്ധിച്ച് ധ്യാനചിന്തകൾ പങ്കുവച്ചു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## August - 2021

| Date | Programme | Place | Time |
|---|---|---|---|
| 2 - 6 | KCBC Retreat | Online | |
| 4 | Holy Qurbana | Minor Seminary | 6:00 am |
| 11 | Holy Qurbana | FCC Provincial House | 6:30 am |
| 15 | Holy Qurbana | Santhigiri | 10:00 am |
| 16-27 | Synod | | |



amala
OFFSET PRESS

BOOKS • MAGAZINE • BROCHURE • FLYERS • NEWSLETTER

Opp. Federal Bank, Thampalakadu Road,
Kanjirapally 686 507,Kottayam Dt. Kerala
Phone : 04828 20 46 54 amalapressd@gmail.com

## 2021 ആഗസ്റ്റ്
## കൈത്താക്കാലം – ഏലിയാ – സ്ലീവാ – മൂശ കാലങ്ങൾ

| | | |
|---|---|---|
| 1 | ഞായർ | ✠ കൈത്താക്കാലം നാലാം ഞായർ<br>നിയ. 5:16–24, ഏശ. 9:13–21,<br>2 കോറി. 10:12–18, മർക്കോ. 7:1–13 |
| 2 | തിങ്കൾ | യാക്കോ 5:1–6, ലൂക്കാ. 18:25–30 |
| 3 | ചൊവ്വ | യാക്കോ 5:7–12, മർക്കോ. 13:24–31 |
| 4 | ബുധൻ | 2 കോറി 13:1–4, മത്താ. 9:35–10:1 |
| 5 | വ്യാഴം | യാക്കോ 4:7b–12, ലൂക്കാ 12:49–53 |
| 6 | വെള്ളി | ഹെബ്രാ 12:18–29, മത്താ. 17:1–9 |
| 7 | ശനി | 2 തെസ 2:5–12, മത്താ. 11:20–24 |
| 8 | ഞായർ | ✠ കൈത്താക്കാലം അഞ്ചാം ഞായർ<br>ലേവ്യ 23:33–44, ഏശ. 28:14–22,<br>2 കോറി. 12:14–21, ലൂക്കാ. 16:19–31 |
| 9 | തിങ്കൾ | 2 തിമോ 3:10–17, മർക്കോ. 4:26–34 |
| 10 | ചൊവ്വ | 2 തിമോ. 4:1–6, യോഹ. 4:27–38 |
| 11 | ബുധൻ | 1 തിമോ. 6:17–21, മത്താ. 7:15–20 |
| 12 | വ്യാഴം | 2 പത്രോ 1:10–15, മർക്കോ 10:35–45 |
| 13 | വെള്ളി | ഹെബ്രാ 11:32–12:2, മത്താ 10:16–25 |
| 14 | ശനി | 2 തെസ 2:1–4, മർക്കോ 13:3–13 |
| 15 | ഞായർ | ✠ കൈത്താക്കാലം ആറാം ഞായർ<br>ലേവ്യർ 19:1–4, 9 –14, ഏശ. 29:19–24,<br>1 തെസ. 2:1–12, ലൂക്കാ. 17:11–19<br>പരി. കന്യകാമറിയത്തിന്റെ<br>സ്വർഗ്ഗാരോപണത്തിരുനാൾ<br>പുറ 15:11–18, ശ്ലീഹ 1:6–14,<br>റോമാ 16:17–27, യോഹ 2:1–12 |
| 16 | തിങ്കൾ | 1 യോഹ 4:7–11, ലൂക്കാ. 6:43–45 |
| 17 | ചൊവ്വ | 1 തെസ. 3:2–6, മത്താ. 9:18–26 |
| 18 | ബുധൻ | 1 തെസ. 5:1–11, മത്താ. 24:37–44 |
| 19 | വ്യാഴം | റോമ. 15:14–21, മത്താ. 12:46–50 |
| 20 | വെള്ളി | എഫേ. 4:7–12, യോഹ. 15:18–25 |
| 21 | ശനി | 1 യോഹ. 2:1–6, ലൂക്കാ 21:5–6, 20–24 |
| 22 | ഞായർ | ✠ കൈത്താക്കാലം ഏഴാം ഞായർ<br>ലേവ്യർ 19:15–18, ഏശ. 33:1–15,<br>1 തെസ. 2:14–20, ലൂക്കാ. 18:1–8 |
| 23 | തിങ്കൾ | 1 യോഹ 4:1–6 മർക്കോ 13:14–23 |
| 24 | ചൊവ്വ | യാക്കോ. 2:9–13, ലൂക്കാ. 14:1–6 |
| 25 | ബുധൻ | റോമ. 14:7–9, മർക്കോ. 5:1–13 |
| 26 | വ്യാഴം | 2 തെസ. 3:6–12, മത്താ. 13:10–17 |
| 27 | വെള്ളി | റോമ. 8:26–30, മർക്കോ. 10:13–16 |
| 28 | ശനി | 2 തെസ 3:13–18, മർക്കോ. 2:13–17 |
| 29 | ഞായർ | ✠ ഏലിയാ സ്ലീവ മൂശ ഒന്നാം ഞായർ<br>നിയ. 6:20–25, ഏശ. 31:4–9,<br>2 തെസ. 1:3–10, ലൂക്കാ. 18:35–43 |
| 30 | തിങ്കൾ | 2 കോറി 12:1–6, ലൂക്കാ. 12:35–40 |
| 31 | ചൊവ്വ | ഗലാ 3:15–20, ലൂക്കാ. 9:23–27 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654